# REEHO D'EVANGELION


## സുവിശേഷത്തിന്റെ പരിമളം

ܪܝܚܐ ܕܐܘܢܓܠܝܘܢ

മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘ പ്രസിദ്ധീകരണം  വാല്യം : 2  ലക്കം : 1  ജനുവരി 2016  പേജ് 16  ത്രൈമാസിക


# സുവിശേഷസംഘം
## 'ദൈവസമ്പാദന' ത്തിനുള്ള വിളിയും 'ദൈവസേവന'ത്തിനുള്ള ദൗത്യവും

**മോസ്റ്റ് റവ. തോമസ് മാർ അന്തോണിയോസ്**



മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സുവിശേഷസംഘത്തിന്റെ വിത്തുപാകൽ ആരംഭിച്ചിട്ട് മൂന്നു വർഷത്തോളമായി. 2011-ൽ നടന്ന മലങ്കര സുറിയാനി കത്തോലിക്കാ അസംബ്ലിയിലൂടെയും മലങ്കര കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സുന്നഹദോസിലൂടെയും ഉഴുതുപാകപ്പെടുത്തിയ നിലത്താണ് 2012 ഫെബ്രുവരിയിൽ സുവിശേഷസംഘത്തിന്റെ വിത്ത് ആദ്യമായി വിതയ്ക്കപ്പെടുന്നത്. 2012 സെപ്തംബർ 21-ാം തീയതി നടന്ന കൈവയ്പ് ശുശ്രൂഷയിലൂടെ 28 സംഘാംഗങ്ങൾ വിവിധ സ്ഥലങ്ങളിലേക്ക് പറിച്ചു നടാൻ തക്കവിധം പാകപ്പെട്ടിരുന്നു. പറിച്ചു നടപ്പെട്ട സ്ഥലങ്ങളിലെല്ലാം നല്ല വേരോട്ടത്തോടെ ആഴ്ന്നിറങ്ങി പടർന്നു പന്തലിക്കാൻ ആരംഭിച്ചിരിക്കുന്നു. സഭാതലത്തിലും ഭദ്രാസനതലങ്ങളിലും വൈദിക ജില്ലകളിലും ഇടവകസമൂഹങ്ങളിലും സുവിശേഷസംഘം വേരുപിടിച്ചു തുടങ്ങിയിരിക്കുന്നു. മൂന്നു വർഷങ്ങൾക്കിപ്പുറം ഇന്നു തിരിഞ്ഞു നോക്കുമ്പോൾ പരിശുദ്ധാത്മ ഇടപെടലിന്റെ നിരന്തരസാന്നിധ്യം സുവിശേഷസംഘത്തിന്റെ രൂപീകരണപ്രക്രിയയിൽ അത്ഭുതാവഹമായി തെളിഞ്ഞുനിൽക്കുന്നു. സുവിശേഷസംഘത്തിന്റെ ആത്മീയജീവിതശൈലിയേയും സുവിശേഷപ്രഘോഷണ ദൗത്യത്തെയും ഞാൻ വിലമതിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 'ദൈവസമ്പാദനം ദൈവസേവനത്തെക്കാൾ അത്യുത്തമം' എന്ന ആപ്തവാക്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവസമ്പാദനത്തിനുള്ള വിളിയായും ദൈവസേവനത്തിനുള്ള ദൗത്യവുമായും സുവിശേഷസംഘത്തെ ഞാൻ മനസിലാക്കുന്നു.

**ദൈവസമ്പാദനത്തിനുള്ള വിളി**

കഴിഞ്ഞ മൂന്നു വർഷത്തെ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ ദൈവസമ്പാദനത്തിന്റെ നാൾവഴികളാണ്. ഖഡ്കി-പൂനെ എക്സാർക്കേറ്റിലെ സുവിശേഷസംഘ രൂപീകരണപ്രക്രിയ അടുത്തു നിന്നു വീക്ഷിക്കുന്ന വ്യക്തി എന്ന നിലയിലും കൂരിയ മെത്രാൻ എന്ന നിലയിൽ സഭാതല സുവിശേഷസംഘരൂപീകരണ പ്രവർത്തനങ്ങളിൽ പലവട്ടം നേരിട്ട് സംബന്ധിച്ചിട്ടുള്ള അനുഭവത്തിലും ഇതുവരെയുള്ള സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങളിൽ ഞാൻ സംതൃപ്തനാണ്. സഭയിലാകമാനം ദൈവസമ്പാദനത്തിന്റെ ആത്മീയനിഷ്ഠയെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കാൻ ഇതിനോടകം നമുക്കു സാധിച്ചിട്ടുണ്ട്. മാർത്താണ്ഡം മുതൽ ഗുഡ്ഗാവ്-ഡൽഹി വരെയുള്ള മലങ്കര കത്തോലിക്കാ ഭദ്രാസനാതിഭദ്രാസനങ്ങളിൽ അനേകം വ്യക്തികൾ സുവിശേഷസംഘത്തിന്റെ ആത്മീയത, അതിന്റെ തനിമയിൽ ജീവിക്കാൻ ആത്മാർത്ഥമായി ബദ്ധപ്പെടുന്നതുകണ്ട് മനസ്സ് നിറഞ്ഞിട്ടുണ്ട്. ദിനംപ്രതിയുള്ള വിശുദ്ധ കുർബാന സ്വീകരണത്തിനും, മൂന്നു നേരമുള്ള യാമപ്രാർത്ഥനകൾക്കും, ദിവസംതോറുമുള്ള ബൈബിൾവായനയ്ക്കും ധ്യാനത്തിനും, 114 ദിവസങ്ങളിലെ നോമ്പിനും, വെള്ളിയാഴ്ച വർജ്ജനയ്ക്കും സുവിശേഷസംഘാംഗങ്ങൾ എടുക്കുന്ന ത്യാഗം ശ്ലാഘനീയമാണ്.

നമ്മുടെ മാതാപിതാക്കൾ നമുക്കായി പങ്കുവച്ച ആത്മീയ ജീവിതത്തിന്റെ ബാലപാഠങ്ങൾ നാം ജീവിതത്തിൽ പ്രാവർത്തിക

*(തുടർച്ച 2-ാം പേജിൽ)*

### ഉൾപേജുകളിൽ


| | |
|---|---|
| സുവിശേഷ പരിമളം ഒഢീഷയിൽ | 3 |
| സുവിശേഷസംഘവും ഹോസ്പിറ്റൽ മിനിസ്ട്രിയും | 5 |
| മുഖമൊഴി | 7 |
| അനുഭവ സാക്ഷ്യം | 7,10,11,12,13,14,16 |
| മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ | 8,9,14 |
| വചനവെളിച്ചത്താൽ പ്രശോഭിതരാകാം! | 10 |
| ധ്യാനചിന്ത | 13 |
| മലങ്കര കത്തോലിക്കാ സഭയുടെ ഒറിസാ മിഷനും- സുവിശേഷസംഘവും | 15 |
| ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു | 16 |




മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് ബാവാ പട്ടം കത്തീഡ്രലിൽ കരുണയുടെ വാതിൽ തുറക്കുന്നു

# യേശുക്രിസ്തു - ദൈവകരുണയുടെ മുഖം

**ഫാ. ഡോ. ജോളി കരിമ്പിൽ**



അനീതിയിലും അക്രമങ്ങളിലും ഭീകരവാഴ്ചയിലും ഉൾച്ചേർന്നിരിക്കുന്ന ആധുനിക ലോകത്തിൽ മനുഷ്യഹൃദയങ്ങളിൽ നിന്നും സംസ്കാരങ്ങളിൽ നിന്നും കരുണയെന്ന പുണ്യം മറഞ്ഞുപോയിരിക്കുന്നു. ചിലരുടെ കരുണാരഹിതമായ ഇടപെടലുകളാൽ മുറിവേറ്റവരായ അനേകർ കരുണയെന്ന ഔഷധത്തിനായി ഇന്ന് ഏറെ ആഗ്രഹിക്കുന്നു. ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെ കരുണയുടെ അസാധാരണ ജൂബിലി വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. ദൈവത്തിന്റെ കരുണയിൽ ആശ്രയിക്കുവാനും യേശുവിലേക്ക് തിരിച്ചുവരുവാനും പാപ്പ ലോകത്തെ ആഹ്വാനം ചെയ്യുന്നു. കാരുണ്യവാനായ ദൈവപിതാവിനെപ്പോലെ കരുണയുള്ളവരായിത്തീരുവാൻ നാമോരുത്തരും പ്രത്യേകമായി വിളിക്കപ്പെട്ടിരിക്കുന്നു (ലൂക്കാ 6:36).

വിശുദ്ധ ഗ്രന്ഥാടിസ്ഥാനത്തിൽ കരുണ എന്തെന്നും, യേശുക്രിസ്തുവിനെ കരുണയുടെ മനുഷ്യാവതാരമായി എങ്ങനെ മനസ്സിലാക്കാമെന്നും സഭയ്ക്ക് എപ്രകാരം കരുണയുടെ ജീവിക്കുന്ന സാക്ഷ്യമായി തീരാമെന്നും കണ്ടെത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**1. കരുണ - പഴയനിയമത്തിൽ**

ഹെബ്രായ പദങ്ങളായ ഹെസദ് (Hesed), റെഹാമിം (Rahamim) എന്നിവയാണ് കരുണയെ സൂചിപ്പിക്കുവാൻ പഴയനിയമം ഉപയോഗിക്കുന്നത്. 'Hesed' എന്ന പദത്തിന്, ആർദ്രസ്നേഹം, ഉടമ്പടിയിലെ വിശ്വസ്തത, ദൈവകൃപ, കരുണ എന്നൊക്കെയാണർത്ഥം, കേവലം വികാരങ്ങൾക്ക് ഉപരിയാണത്. മനുഷ്യവ്യക്തിയിലേക്കുള്ള ദൈവത്തിന്റെ സ്വതന്ത്രവും അലിവാർന്നതുമായ ഒരു കടാക്ഷമായി അതിനെ മനസ്സിലാക്കാം. ദൈവവും ഇസ്രായേലും തമ്മിലുള്ള ഉടമ്പടിയുടെ പശ്ചാത്തലത്തിൽ നമുക്ക് ഈ വാക്കിന്റെ അർത്ഥം വ്യക്തമായി മനസ്സിലാക്കാനാകും.

**ഉടമ്പടിയിലൂടെ വെളിപ്പെടുത്തപ്പെട്ട കരുണ**

ബൈബിളിലെ അടിസ്ഥാനപരമായ ഒരു ആശയമാണ് ഉടമ്പടി എന്നത്. തന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യരുമായി പിതൃസ്നേഹത്തിൽ ഒന്നായിരിക്കുവാനുള്ള ആഗ്രഹമാണ് ഉടമ്പടിയിലൂടെ ദൈവം വ്യക്തമാക്കുന്നത്. ദൈവം മനുഷ്യരെ തന്റെ പുത്രീ-പുത്രന്മാരാക്കുവാൻ ആഗ്രഹിച്ചതിന്റെ പ്രതിഫലനമാണ് "ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ ജനവുമായിരിക്കും" എന്ന ഉടമ്പടി വാചകം (പുറ. 6:6-8, ലേവ്യ. 26:12). ദൈവം എന്നും തന്റെ ജനത്തോടുള്ള ഉടമ്പടിയിൽ വിശ്വസ്തത പാലിച്ചു. എന്നാൽ കാളക്കുട്ടിയെ ആരാധിച്ചുകൊണ്ട് ഇസ്രായേൽ ജനം ദൈവത്തിനെതിരായി പാപം ചെയ്യുകയും ദൈവത്തോട് അവിശ്വസ്തത കാണിക്കുകയും ചെയ്തു. മാനുഷിക നീതിയനുസരിച്ച് പാപം ചെയ്ത എല്ലാ മനുഷ്യരും മരിക്കണം. എന്നിരുന്നാലും മോശ ജനത്തിന്റെ അവിശ്വസ്തതയ്ക്ക് ദൈവത്തോട് മാപ്പു ചോദിക്കുകയും അവരോട് കരുണ കാണിക്കാൻ അപേക്ഷിക്കുകയും ചെയ്തു.

*(തുടർച്ച 2-ാം പേജിൽ)*

(സുവിശേഷ-.... *1-ാം പേജിൽ നിന്നും തുടർച്ച*)

മാക്കുവാൻ ആരംഭിച്ചിരിക്കുന്നു എന്നതാണു സത്യം. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് കൈമോശം വന്നേക്കാമായിരുന്ന യാമപ്രാർത്ഥനകൾക്കും നോമ്പുകൾക്കും ഉപവാസത്തിനും ജപമാലയ്ക്കും പുതിയ ഉണർവേകാൻ സുവിശേഷസംഘത്തിനു കഴിഞ്ഞിരിക്കുന്നു. തങ്ങളുടെ മാതാപിതാക്കൾക്ക് ആത്മീയ വളർച്ചയുണ്ടായി എന്ന് ഇന്നത്തെ യുവതലമുറ ചിന്തിക്കുന്ന അവസ്ഥയിലേക്ക് സുവിശേഷസംഘം വളർന്നിരിക്കുന്നു എന്നു പറയുന്നതിൽ അഭിമാനമുണ്ട്. മലങ്കര കത്തോലിക്കാസഭയുടെ വിശ്വാസ-പൈതൃകങ്ങളും ആരാധനാക്രമാനുഷ്ഠാനങ്ങളും സുവിശേഷസംഘത്തിന്റെ കൈകളിൽ ഭദ്രമാകും എന്ന വലുതായ ദൈവീകചിന്ത നിങ്ങളുമായി പങ്കുവയ്ക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

**ദൈവസേവനത്തിനുള്ള ദൗത്യം**

'ദൈവസമ്പാദനത്തിനുള്ള വിളി'യിൽ നിന്ന് 'ദൈവസേവന'ത്തിനുള്ള ദൗത്യത്തിലേക്ക് സുവിശേഷസംഘം നീങ്ങിക്കൊണ്ടിരിക്കുന്നു. സുവിശേഷത്തിന്റെ പങ്കുവയ്ക്കലിലൂടെയും, ആരാധനാക്രമാനുഷ്ഠാന-ബന്ധിതമായ ആത്മീയതയിലൂടെയും, സുവിശേഷസാക്ഷ്യമായ ജീവിതക്രമങ്ങളിലൂടെയും സുവിശേഷസംഘാംഗങ്ങൾ വളരേണ്ടിയിരിക്കുന്നു.

സഭാജീവിതത്തിന്റെയും വ്യക്തിപരമായ ആദ്ധ്യാത്മീകതയുടെയും അടിസ്ഥാനമായ 'ദൈവവചനം സ്വീകരിക്കുകയും, ജീവിക്കുകയും പ്രഘോഷിക്കുകയും ചെയ്യുക' എന്ന അനന്യമായ ജീവിതക്രമത്തിലേക്ക് സുവിശേഷസംഘാംഗങ്ങളെ കൈപിടിച്ചുയർത്തേണ്ടതായിട്ടുണ്ട്. കർത്താവിനുവേണ്ടി മിഷനറിയാകുക എന്ന ഉദാത്തമായ ജീവിതമാർഗ്ഗത്തിലേക്ക് ഉറച്ച കാൽവയ്പ്പുകൾ നടത്താൻ തക്കവിധം സുവിശേഷസംഘാംഗങ്ങളിൽ നിന്ന് ഒരു സമൂഹത്തെ രൂപപ്പെടുത്താൻ സമയമായി എന്ന് ഞാൻ കരുതുന്നു. 'യേശുവിനു വേണ്ടി ആത്മാക്കളെ നേടുക' എന്ന വിശുദ്ധ ഫ്രാൻസിസ് സേവിയറിന്റെ മിഷനറി തീക്ഷണതയോടു പങ്കുപറ്റാൻ കെൽപ്പുള്ള അത്മായ പ്രേഷിതർ നമുക്കുണ്ട്. അവരെ സുവിശേഷസംഘത്തിന്റെ ചൈതന്യത്തിൽ വളർത്തി, ക്രിസ്തുവിനെ അറിയാത്തവരുടെയിടയിൽ സുവിശേഷം പ്രസംഗിക്കുന്നതിനായി അയയ്ക്കുന്നതിനുള്ള ക്രമീകരണം താമസംവിനാ ആരംഭിക്കുമെന്ന് പ്രത്യാശിക്കുന്നു.

മലങ്കരകത്തോലിക്കാ സഭയുടെ പുനസുവിശേഷീകരണവും നവസുവിശേഷീകരണവും പൂർത്തിയാവുന്ന മുറയ്ക്ക് മിഷനുകളിൽ ക്രിയാത്മകമായി ഇടപെടുന്നതിന് സുവിശേഷസംഘങ്ങൾക്ക് അവസരങ്ങളൊരുക്കണം. ഇന്ത്യയാകമാനം സുവിശേഷം പ്രഘോഷിക്കണം എന്ന ഇവാനിയൻ സ്വപ്നത്തിലേക്ക് മലങ്കരസഭ ഒന്നടങ്കം ലക്ഷ്യം വയ്ക്കണം. മാർ ഈവാനിയോസ് പിതാവിന്റെ ദർശനങ്ങൾ കാലികമായി പ്രവർത്തനപഥത്തിലെത്തിക്കാൻ സുവിശേഷസംഘം മുന്നിട്ടിറങ്ങണം. സുവിശേഷപ്രഘോഷണ ദൗത്യത്തിന്റെ വിശുദ്ധിയുടെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ തക്കവിധം ഏതു പ്രതിബന്ധത്തെയും ദൈവീകമായി തരണം ചെയ്യാൻ പ്രാപ്തിയുള്ള സമൂഹമായി സുവിശേഷസംഘം രൂപാന്തരപ്പെടണം. ചുരുക്കത്തിൽ, ക്രിസ്തുവിനു സാക്ഷികളായി, ഇവാനിയൻ ദർശനത്തിൽ അടിയുറച്ച്, മലങ്കരകത്തോലിക്കാ സഭയിലാകമാനം തെളിഞ്ഞു നിൽക്കുന്ന പ്രകാശഗോപുരങ്ങളായി സുവിശേഷസംഘാംഗങ്ങൾ വർത്തിക്കണം. ദൈവസമ്പാദനത്തിന്റെ ആഴങ്ങളിലേക്കിറങ്ങി ചെന്ന്, ആത്മീയവ്രതനിഷ്ഠയിൽ അടിയുറച്ച്, ദൈസേവനത്തിന്റെ ഉദാത്തമേഖലകളിലേക്ക് സഭയെ കൈപിടിച്ചുയർത്താൻ സുവിശേസംഘത്തിന്റെ നേതൃത്വത്തിനു കഴിയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

(യേശുക്രിസ്തു... *1-ാം പേജിൽ നിന്നും തുടർച്ച*)

ഈ സാഹചര്യത്തിലാണ് "കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ" (പുറ. 34:6) എന്ന് ദൈവം മോശയ്ക്ക് തന്റെ സ്വഭാവത്തെപറ്റി വെളിപ്പെടുത്തിയത്. നീതിയെ അതിലംഘിക്കുന്ന തന്റെ കരുണയാൽ അവിശ്വസ്തരായ ജനത്തോട് ദൈവം വീണ്ടും ഉടമ്പടിയിലേർപ്പെട്ടു.

ഇസ്രായേൽ ജനം വീണ്ടും ദൈവത്തോട് അവിശ്വസ്തത കാണിച്ചപ്പോൾ താൻ അവരോട് ഇനിമേൽ കരുണ കാണിക്കുകയില്ല എന്ന് ഹോസിയ പ്രവാചകനിലൂടെ ദൈവം അരുൾച്ചെയ്യുന്നു (ഹോസി 1:6). അവരുടെ അവിശ്വസ്തതയ്ക്കുള്ള ദൈവത്തിന്റെ ശിക്ഷയായി ബാബിലോൺ പ്രവാസത്തെ മനസ്സിലാക്കാം. എന്നിരുന്നാലും, നീതിയെ അതിലംഘിക്കുന്ന ദൈവത്തിന്റെ കരുണയെ നാം ഒരിക്കൽകൂടി ദർശിക്കുന്നു. ഹോസിയാ പ്രവാചകന്റെ പുസ്തകത്തിൽ നാം ഇപ്രകാരം വായിക്കുന്നു "എന്റെ ഹൃദയം എന്നെ വിലക്കുന്നു. എന്റെ അനുകമ്പ ഊഷ്മളവും ആർദ്രവുമായിരിക്കുന്നു... ഞാൻ ദൈവമാണ് മനുഷ്യനല്ല. നിങ്ങളുടെ ഇടയിൽ വസിക്കുന്ന പരിശുദ്ധൻ തന്നെ. ഞാൻ നിങ്ങളെ നശിപ്പിക്കാൻ വരുകയില്ല'' (ഹോസി. 11:8-9). ജനങ്ങളുടെ പാപം ദൈവത്തെ വേദനിപ്പിക്കുന്നതായി ഈ വചനം സൂചിപ്പിക്കുന്നു. ജനത്തെ വിശുദ്ധിയിലേക്ക് വിളിക്കുന്ന പരിശുദ്ധനായവന് പാപത്തോട് സഹിഷ്ണുത കാണിക്കാൻ സാധിക്കുകയില്ല. അവിടുത്തെ ഹൃദയം കോപം കൊണ്ട് ജ്വലിക്കുന്നു. അവിടുത്തേക്ക് പാപികളെ വിധിക്കുകയും ശിക്ഷിക്കുകയും ചെയ്യാനുള്ള അവകാശവുമുണ്ട്. എങ്കിലും അവിടുന്ന് തന്നെത്തന്നെ വെളിപ്പെടുത്തുന്നത് തന്റെ നീതിയുക്തമായ കോപത്താലല്ല മറിച്ച് കരുണയാലും ക്ഷമയാലുമാണ്. എന്തെന്നാൽ, തന്റെ പുത്രി-പുത്രന്മാരാകുവാനായി താൻ വിളിച്ച ജനത്തെ ദൈവം സ്നേഹിക്കുന്നു. ദൈവം വെറുക്കുന്നത് പാപത്തെയാണ് പാപികളെയല്ല. കാരുണ്യവാനും ക്ഷമാശീലനുമെന്ന് സ്വയം വെളിപ്പെടുത്തുന്നതിലൂടെ ദൈവം തന്റെ ജനത്തിന്റെ തെറ്റുകൾ പരിശോധിക്കുകയല്ല മറിച്ച്, തന്റെ മക്കൾക്ക് അനുതപിക്കാനും മാനസാന്തരപ്പെടുവാനുമുള്ള ഒരവസരം കൂടി നൽകുകയാണ് ചെയ്യുന്നത്. നാം, ന്യായവും നീതിയുക്തവും കരുണാ പൂർവ്വകവുമായ പ്രവൃത്തികൾ ചെയ്യണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (ആമോസ് 5:7, ഹോസിയ 2:21). മാനസാന്തരത്തിനുവേണ്ടിയുള്ള കൃപയാണ് കരുണ എന്ന് വാൾട്ടർ കാസ്പർ പറയുന്നു.

"നിമിഷനേരത്തേക്ക് നിന്നെ ഞാൻ ഉപേക്ഷിച്ചു. മഹാകരുണയോടെ നിന്നെ ഞാൻ തിരിച്ച് വിളിക്കും. കോപാധിക്യത്താൽ ക്ഷണനേരത്തേക്ക് ഞാൻ എന്റെ മുഖം നിന്നിൽ നിന്നു മറച്ചുവെച്ചു; എന്നാൽ അനന്തമായ സ്നേഹത്തോടെ നിന്നോട് ഞാൻ കരുണ കാണിക്കും എന്ന് നിന്റെ വിമോചകനായ കർത്താവ് അരുൾചെയ്യുന്നു... നിന്നോട് കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു; മലകൾ അകന്നുപോയേക്കാം; കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല; എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരുകയുമില്ല" (ഏശയ്യാ 54:7-8, 10). ദൈവം തന്റെ ജനവുമായി ചെയ്ത ഉടമ്പടിയോടുള്ള വിശ്വസ്തതമൂലം പാപത്താൽ അവർ നഷ്ടപ്പെടുത്തിയ താനുമായുള്ള ബന്ധത്തെ തന്റെ കാരുണ്യാതിരേകത്താൽ പുനഃസ്ഥാപിച്ചു.

**നമ്മോടുള്ള ദൈവസ്നേഹമാണ് കരുണ**

ദൈവസ്നേഹത്തിന് ഒരു പിതൃഭാവം മാത്രമല്ല മറിച്ച് മാതൃഭാവവുമുണ്ട്. റഹമിം എന്ന ഹീബ്രൂ വാക്കിലൂടെ ഇത് വളരെ വ്യക്തമാണ്. ഈ ഹെബ്രായ പദം ദൈവസ്നേഹത്തിന്റെ ഒരു പ്രത്യേക ഭാവത്തിലേക്ക് വെളിച്ചം വീശുന്നു. റെഹം (അമ്മയുടെ ഗർഭപാത്രം) എന്ന മൂല പദത്തിൽ നിന്നാണ് റഹമിം എന്ന പദം വരുന്നത്. ഒരമ്മയ്ക്ക് തന്റെ കുഞ്ഞിനോട് തോന്നുന്ന സ്നേഹവികാരത്തെയാണ് റെഹം സൂചിപ്പിക്കുന്നത്. "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്ക് മറക്കാനാവുമോ? പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല" (ഏശയ്യാ 49:15).

സങ്കീർത്തകൻ ഇപ്രകാരം പറഞ്ഞുകൊണ്ട് ദൈവത്തെ പ്രഘോഷിക്കുന്നു: ''കർത്താവെ, അങ്ങയുടെ കാരുണ്യം ആകാശത്തോളം എത്തുന്നു; വിശ്വസ്തത മേഘങ്ങൾവരെയും'' (സങ്കീ. 36:5), "കർത്താവ് ആർദ്രഹൃദയനും കാരുണ്യവാനുമാണ്; ക്ഷമാശീലനും സ്നേഹനിധിയുമാണ് (സങ്കീ. 103:8; 145:8).

ദൈവകരുണയിൽ പൂർണ്ണ വിശ്വാസം വച്ചുകൊണ്ട് സങ്കീർത്തകനോടുകൂടി നമുക്കും പ്രാർത്ഥിക്കാം: ''ദൈവമേ അങ്ങയുടെ കാരുണ്യത്തിനൊത്ത് എന്നോട് ദയ തോന്നേണമേ! അങ്ങയുടെ കാരുണ്യാതിരേകത്തിനൊത്ത് എന്റെ അതിക്രമങ്ങൾ മായ്ച്ചുകളയേണമേ" (സങ്കീ 51:1)

ചുരുക്കത്തിൽ നീതിയെ തന്റെ കാരുണ്യംകൊണ്ട് അതിലംഘിക്കുന്ന സ്നേഹനിധിയായ ദൈവത്തെയാണ് പഴയനിയമം അവതരിപ്പിക്കുന്നത്. വചനം മാംസമായ യേശുക്രിസ്തുവിൽ എങ്ങനെയാണ് ദൈവത്തിന്റെ വെളിപാട് പൂർത്തീകരിക്കപ്പെട്ടത് എന്ന് നമുക്ക് പരിശോധിക്കാം.

**2. കരുണ പുതിയ നിയമത്തിൽ**

ദൈവത്തിന്റെ പുത്രീ-പുത്രന്മാരാകുവാനും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ പങ്കുകാരാകുന്നതിനുമാണ് അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ ആദത്തിന്റെ പാപത്തിലൂടെ നഷ്ടപ്പെട്ട ആ ദൈവപുത്രത്വം വീണ്ടെടുക്കുന്നതിന് ദൈവം ഒരു ജനത്തെ തിരഞ്ഞെടുക്കുകയും പാപത്തിന്റെയും മരണത്തിന്റെയും അടിമത്വത്തിൽ നിന്ന് അവരെ വീണ്ടെടുക്കുന്നതിന് മനുഷ്യനായി പിറക്കുന്ന തന്റെ ഏക ജാതനെ സ്വീകരിക്കുവാൻ അവരെ ഒരുക്കുകയും ചെയ്തു (ഗലാ. 4:4-6). യേശു തന്റെ വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും ദൈവത്തെ വെളിപ്പെടുത്തി. ദൈവമാണ് എല്ലാ മനുഷ്യരുടേയും പിതാവെന്നും താനാണ് അവിടുത്തെ ഏക പുത്രനെന്നും യേശു പഠിപ്പിച്ചു. ദൈവം കരുണാ സമ്പന്നനാണെന്നും (എഫേ 2:4) തന്നെ കാണുന്നവൻ പിതാവിനെ കാണുന്നുവെന്നും യേശു വെളിപ്പെടുത്തി. കുരിശിൽ പൂർത്തിയായ യേശുവിന്റെ കരുണാദ്രസ്നേഹം ദൈവം കരുണാസമ്പന്നനാണെന്ന് നമുക്ക് ഉറപ്പ് നൽകുന്നു. തന്നോട് മാപ്പപേക്ഷിക്കുന്ന എല്ലാവരോടും ദൈവം ക്ഷമിക്കുകയും അവർക്ക് തന്റെ പുത്രീ-പുത്രന്മാരാകുവാനുള്ള കൃപ നൽകുകയും ചെയ്യുന്നു.

**യേശു - കരുണയുടെ മനുഷ്യാവതാരം**

തലമുറകളോടുള്ള ദൈവത്തിന്റെ കരുണയുടെ അടയാളമായിരുന്നു യേശുക്രിസ്തുവിന്റെ ജനനം (ലൂക്ക 1:50). പഴയനിയമ വാഗ്ദാനങ്ങളുടെയും രക്ഷയുടെയും പൂർത്തീകരണമായിരുന്നു അത് (മത്തായി 1:2). മറിയം പ്രഘോഷിക്കുന്നതുപോലെ ദൈവം തന്റെ കരുണയാൽ ഇസ്രായേലിനെ അനുസ്മരിച്ചു (ലൂക്ക 1:54). നമ്മുടെ പൂർവ്വീകർക്ക് നൽകിയ വാഗ്ദാനങ്ങളനുസരിച്ച് ഉടമ്പടിയിൽ വിശ്വസ്തനായ ദൈവം കരുണ കാണിച്ചു. മനുഷ്യപുത്രന്മാരെ ദൈവപുത്രന്മാരാക്കുവാൻ, പുത്രൻ തമ്പുരാൻ മനുഷ്യപുത്രനാകുവാൻ മാത്രം തന്നെ ത്തന്നെ താഴ്ത്തി (ഐറേനിയോസ്). യേശു എന്ന പേരുതന്നെ സൂചിപ്പിക്കുന്നത് ദൈവം രക്ഷിക്കുന്നു എന്നാണ്. യേശു ഇമ്മാനുവേൽ ആണ്- ദൈവം നമ്മോടുകൂടെ. ദൈവം മനുഷ്യനോടൊത്ത് വസിക്കുകയും പാപം ഒഴികെ മറ്റെല്ലാ കാര്യങ്ങളിലും അവനോട് ഒന്നാവുകയും ചെയ്തു. (ഹെബ്ര 4:15) അതിനാൽ മനുഷ്യാവതാരം ദൈവകരുണയുടെ വെളിപാടാണ്.

**യേശുവിന്റെ കരുണയുടെ സുവിശേഷം**

യേശു തന്റെ പരസ്യജീവിത കാലത്ത് വാക്കുകളിലൂടെയും പ്രവർത്തികളിലൂടെയും പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖം വെളിപ്പെടുത്തി. യേശു നസ്രത്തിലെ സിനഗോഗിൽ പ്രവേശിച്ചപ്പോൾ അവിടുത്തേക്ക് വായിക്കാൻ നൽകപ്പെട്ടത് ഏശയ്യായുടെ പുസ്തകമായിരുന്നു. അത് യേശുവിന്റെ ദൗത്യത്തെ വെളിപ്പെടുത്തി. "ദരിദ്രരെ സുവിശേഷം അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു..... കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക 4:18-19). സ്വീകാര്യമായ വത്സരം എന്നത് ദരിദ്രർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ബന്ധിതർക്കുമുള്ള സ്വാതന്ത്ര്യത്തിന്റെ വത്സരമാണ് (ലേവ്യർ 25:10). യേശു പിതാവിന്റെ കരുണയുടെ സന്ദേശം പ്രഘോഷിക്കുക മാത്രമല്ല ചെയ്തത്, അവിടുന്ന് പിതാവിന്റെ കരുണയുടെ മുഖമായി തീർന്നു. ദരിദ്രരെയും ഹൃദയം നുറുങ്ങിയവരെയും സഹായം ആവശ്യമുള്ളവരെയും ചെറിയവരെയുമെല്ലാം ക്രിസ്തു കരുതി. ബന്ധിതരെ കണ്ടപ്പോൾ അവിടുത്തെ ഹൃദയം സഹതാപത്താൽ നിറഞ്ഞു. തന്നെ വെറുത്തവരോടും ക്രൂശിച്ചവരോടുപോലും അവിടുന്ന് ക്ഷമിച്ചു.

യഹൂദ സങ്കല്പത്തിൽ യഹോവ അവരുടെ മാത്രം ദൈവമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ സന്ദേശത്തിലെ പുതുമ ദൈവത്തെ നീതിമാന്മാരുടെ മാത്രമല്ല എല്ലാവരുടെയും പിതാവായി അവതരിപ്പിച്ചു എന്നതിലാണ്. നീതിമാന്മാരെ വിളിക്കാനല്ല പാപികളെ വിളിക്കാനാണ് അവൻ വന്നത് (ലൂക്ക 5:32). യേശു പാപികളിൽനിന്നും സ്വയം അകന്നുമാറിയില്ല, അവിടുന്ന് അവരുടെ ഭവനങ്ങളിൽ പ്രവേശിക്കുകയും അവരോടൊരുമിച്ച് ഭക്ഷിക്കുകയും ചെയ്തു. ദൈവം എല്ലാവരെയും, പ്രത്യേകിച്ച് പാപജീവിതം ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് തിരിയാൻ തയാറായവരെ തന്റെ രാജ്യത്തിലേക്ക് ക്ഷണിക്കുന്നു. അബ്രാഹാമിന് നൽകിയ വാഗ്ദാനങ്ങളുടെ പൂർത്തീകരണം പുതിയ നിയമത്തിൽ യഹൂദനെന്നോ വിജാ

*(തുടർച്ച 6-ാം പേജിൽ)*

*റീഹോ ദ് ഏവൻഗേലിയോൻ എന്ന ഈ പ്രസിദ്ധീകരണത്തിന് വാർഷികവരിസംഖ്യയോ നിർബന്ധപിരിവോ ഇല്ല. സുമനസ്സുകളുടെ പ്രാർത്ഥനയും സഹായസഹകരണവും പ്രതീക്ഷിക്കുന്നു.*

*സഹായം അയയ്ക്കേണ്ട വിലാസം*

**Malankara Suriani Katholika Suvisesha Sangam**
**Catholic Syrian Bank (CSB), Pattom Branch, Trivandrum**
**A/C No. 0298-03529792-190001**
**IFSC: CSBK0000298**



# സുവിശേഷ പരിമളം ഒഡീഷയിൽ (ഒറീസ)

**ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ**
മിഷൻ കോർഡിനേറ്റർ, ഒഡീഷ, സഭാതല സുവിശേഷ സംഘാംഗം

"ജനക്കൂട്ടങ്ങളെ കണ്ടപ്പോൾ യേശുവിന് അവരുടെമേൽ അനുകമ്പതോന്നി അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമായിരുന്നു. അവൻ ശിഷ്യരോട് പറഞ്ഞു: വിളവധികം വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിക്കുവിൻ" (മത്താ. 9:36-38).

ഒറീസാ മിഷനിലെ എന്റെ ആദ്യദിനം പ്രഭാതപ്രാർത്ഥനയും വി. കുർബാനയ്ക്കും ശേഷം ഞങ്ങൾ വൈദീകരും സിസ്റ്റേഴ്സു കൂടി മിഷൻ ഗ്രാമത്തിലേക്ക് ജീപ്പിൽ യാത്രയായി. പാഥേയമായി റൊട്ടിയും വെള്ളവും വണ്ടിയിൽ കരുതിയിട്ടുണ്ട് എന്ന് സിസ്റ്റേഴ്സ് ഉറപ്പുവരുത്തി. എൺപതുകിലോമീറ്റർ അകലെയുള്ള മുണ്ടിഗാട്ട് ഗ്രാമത്തിലേക്കാണ് കന്നിയാത്ര. 50 കിലോമീറ്റർ വഴി പിന്നിട്ട് മലകൾക്കിടയിൽ ജലം സംഭരിക്കുന്നതിനായി പ്രകൃതി ഒരുക്കിയ ഇന്ദ്രാവതി അണക്കെട്ടിന്റെ മലയോരത്തുകൂടിയുള്ള യാത്ര ഒരു സാഹസിക യാത്രയെ അനുസ്മരിപ്പിച്ചു. ഇന്ദ്രാവതി അണക്കെട്ട് ഇന്ത്യയിലെ ഏറ്റവും അധികം വരൾച്ച നേരിട്ടിരുന്ന കാലഹട്ടി ജില്ലയിലെ കർഷകരുടെ പ്രതീക്ഷകൾക്ക് ചിറകു നൽകുന്നു. അണക്കെട്ടിന്റെ തീരത്തുകൂടെ വളഞ്ഞുതിരിഞ്ഞുപോകുന്ന റോഡിലൂടെ 20 കിലോമീറ്ററോളം യാത്ര ചെയ്ത് വനത്തിലൂടെ 8 കിലോമീറ്ററോളം ദുർഘടം പിടിച്ച വഴി. റോഡിന്റെ വിഷമം പിടിച്ച ചിലഭാഗങ്ങൾ പഞ്ചായത്ത് കോൺക്രീറ്റ് ചെയ്തിട്ടുള്ളത് ആശ്വാസം നൽകുന്നു. നക്സ്സലൈറ്റുകളുടെ താവളമാണ് ഈ കാടിന്റെ പലഭാഗങ്ങളും എന്നുള്ള കാര്യം വാഹനം ഓടിക്കുന്ന ദേവസ്യാ അച്ചൻ ഇടയ്ക്ക് സൂചിപ്പിച്ചു. കാനനപാതയിൽ വനത്തിൽ മയിൽ കുറ്റികൾപോലെ ചില ഊരുകൾ മാത്രം. ഒറ്റപ്പെട്ട ആളുകൾ വഴിയോരത്ത്. മെലിഞ്ഞ ശരീരം ദീർഘദൂരനടത്തത്തിന്റെ ശക്തിയാണെന്ന് തോന്നിപ്പിച്ച അവർ വാഹനത്തിനുള്ളിൽ ഞങ്ങൾക്കും സ്ഥലമുണ്ടോ എന്ന് ആർത്തിയോടെ നോക്കുന്നുണ്ടായിരുന്നു. വളരെ പ്രഗത്ഭനായ ഡ്രൈവറെപ്പോലെ ദേവസ്യാ അച്ചൻ മഴവെള്ളം ചാലുകീറിയ കാനനപാതയിലൂടെ വണ്ടി ഒരു മലമുകളിലെത്തിച്ചു. നിങ്ങൾ ഭൂമിയുടെ അതിർത്തികൾവരെ എനിക്ക് സാക്ഷികളാകും" എന്ന ക്രിസ്തുവചനം ഓർമ്മവന്നു. കുന്നിൻമുകളിൽ ഒരു ചെറിയ ഗ്രാമം. ഏതാനും കുടിലുകൾ ഗ്രാമത്തിന്റെ പ്രവേശനഭാഗത്ത് കുടിലുകൾക്ക് അലങ്കാരമായി ഒരു കൊച്ചു ദേവാലയം. മലങ്കര സഭയുടെ ഒറീസയിലെ ആദ്യത്തെ ദേവാലയം. 40 വർഷം മുൻപ് കേരളത്തിലെ ഒരു ഇടത്തരം കുടുംബത്തിന്റെ നടുമുറിയുടെ വലുപ്പം ഉണ്ടാകും ആകെ. മുകളിലുള്ള ചെറിയ കുരിശ് കുടിലുകളിൽനിന്ന് ദേവാലയത്തെ വ്യത്യസ്തമാക്കി.

ജീപ്പിൽനിന്ന് ഇറങ്ങിയ ഞങ്ങളുടെ അടുത്തേക്ക് പാസ്റ്ററുടെ നേതൃത്വത്തിൽ ഗ്രാമത്തിലെ വിശ്വാസികൾ ഓടികൂടി ഞങ്ങളുടെ പാദം തൊട്ട് വന്ദിച്ചു. കാട്ടുപൂക്കൾകൊണ്ടുണ്ടാക്കിയ പുഷ്പഹാരം ചാർത്തി, കാലുകൾ കഴുകി നെറുകയിൽ അരിവച്ച് അവർ ഞങ്ങളെ സ്വീകരിച്ചു.

കണ്ണുകൾ ഈറനണിഞ്ഞ് ആരും കാണാതെ തുടച്ചുകളഞ്ഞ് ഗ്രാമത്തിലൂടെ നടന്നു. വീടുകളിൽനിന്ന് ആളുകൾ ഇറങ്ങി ആചാരം ചെയ്തു. പട്ടിണികോലങ്ങൾ, നാമമാത്രവസ്ത്രം ധരിച്ചവർ, ഒരു സാരികൊണ്ട് ശരീരത്തിന്റെ നഗ്നത മറയ്ക്കുന്ന സ്ത്രീകൾ, ഞാൻ 'ഒരു സൊമാലിയൻ' ഗ്രാമത്തിലാണോ, അതോ 'തിളങ്ങുന്ന ഇന്ത്യയിലോ'?

സിസ്റ്റേഴ്സ് നൽകിയ മിഠായികൾ സന്തോഷത്തോടെ സ്വീകരിക്കുന്ന കുട്ടികൾ സഹോദരങ്ങൾക്കും വീട്ടിലുള്ളവർക്കും എണ്ണം പറഞ്ഞ് മിഠായി മേടിക്കുന്നവർ. നൂറ് മീറ്റർ അപ്പുറത്ത് മറ്റൊരു ഊര് ആദിവാസികളെന്ന് അപ്പുറത്തുള്ളവർ പറഞ്ഞു. പരസ്പര സംസർഗമില്ല അയിത്തമാണ് ആദിവാസി ഊരുകളിൽ ഗ്രാമീണരുടെ സ്വയം നിർമ്മിത മൗവ്ള എന്ന സുരപാനം നടത്തുന്ന സ്ത്രീകളും പുരുഷൻമാരും ഒരു സ്ത്രീവന്ന് 62 വയസ്സ് കഴിഞ്ഞ റോസ്മേരി സിസ്റ്ററിനോട് 20 രൂപ ആവശ്യപ്പെട്ടു. മരുമകൾക്ക് മദ്യം വാങ്ങി നൽകാനാണ്. ഡാൻസ് കളിച്ചാൽ നൽകാമെന്ന് സിസ്റ്റർ. കയ്യിലിരുന്ന പാത്രത്തിൽ താളം പിടിച്ച് സ്ത്രീയും രണ്ടു പുരുഷൻമാരും കൂടി നൃത്തം ആരംഭിച്ചു. തിരിച്ചിറങ്ങാൻ തുടങ്ങിയപ്പോൾ ഒരു വൃദ്ധൻ തന്റെ കീറിയ കൈലി കാണിച്ചുകൊണ്ട് ദേവസ്യ അച്ചനോട് പറഞ്ഞു; അടുത്ത തവണ വരുമ്പോൾ കേരളത്തിൽനിന്ന് ഒരു കൈലി കൊണ്ടുതരണം. അവരുടെ വലിയ ആഗ്രഹങ്ങൾ ഇതൊക്കെയായിരുന്നു. മറ്റ് രണ്ട് ഗ്രാമങ്ങൾ കൂടെ സന്ദർശിച്ച് ഞങ്ങൾ തിരികെ വീട്ടിലെത്തിയപ്പോൾ രാത്രി 8.30 കഴിഞ്ഞിരുന്നു.

**ഒഡീഷാ - ഒരു സംഗ്രഹം**

ഭാരതത്തിന്റെ തെക്ക് കിഴക്ക് ഭാഗത്ത് ബംഗാൾ ഉൾക്കടലിനോട് ചേർന്ന് 482 കിലോമീറ്റർ സമുദ്രതീരമുള്ള ഈ സംസ്ഥാനം വലുപ്പത്തിൽ 9-ാം സ്ഥാനത്താണ്. ജനസംഖ്യ 11-ാം സ്ഥാനത്തുള്ള ഈ സംസ്ഥാനത്ത് നാലുകോടിയിലധികം ജനങ്ങൾ അധിവസിക്കുന്നു. 22.85% എസ്.റ്റി. ജനവിഭാഗവും, 17.13% എസ്.സി. ജനവിഭാഗവുമാണ്. മൊത്തം ജനസംഖ്യയിൽ 70 ലക്ഷം ആളുകൾ (16.69%) നഗരങ്ങളിലും ബാക്കി 3 കോടിയിലധികം (83.31%) ജനങ്ങൾ ഗ്രാമങ്ങളിലും വസിക്കുന്നു. 30% നിരക്ഷരരാണ്. ഉന്നത വിദ്യാഭ്യാസ മേഖല ഗ്രാമപ്രദേശങ്ങളിൽ തുലോം പരിമിതമാണ്. മതപരമായി 93.63% ഹൈന്ദവരും, 2.77% ക്രൈസ്തവരും, 2.17% മുസ്ലീങ്ങളും, 1.14% മറ്റ് മത വിഭാഗങ്ങളുമാണ്. കൃഷിയാണ് സാധാരണ ജനത്തിന്റെ ഉപജീവനമാർഗ്ഗം. അരി, ചോളം, പയർവർഗ്ഗങ്ങൾ, കരിമ്പ്, പച്ചക്കറികൾ മുതലായവയാണ് പ്രധാനകൃഷികൾ. രാജ്യത്തെ പ്രധാന അരി ഉത്പാദനകേന്ദ്രങ്ങളിൽ ഒന്നാണ് ഒഡീഷ.

**ക്രൈസ്തവ വിശ്വാസം ഒഡീഷയിൽ**

1803-ന് ശേഷം ബ്രിട്ടീഷുകാർ ഒഡിഷയിൽ വന്നതുമുതലാണ് ക്രിസ്തീയ വിശ്വാസം ഇവിടെ പ്രചരിക്കുന്നത്. അതിനുമുമ്പ് ഹിന്ദുമതം, ബുദ്ധമതം, ജൈനമതം, ഇസ്ലാമതം ഇവ ഇവിടെ പ്രചരിക്കപ്പെട്ടിരുന്നു. ബ്രിട്ടീഷുകാരോടൊപ്പം എത്തിച്ചേർന്ന മിഷനറിമാർ ക്രിസ്തീയ മതം ഇവിടെ പ്രചരിപ്പിച്ചു. വിവിധ പ്രൊട്ടസ്റ്റന്റ് സഭകളും പെന്തക്കോസ്ത് കൂട്ടായ്മകളും ലത്തീൻ സഭാമിഷനറിമാരുമാണ് ഇതിന് പ്രധാനമായും നേതൃത്വം നൽകിയത്. 1850 കാലഘട്ടത്തിൽ ലത്തീൻ സഭയുടെ ശുശ്രൂഷകൾ ഇവിടെ സ്ഥാപിതമായതോടുകൂടിയാണ് കത്തോലിക്കാസഭ ഒറീസയിൽ വേരുപാകിയത്. General Baptist, Particular Baptist, The American free will Baptist, The Evangelical Missionary Society, Lutheren Church, Assembly of God തുടങ്ങി ഒട്ടനവധി പ്രൊട്ടസ്റ്റന്റ്, പെന്തക്കോസ്തൽ സഭകളും, കൂട്ടായ്മകളും, പല സ്വതന്ത്ര സുവിശേഷപ്രഘോഷകരും ഇവിടെ സുവിശേഷം പകർന്നു നൽകിയിട്ടുണ്ട്. ഇതിലൂടെ ഓരോ ഊരുകളിലും ഉൾനാടൻ ഗ്രാമങ്ങളിലും ഒട്ടനവധി ക്രിസ്തീയ കൂട്ടായ്മകൾ രൂപംകൊള്ളുകയും ചെയ്തു.



ഫാ. വർഗ്ഗീസ് വാലിക്കോടത്ത് ഒറീസയിൽ ഒരു കുട്ടിക്ക് മാമ്മോദീസാ നല്കുന്നു.

ഈ ഭിന്നിച്ചുനിൽക്കുന്ന കൂട്ടായ്മകൾ ക്രിസ്തീയതയുടെ വളരെ വികലമായ ഒരു രൂപമാണ് പൊതുസമൂഹത്തിന് നൽകികൊണ്ടിരിക്കുന്നത്. കത്തോലിക്കാസഭയെ കുറിച്ച് വികലമായ ധാരണകളാണ് ഈ ഗ്രാമങ്ങളിലെ പെന്തക്കോസ്തൽ സഭകൾക്കിടയിലുള്ളത് എന്നതും പ്രസ്താവ്യമാണ്. സുവിശേഷം ലഭിച്ചു എങ്കിലും സുവിശേഷമൂല്യങ്ങൾ വളരെ ഉപരിപ്ലവമായി മാത്രമാണ് നൽകപ്പെട്ടിരിക്കുന്നത്. ക്രിസ്ത്യാനി എന്ന പേരിൽ പൊതുസമൂഹത്തിൽ നിന്ന് ഉൾവലിഞ്ഞ് ഒറ്റപ്പെട്ട് ജീവിക്കുന്ന ആളുകളെയാണ് പല പെന്തക്കോസ്തൽ കൂട്ടായ്മകളും സൃഷ്ടിച്ചിരിക്കുന്നത്. ക്രിസ്തുവിനെ സമൃദ്ധി നൽകുന്ന ദൈവമായി (Prosperity Cult) ചിത്രീകരിച്ചിരിക്കുന്നു. സംഘാത്മകവും മനുഷ്യനന്മയ്ക്കും, സകല മനുഷ്യസമൂഹത്തെയും ഉൾക്കൊള്ളുന്ന, ക്രിസ്തുവിന്റെ സഭയുടെ കാതോലികമാനവും രക്ഷാകരമാനവും പകർന്നുനൽകുന്നതിന് കത്തോലിക്കാസഭയ്ക്കേ കഴിയൂ എന്ന് ഇപ്പോൾ ഇവിടെയുള്ള ക്രിസ്തീയ കൂട്ടായ്മകളുടെ പ്രവർത്തനം വ്യക്തമാക്കുന്നു. ഇവിടെയാണ് മലങ്കര സഭയ്ക്ക് തുറന്നുകിട്ടിയിരിക്കുന്ന ഈ പുതിയ മിഷൻ പ്രദേശത്തിന്റെ സാധ്യതകൾ നാം കാണേണ്ടതും സഭയായി ഉണർന്ന് പ്രവർത്തിക്കേണ്ടതും.

**മലങ്കര സുറിയാനി കത്തോലിക്കാസഭ ഒറീസയിൽ - ഇതുവരെ**

വിശാലമായ ഒറീസാ സംസ്ഥാനത്തിന്റെ കാലഹണ്ടി, നബരംഗപൂർ എന്നീ രണ്ട് ജില്ലകളിലാണ് ഇന്ന് മലങ്കരസഭയുടെ സാന്നിധ്യം ഉള്ളത്. ഛത്തീസ്ഗഡ് സംസ്ഥാനവുമായി അതിർത്തി പങ്കുവയ്ക്കുന്ന ഈ രണ്ട് ജില്ലകൾ വികസനത്തിന്റെയും വിദ്യാഭ്യാസത്തിന്റെ തലങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന മേഖലകളാണ്. നരബലി പോലുള്ള അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, പട്ടിണിയും, ചൂഷണവും, പകർച്ചവ്യാധികളും, വരൾച്ചയുമെല്ലാം ഈ പ്രദേശത്തെ ജനജീവിതം ദുഷ്കരമാക്കുന്നു. ഒഡീഷയിലെ തന്നെ ഏറ്റവും അധികം നിരക്ഷരരുള്ള ജില്ലയാണ് നബരംഗപൂർ.

കാലഹണ്ടി ജില്ലയിലെ മയ്ച്ചാല എന്ന ഗ്രാമത്തിൽ നിന്നുള്ള പെന്തക്കോസ്തു കൂട്ടായ്മയിലെ പാസ്റ്റർ റിക്കിറാം ബേമലും മറ്റ് ഏതാനും പാസ്റ്റർമാരും 2012- ന്റെ അവസാനത്തിൽ ഡൽഹിയിൽ വച്ച് അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്തായെ യാദൃശ്ചികമായി കണ്ടുമുട്ടുന്നതോടുകൂടിയാണ് ഒഡീഷയിലേക്കുള്ള മലങ്കര സഭയുടെ സുവിശേഷശുശ്രൂഷയ്ക്ക് വഴി ഒരുങ്ങുന്നത്. മാനുഷികമായി യാദൃശ്ചികമെന്ന് തോന്നുമെങ്കിലും ഇതൊരു ദൈവീക പദ്ധതി ആണ് എന്ന് കാലം തെളിയിക്കുന്നു. പാസ്റ്റർ റിക്കിറാം ബേമൽ ന്റെ നിർബന്ധത്തിൽ 2013 ജനുവരിയിൽ ആണ് ഡീക്കനായിരുന്ന ബഹു. ദേവസ്യ കുതിരക്കാലിൽ ശെമ്മാശനെ അഭിവന്ദ്യ ബർണബാസ് പിതാവ് ഒഡീഷയിലേക്ക് അയയ്ക്കുന്നത്. അദ്ദേഹം ഒഡീഷയിൽ ജനാഗർ എന്ന ചെറു പട്ടണത്തിൽ എത്തുകയും കാലഹണ്ടി ജില്ലയിലെ ഏഴോളം പെന്തക്കോസ്റ്റൽ പാസ്റ്ററുമാരെ കാണുകയും അവരുമായി ചർച്ചകൾ നടത്തുകയും ചെയ്തു. അവരുടെ കൂട്ടായ്മകൾ സന്ദർശിച്ച് മലങ്കര കത്തോലിക്കാ സഭയെക്കുറിച്ചും സഭാസംവിധാനങ്ങളെകുറിച്ചും അറിയിക്കുകയും ചെയ്തു. ഈ ഏഴ് പാസ്റ്ററുമാരിൽ 3 പേരും അവരുടെ പ്രാർത്ഥനാകൂട്ടായ്മകളും മലങ്കര സഭയിൽ ചേരാൻ തയ്യാറാകുകയും ചെയ്തു. ഇവരിൽ ചിലർ ഡൽഹിയിൽ അഭിവന്ദ്യ പിതാവിനെ സന്ദർശിച്ച് സത്യപ്രതിജ്ഞ ചെയ്ത് സഭയിലംഗങ്ങളായതോടെ മലങ്കര സഭ ഒഡീഷയിൽ തുടക്കം കുറിക്കുകയും ചെയ്തു.

തുടർന്ന് 2013 ഏപ്രിൽ മാസത്തിൽ വൈദീകനായ ദേവസ്യാ കുതിരക്കാലിൽ അച്ചൻ ജൂൺ മാസം 13-ാം തീയതി ഒഡീഷയിൽ തിരികെ എത്തി ജനാഗറിൽ വീട് വാടകയ്ക്കെടുത്ത് മലങ്കര സഭയുടെ ശുശ്രൂഷ ഇവിടെ ഔദ്യോഗികമായി ആരംഭിച്ചു. ഇന്ത്യയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു കൊറിയൻ സന്യാസിനി സമൂഹത്തിലെ റവ. സി. ജസ്സി, റവ. സി. ജാൻസി എന്നിവരും ബഹുമാനപ്പെട്ട ദേവസ്യാ അച്ചനോടൊപ്പം ഇവിടെ ശുശ്രൂഷ ചെയ്യാൻ എത്തിച്ചേർന്നു. 2013 ഒടുവിൽ നബരംബ്പൂർ ജില്ലയിലേക്കും മലങ്കര സഭയ്ക്ക് ശുശ്രൂഷകൾ വ്യാപിപ്പിക്കാൻ കഴിഞ്ഞു.

2013-15 ഏപ്രിൽവരെ റവ. ഫാ. ജോസ് കുന്താരുവിള, റവ. ഫാ. വർഗ്ഗീസ് വാലിക്കോടത്ത് (ഇരുവരും അന്ന് മൂവാറ്റുപുഴ രൂപത), റവ. ഫാ. റോബിൻ തൈക്കൂട്ടത്തിൽ (പത്തനംതിട്ട രൂപത) എന്നീ വൈദീകരും തിരുവനന്തപുരം മേജർ അതിരൂപതയിൽനിന്നുള്ള ബ്ര. ജോസ്, ബ്ര. ജെറോം എന്നീ വൈദിക വിദ്യാർത്ഥികളും റവ. സി. വിനിതയും മിസ്. അനിത (ജീസസ് യൂത്ത് വാളണ്ടിയർ) യും ഇവിടെ ശുശ്രൂഷ ചെയ്തിട്ടുണ്ട്. MCC ETRI യുടെ കോർഡിനേറ്റർ ജനറലായി പ്രവർത്തി

ച്ചിരുന്ന ബഹു. മോൺ. വർഗ്ഗീസ് മറ്റമന ഈ മിഷൻ പ്രദേശത്ത് പലതവണ വരികയും പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്.

MCC ETRI -യുടെ ഭാഗമായിരുന്ന പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, മാർ ഈവാനിയോസ് ട്രസ്റ്റ് അംഗങ്ങൾ, മറ്റ് ഇടവകാംഗങ്ങൾ ഈ മിഷൻ പ്രദേശത്തെ പണംകൊണ്ടും, പിന്തുണകൊണ്ടും വളരെ അധികം സഹായിച്ചിട്ടുണ്ട്. സുവിശേഷസംഘാംഗങ്ങളായി ശ്രീമതി റോസമ്മ രാജൻ (മുംബൈ), ശ്രീ. ജോജി (പൂന), തുടങ്ങിയവരും ശ്രീ അലക്സ് വളവിൽ, ശ്രീ. സി.ഇ. ജോയി, ശ്രീ. സജി (പൂനെ), ശ്രീ. സണ്ണി പവ്വത്തിൽ, ഡൽഹി എം.സി.വൈ.എം. തുടങ്ങിയ അനേകം ആളുകൾ പലതവണ ഇവിടെ വരികയും ഇവിടുത്തെ ശുശ്രൂഷകളിൽ തങ്ങളാൽ കഴിയുന്നവിധം സഹായിക്കുകയും ചെയ്യുന്നു.

മലങ്കര സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കാർഡിനൽ ക്ലീമിസ് കാതോലിക്കാബാവാ നൽകിയ പണംകൊണ്ട് 10 സെന്റ് ഭൂമി വാങ്ങി ഒരു ദേവാലയം നിർമ്മിക്കാനായി തുടങ്ങിയിട്ടുണ്ട്.

കാലഹണ്ടി ജില്ലയിലെ എഴ് ഗ്രാമങ്ങളിലും നബരംഗപൂർ ജില്ലയിലെ 17 ഗ്രാമങ്ങളിലുമായി 24 ഗ്രാമങ്ങളിൽ നാം ഇപ്പോൾ പ്രവർത്തിക്കുന്നു. 200 ഓളം കുടുംബങ്ങളും 1000 ത്തോളം ആളുകളും നമ്മുടെ കൂട്ടായ്മകളിൽ സജീവമായി വന്നുകൊണ്ടിരിക്കുന്നു. റവ. ഫാ. ബിജു ഇടയാലികുഴിയിൽ, റവ. ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ, റവ. ഫാ. ദേവസ്യ കുതിരക്കാലിൽ, റവ. ഫാ. മാത്യു (ജിഗ്മി) കൂടപറമ്പിൽ എന്നീ വൈദികരും റവ. സി. അഞ്ചലി എസ്.ഐ.സി., റവ. സി. അമൽ ജോസ് എസ്.ഐ.സി, റവ. സി. അനശ്വര എസ്.ഐ.സി., റവ. സി. റോസ് മേരി ഡി.എം., റവ. സി. നിമ്മ്യ ഡി.എം., റവ.സി. ആലീസ്, റവ. സി. തോമ്സീന എന്നീ സന്ന്യാസിനികളും ഇവിടെ ശുശ്രൂഷ ചെയ്യുന്നു. ഇവരോടൊപ്പം തദ്ദേശീയരായ 13 പാസ്റ്റർമാരും പ്രവർത്തിക്കുന്നു.

**ഇപ്പോൾ ചെയ്യുന്ന ശുശ്രൂഷകൾ**

- ഭവനസന്ദർശനം
- വേദപാഠ ക്ലാസ്സുകൾ
- പ്രാർത്ഥനായോഗങ്ങൾ സംഘടിപ്പിക്കൽ

  റ്റ്യൂഷൻ Non formal Education Programmes.

  (അനൗപചാരിക വിദ്യാഭ്യാസപരിപാടികൾ)
- യൂത്ത് ക്ലബ്ബുകളുടെ രൂപീകരണം
- SHG രൂപീകരണം
- Training of Pastors
- രണ്ട് കേന്ദ്രങ്ങളിൽ വി. കുർബാന
- പ്രാർത്ഥനാഗ്രന്ഥങ്ങളുടെയും, വേദപാഠപുസ്തകങ്ങളുടെയും ഒഡിയ വിവർത്തനം
- മാമോദീസ, വി. കുർബാന സ്വീകരണം, വി. കുമ്പസാരം ഇവയ്ക്കായി ആളുകളെ ഒരുക്കുന്നു.
- ശുചിത്വപാലന പരിപാടികൾ
- ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങുന്നതിനുള്ള അടിസ്ഥാനക്രമീകരണങ്ങൾ
- സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള അടിസ്ഥാനക്രമീകരണങ്ങൾ നടത്തുന്നു.

**സാധ്യതകൾ**

മലങ്കര സഭയുടെ രണ്ട് പ്രധാന ശുശ്രൂഷകൾക്ക് വലിയ സാധ്യതകളും ആവശ്യകതയുമാണ് ഇവിടെ നിലവിലുള്ളത്. അവ

1. സുവിശേഷവത്കരണം:- സുവിശേഷത്തിനായി ദാഹിക്കുന്ന ആളുകളെ ഇവിടെ നമുക്ക് കാണാം. വൈദികരെയും സിസ്റ്റേഴ്സിനെയും ഗ്രാമങ്ങളിലേക്ക് ക്ഷണിക്കുന്നു. ആളുകളെ ഒട്ടുമിക്ക ദിവസങ്ങളിലും കണ്ടുമുട്ടുന്നു. ക്രിസ്തുവിനെകുറിച്ച് ഇനിയും കേൾക്കാത്തവരോ, ക്രിസ്തു ഹൈന്ദവ ദൈവങ്ങളിൽ ഒരാൾ എന്ന തലത്തിലോ ഒക്കെ മനസ്സിലാക്കിയിരിക്കുന്നവരും ഇവരുടെ കൂട്ടത്തിലുണ്ട്. വിഗ്രഹാരാധനയിലും, അന്ധവിശ്വാസങ്ങളിലും, ജീവിതം തളച്ചിടുന്ന ഉത്സവങ്ങൾക്കും, പൂജകൾക്കും ആയിരക്കണക്കിന് രൂപ വൃഥാ ചെലവഴിച്ച് പട്ടിണികിടക്കുന്നവരും ഈ ഗ്രാമങ്ങളിലുണ്ട്. ഇവരെ ക്രിസ്തുവിന്റെ പ്രകാശത്തിലേക്ക് നയിക്കുക ആവശ്യമാണ്. വ്യക്തികളോടും കുടുംബങ്ങളോടും (Person to Person) സുവിശേഷം പങ്കുവയ്ക്കപ്പെടണം. ഒരു പക്ഷേ വലിയ കൺവെൻഷനുകൾക്കും മറ്റും സാധ്യതകൾ ഇപ്പോൾ കുറവാണ്. വചനപ്രഘോഷണ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെടണം (ധ്യാനകേന്ദ്രങ്ങൾ പോലെയുള്ളവ). അങ്ങനെ "അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു" (മത്താ. 4/16) എന്ന തലത്തിൽ മലങ്കര സഭയ്ക്ക് ഇവിടെ ശുശ്രൂഷ ചെയ്യാൻ കഴിയും.



ഒറീസാ മിഷനിൽ ഫാ. മാത്യു കൂടപറമ്പിൽ വിവാഹം ആശിർവദിക്കുന്നു

**നവസുവിശേഷവത്ക്കരണം**

സുവിശേഷം കേട്ട് ഒരിക്കൽ വിശ്വാസത്തിലേക്ക് വരികയും പിന്നീട് പലകാരണങ്ങളാൽ വിശ്വാസം ഉപേക്ഷിക്കുകയും ചെയ്ത ആളുകളുടെ ഇടയിൽ നവസുവിശേഷവത്കരണ സാധ്യതകളും ഇവിടെയുണ്ട്. സുവിശേഷം പ്രസംഗിക്കപ്പെട്ട് വിശ്വാസത്തിലേക്ക് വരികയും എന്നാൽ അജപാലകരുടെ അഭാവത്താൽ വിശ്വാസം നഷ്ടപ്പെട്ട ആളുകളും ഗ്രാമങ്ങളിലുണ്ട്. സാമ്പത്തിക പരാധീനതകളാൽ സുവിശേഷകർ ശുശ്രൂഷ ഉപേക്ഷിച്ച് അനാഥരായ പെന്തക്കോസ്ത് കൂട്ടായ്മകളുണ്ട്. ഇവരുടെ ഇടയിൽ നവസുവിശേഷ ശുശ്രൂഷകൾ വളരെ അത്യാവശ്യവും അതുവഴി കൂടുതൽ ആത്മാക്കളെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനുള്ള സാധ്യതകളും നിലനിൽക്കുന്നു.

**പുനരൈക്യ ശുശ്രൂഷ**

വിവിധ പെന്തക്കോസ്തൽ കൂട്ടായ്മകളുടെ ഇടയിൽ പുനരൈക്യ ശുശ്രൂഷയ്ക്ക് വലിയ സാധ്യതകളാണുള്ളത്. മലങ്കര സഭയുടെ ഈ പ്രത്യേക ശുശ്രൂഷയ്ക്ക് കൂടുതൽ സമർപ്പിതരായ അത്മായർക്ക് വലിയ സാധ്യതകളുണ്ട്. ഛിന്നഭിന്നമായ ക്രിസ്തു ശരീരത്തെയും, ക്രിസ്തീയതയെയും ഒരുമിച്ചുകൂട്ടി ക്രിസ്തുവിന്റെ യഥാർത്ഥ ചൈതന്യം ഈ പ്രദേശത്ത് പകരേണ്ടുന്ന ശുശ്രൂഷ സഭയായി നിർവ്വഹിക്കാൻ ഭാരതത്തിൽ കഴിയുക, മറ്റേത് സഭയേക്കാളും മലങ്കര സഭയ്ക്കാണ് എന്നത് സഭയായി നാം തിരിച്ചറിയണം.

**സാമൂഹിക നീതിക്കുവേണ്ടിയും മനുഷ്യ ഉന്നമനത്തിനുമായുള്ള കാരുണ്യശുശ്രൂഷകൾ**

കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും, അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്ക: 4:18 -19). ക്രിസ്തുവിന്റെ വരവിന്റെ ലക്ഷ്യം ഈ വചനം വ്യക്തമാക്കുന്നു. ഇത് സാമൂഹിക നീതിയുടെയും കാരുണ്യത്തിന്റെയും ശുശ്രൂഷകളുടെ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. സാധാരണ ജനവിഭാഗങ്ങളും ആദിവാസികളും, പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഒഡീഷയിൽ ഇന്നും വിധേയരാണ്. പട്ടിണി, കുടിവെള്ളത്തിന്റെ അഭാവം, ആവശ്യസാധനങ്ങളായ വസ്ത്രം, ഭക്ഷണം, പാർപ്പിടം ഇവ ലഭ്യമല്ലാത്ത അവസ്ഥാവിശേഷം, പോഷകാഹാരക്കുറവ്, ഗ്രാമങ്ങളിൽ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾപോലും ഇല്ലാത്ത മേഖലകൾ ഇങ്ങനെ പോകുന്നു ഇവിടുത്തെ സാധാരണ ജനത്തിന്റെ അവസ്ഥ. വിദ്യാഭ്യാസ ശുശ്രൂഷകൾ വളരെ അത്യാവശ്യവും അടിസ്ഥാന ശുശ്രൂഷയുമാണ്. ഇവിടെ ഗ്രാമങ്ങളിലെ സ്കൂളുകൾ എല്ലാം ഏകാധ്യാപക സ്കൂളുകളാണ്. അധ്യാപനം വളരെ പരിമിതമാണ്. സ്കൂളിലേക്ക് കുട്ടികൾ എത്തുന്നത് കുറവാണ്. അതുപോലെതന്നെ പുസ്തകങ്ങളും, വസ്ത്രങ്ങളും ഇല്ലാത്തതുകൊണ്ട് സ്കൂളിൽ പോകാത്ത കുട്ടികളുണ്ട്. ഇവരെ സ്കൂളിലെത്തിക്കേണ്ട ക്രമീകരണങ്ങൾ നടത്തണം. റ്റി.ബി., മലേറിയ, ഡബിൾ മലേറിയ, വിളർച്ച, അത്ര വ്യാപകമല്ലെങ്കിലും എയ്ഡ്സ് ഇങ്ങനെ പോകുന്നു ഇവിടുത്തെ രോഗനിര. എല്ലാ ഗ്രാമങ്ങളിലും ഈ രോഗങ്ങൾ പടർന്നുപിടിച്ചിട്ടുണ്ട്. ആശുപത്രികൾ വളരെ അകലെയാണ്. ആധുനിക സൗകര്യങ്ങൾ ഉള്ള ആശുപത്രികളോ മെഡിക്കൽ കോളേജുകളോ നാം പ്രവർത്തിക്കുന്ന രണ്ട് ജില്ലകളിലും ഇല്ല. കാർഷികമേഖല വളരെ അസംഘടിതമാണ്. കൃഷി ആവശ്യത്തിനുള്ള വായ്പകൾ കൂടുതലും സ്വകാര്യ വ്യക്തികളോടും ബ്ലയ്ഡ് മാഫിയകളുടെയും പക്കൽ നിന്നാണ്. അന്യസംസ്ഥാനങ്ങളിൽനിന്ന് വന്ന് വാണിജ്യം നടത്തുന്ന സംഘങ്ങളാണ് ഇത് നിയന്ത്രിക്കുന്നത്.

ഇങ്ങനെ എണ്ണി പറയുവാൻ അനേകം പിന്നോക്ക, ചൂഷണ അവസ്ഥകൾ ഇവിടെ നിലനിൽക്കുന്നു. കാരുണ്യത്തിന്റെ സംഘാത്മക പ്രവർത്തനങ്ങൾ ചെയ്താൽ മാത്രമേ ക്രിസ്തു നൽകുന്ന സമഗ്രവിമോചനം പങ്കുവയ്ക്കാൻ ഇവിടെ സഭയ്ക്കാകുകയുള്ളൂ.

**നാം ചെയ്യേണ്ടത്**

ഒഡീഷാ മിഷൻ കൂടുതൽ സജീവമാകാൻ സഭ ഒരുമിച്ച് ഈ മിഷൻ ഏറ്റെടുക്കണം. ഒന്നാമതായി മിഷനറിമാരുടെ ആവശ്യമാണ്. മിഷൻ ശുശ്രൂഷകൾ സജീവമാക്കാൻ കൂടുതൽ വൈദീകരും സന്ന്യസ്തരും, അത്മായരുമടങ്ങുന്ന സുവിശേഷ പ്രവർത്തകർ ഒഡീഷയിലേക്ക് വരണം. സുവിശേഷസംഘത്തിലെ ആളുകൾ, ഇവിടെ പ്രവർത്തിക്കാൻ തയ്യാറായാൽ അടുത്ത ഏതാനും വർഷത്തിൽ ഒരു പുതിയ രൂപത ഇവിടെ നിലവിൽവരാൻ തക്കവിധത്തിലുള്ള വളർച്ച ഇവിടെ നേടാനാകും. സന്ന്യസ്തരുടെ പ്രത്യേകിച്ച് സിസ്റ്റേഴ്സിന്റെ ശുശ്രൂഷ ഇവിടെ വളരെ ആവശ്യമാണ്. ത്യാഗഭാവത്തോടെ സമർപ്പിതർ കടന്നുവരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് എന്ന് തിരിച്ചറിയണം. കേരളത്തിലെപ്പോലെ വിശ്വാസത്തിൽ ഉറച്ച ഇടവകക്കൂട്ടായ്മയിലെ അത്മായശുശ്രൂഷകൾ ആ ഇടവകകളുടെ ആത്മീയ ശുശ്രൂഷകൾ ഏറ്റെടുത്ത് സന്ന്യാസിനികളെ പുതിയ മിഷൻ പ്രദേശങ്ങളിലേക്ക് വിന്യസിക്കാൻ തയ്യാറാകണം. കേരളത്തിലെ മലങ്കര വൈദീക കൂട്ടായ്മകൾ പ്രത്യേകിച്ച് ചെറുപ്പക്കാരായ വൈദീകർ കുറച്ചുകാലമെങ്കിലും ഈ മിഷൻ ശുശ്രൂഷകൾ വെല്ലുവിളിയായി സ്വീകരിച്ച് ഇവിടേക്ക് വരുന്നത് ആവശ്യമാണ്. അങ്ങനെ വൈദീകർ ഈ മേഖലയിലേക്ക് വരുമ്പോൾ കേരളത്തിലെ രൂപതകളിലുണ്ടാകുന്ന ശുശ്രൂഷകളുടെ അമിതഭാരം വഹിക്കാൻ രൂപതകളിലെ മറ്റ് വൈദീകർ തയ്യാറാകണം.

സാമ്പത്തികമായ സഹായം, ഇതരവിഭവങ്ങളുടെ പങ്കുവയ്ക്കൽ ഇവയ്ക്ക് സഭയിലെ എല്ലാവരും തയ്യാറാകണം. മുംബൈ, പൂനെ, ഭോപ്പാൽ, ബാംഗ്ലൂർ, ഡൽഹി ഇവിടങ്ങളിൽനിന്നും മൂവാറ്റുപുഴയിലെ ഒരു സീറോ മലബാർ ഇടവകയിൽനിന്നും മാവേലിക്കരയിലെ കൈതക്കോട് ഇടവകയിൽ നിന്നും ധാരാളം ഉപയോഗിച്ച വസ്ത്രങ്ങൾ ശേഖരിച്ച് ഇവിടേക്ക് നൽകിയിരുന്നു. ഒരു കാലത്ത് കേരളത്തിലെ പല രൂപതകളിലും വസ്ത്രവും, ഭക്ഷണവും, മറ്റ് സ്ഥലങ്ങളിലെ ക്രൈസ്തവകൂട്ടായ്മകൾ നൽകിയത് സ്വീകരിച്ചാണ് നാം വളർന്നത്. ഇപ്പോൾ നമുക്ക് അവ പങ്കുവയ്ക്കാൻ പ്രാപ്തിയുണ്ട്. ഇതിന് നാം സഭയായി തയ്യാറാകണം. കുടുംബങ്ങളെ ദത്തെടുത്തും കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം തുടർച്ചയായി നൽകിയും ഇതിൽ പങ്കുചേരാവുന്നതാണ്. നമ്മുടെ സഭാംഗങ്ങൾ ഒഡീഷാ മിഷൻ സന്ദർശിക്കുന്നത് ഇവിടുത്തെ അവസ്ഥ നേരിൽ കണ്ട് മനസ്സിലാകുന്നതിന് കൂടുതൽ സഹായകമാകും.

അങ്ങനെ മനുഷ്യവിഭവത്തിന്റെയും സാമ്പത്തികവും മറ്റ് ഇതര വിഭവങ്ങളുടെയും പങ്കുവയ്ക്കലും ഈ മിഷന്റെ വളർച്ചയ്ക്ക് കൈത്താങ്ങാകുന്നതാണ്. ഇവയുടെ ശേഖരണത്തിന്റെ പലപദ്ധതികൾ ഗുഡ്ഗാവ് രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനിയുടെ നേതൃത്വത്തിൽ ആസൂത്രണം ചെയ്യുന്നു. ഇതിനോട് സഹകരിക്കണമെന്ന് പ്രത്യേകം ആഹ്വാനം ചെയ്യുന്നു.

**ഉപസംഹാരം**

"ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അവരോട് അനുകമ്പതോന്നി" (മത്താ: 9:36). ക്രിസ്തുവിന്റെ ഈ അനുകമ്പയാണ് ആ പ്രകാശം ദർശിക്കാത്ത അനേകർക്ക് സുവിശേഷം നൽകാൻ നമ്മെ പ്രേരിപ്പിക്കേണ്ടത്. ലേഖനത്തിന്റെ ആരംഭത്തിലെ ദിനചര്യയിൽ പറയുന്നതുപോലെ ഇവിടുത്തെ മിഷൻ ശുശ്രൂഷ സഹനത്തിന്റെയും ത്യാഗത്തിന്റേതുമാണ് ദീർഘദൂരയാത്ര. അത്യാവശ്യ ടോയ്ലറ്റ് സൗകര്യങ്ങൾ പോലുമില്ലാത്ത, ജനലുകളോ മറ്റോ ഇല്ലാത്ത ഒറ്റമുറിവീടുകളിൽ താമസം, സമയത്തോ അസമയത്തോ ഭക്ഷണം, സ്വന്തമായി പള്ളിയോ സ്ഥലമോ ഇല്ലാതെ ഗ്രാമങ്ങളിലെ വീടുകളിലും മറ്റും പ്രാർത്ഥനയും കുർബാനയും, ഇങ്ങനെയുള്ള പ്രതിസന്ധികൾ ഇവിടെ കാത്തിരിക്കുന്നുണ്ട്. എങ്കിലും കാലിത്തൊഴുത്തിൽ യേശു പിറന്നതാണ് ലോകത്തിന് സദ്വാർത്തയായത്. സുവിശേഷത്തിന്റെ ആ സന്തോഷം പങ്കുവയ്ക്കാൻ സഭയായി നമുക്ക് ഒരുങ്ങാം. ഏവർക്കും ക്രിസ്തുമസ് ആശംസകൾ.



# സുവിശേഷസംഘവും ഹോസ്പിറ്റൽ മിനിസ്ട്രിയും

**സിസ്റ്റർ സെറീനാ എസ്.ഐ.സി**

രൂപതാതല സുവിശേഷ സംഘാംഗം

"ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു" (മത്താ. 25:36)

തിരുവല്ലാ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് പിതാവിന്റെ ആഗ്രഹപ്രകാരം, ഫാമിലി അപ്പസ്തോലേറ്റിന്റെ നേതൃത്വത്തിൽ മൂന്നു വർഷം മുമ്പു പുഷ്പഗിരി ആശുപത്രിയിൽ ഒരു മദ്ധ്യസ്ഥപ്രാർത്ഥനാ യജ്ഞം സമാരംഭിച്ചു. ആഴ്ചയിൽ ഒരു ദിവസം പുഷ്പഗിരി ചാപ്പലിൽ വിശുദ്ധ കുർബാന എഴുന്നള്ളിച്ചുവച്ച് രോഗികൾക്കും സ്റ്റാഫ് ആൻഡ് സ്റ്റുഡൻസിനും വേണ്ടി ആരാധനയും മദ്ധ്യസ്ഥ പ്രാർത്ഥനയും നടത്തുവാൻ തീരുമാനിച്ചു. ഏതാനും അത്മായ സഹോദരങ്ങൾ ഈ ശുശ്രൂഷയ്ക്ക് സന്നദ്ധരായി കടന്നുവന്നു. അംഗങ്ങളെ ഗ്രൂപ്പുകളായി തിരിച്ച്, ഓരോ ആഴ്ചയും വരേണ്ടവരെ നിശ്ചയിച്ച് ഈ ശുശ്രൂഷ അഭംഗുരം നടന്നുവന്നു. വൈദികരുടെയോ, സിസ്റ്റേഴ്സിന്റെയോ നേതൃത്വത്തിൽ മൂന്നുപേർ അടങ്ങുന്ന ഒരു ഗ്രൂപ്പ് ഈ സമയം രോഗീ സന്ദർശനവും നടത്തി വന്നു.

മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ രണ്ട് വൈദികർ Chaplains ആയി സേവന മനുഷ്ഠിക്കുന്നുണ്ട്. അവരുടെ ഭാരിച്ച ശുശ്രൂഷക്ക് സഹായകരമാംവിധം ഈ പ്രാർത്ഥനാ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെ വിപുലീകരിക്കുവാൻ, ഹോസ്പിറ്റൽ സി. ഇ. ഒ, ഫാ. ഷാജി വാഴയിലച്ചൻ ആഗ്രഹിക്കുകയും, Prayer Ministry യുടെ Co- ordinater, സി. സെറീനയെ ഈ വിവരം അറിയിക്കുകയും ചെയ്തു. തിരുവല്ലാ അതിരൂപതയിൽ സുവിശേഷസംഘം ആദ്യ ബാച്ചിന്റെ രൂപീകരണം നടന്നുകൊണ്ടിരിക്കുന്ന കാലയളവായിരുന്നതിനാൽ, സുവിശേഷ സംഘാംഗങ്ങളിൽ കുറച്ചു പേർ കൂടി ഈ ശുശ്രൂഷയ്ക്ക് സന്നദ്ധരായി. അങ്ങനെ ആഴ്ചയിൽ മൂന്നു ദിവസം (തിങ്കൾ, ചൊവ്വാ, ബുധൻ) കൃത്യമായി ഈ ശുശ്രൂഷ നടക്കത്തക്ക വിധത്തിൽ അംഗങ്ങളെ ഗ്രൂപ്പുകളായി തിരിച്ചു. സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ ഒരു സിസ്റ്ററും രണ്ട് അത്മായരും അടങ്ങുന്ന രണ്ടു ഗ്രൂപ്പുകൾ ഹോസ്പിറ്റലിലെ വിവിധ വാർഡുകളിൽ മാറി മാറി സന്ദർശനം നടത്തുന്നു. സന്നിഹിതരായ ബാക്കി അംഗങ്ങൾ ഹോസ്പിറ്റലിലെ ആരാധനാ ചാപ്പലിൽ ഇരുന്ന് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുന്നു.

അംഗങ്ങൾ ഒന്നിച്ചു ദിവ്യകാരുണ്യ സന്നിധിയിൽ പ്രാർത്ഥിച്ച് ആരംഭിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്ന ഈ ശുശ്രൂഷക്ക് വളരെ പ്രത്യേകമായ ഒരു അഭിഷേകം ലഭിക്കുന്നതായി അംഗങ്ങൾക്ക് അനുഭവപ്പെടുന്നുണ്ട്. ഓരോ ഗ്രൂപ്പും രോഗികളുടെ അടുത്തേക്ക് കടന്നുചെന്ന് അവരുമായി ഒരു സ്നേഹസംഭാഷണം നടത്തുകയും, അവരെ കാണുവാനും കേൾക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനുമാണ് വന്നിരിക്കുന്നതെന്ന് അവരെ അറിയിക്കുകയും ചെയ്യുന്നു. ജാതിമതഭേദമെന്യേ എല്ലാവരും ഏറെ സന്തോഷത്തോടെയാണ് ഞങ്ങളെ സ്വീകരിക്കുന്നത്. മറിച്ചുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ പോലും ഇതുവരെ അനുഭവപ്പെട്ടിട്ടില്ല. രോഗിയുടെ ജാതി-മത-വിശ്വാസങ്ങളെ മാനിച്ചുകൊണ്ട് അവരോട് ഇടപെടാൻ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കത്തോലിക്കാ സഭയിൽപെട്ട രോഗികളോട് സംസാരിക്കുമ്പോൾ അവരുടെ പ്രാർത്ഥനാജീവിതം, കൗദാശിക ജീവിതം എന്നിവ ചോദിച്ചു മനസ്സിലാക്കി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആവശ്യക്കാരെ വിശുദ്ധ കുമ്പസാരത്തിന് ഒരുക്കി ബഹുമാനപ്പെട്ട വൈദികരെ ക്രമീകരിച്ചുകൊടുക്കുകയും ചെയ്യുന്നു. അത്യാവശ്യ സന്ദർഭങ്ങളിൽ രോഗീലേപനത്തിനുള്ള സൗകര്യവും ക്രമീകരിച്ചുകൊടുക്കുന്നു. ഉള്ളുതുറന്നു സംസാരിക്കുവാനും കൂടുതൽ പ്രത്യാശയോടെ ജീവിതത്തെ കാണുവാനും രോഗികൾക്കും, കൂടെ സഹായിക്കുവാൻ നിൽക്കുന്നവർക്കും ഈ സന്ദർശനം ഇടയാക്കുന്നു. ഞങ്ങളോടൊപ്പം പാടിയും പ്രാർത്ഥിച്ചും ശക്തിക്കതീതമായി സ്തുതിച്ചും പ്രത്യാശയിൽ കഴിയുന്ന രോഗികളെ ആദരവോടെ മാത്രമെ സ്മരിക്കാൻ സാധിക്കുന്നുള്ളൂ. രോഗവും അനുബന്ധിതമായ സാമ്പത്തിക പ്രശ്നങ്ങളും കൂടികലർന്ന ക്ലേശിതരെ ആശ്വാസവാക്കുകളാലും ആലോചനകളാലും പ്രാർത്ഥനാ വാഗ്ദാനങ്ങളാലും ബലപ്പെടുത്തുവാൻ ടീമംഗങ്ങളെ കർത്താവ് ഉപകരണങ്ങളാകുന്നു. ഒരു സന്ദർശനം കൊണ്ട് എല്ലാം പരിഹൃതമാകുമെന്ന് ടീമംഗങ്ങൾ ആരും തന്നെ കരുതുന്നില്ല. കൂടുതൽ സഹായം ആവശ്യമുള്ള ചിലർക്കെങ്കിലും അതിനുള്ള അവസരങ്ങൾ ക്രമീകരിച്ചു കൊടുക്കുവാൻ സാധിക്കുന്നുണ്ട്.



സുവിശേഷസംഘാംഗങ്ങൾ പുഷ്പഗിരി ആശുപത്രിയിൽ സി സെറീനായുടെ നേതൃത്വത്തിൽ രോഗി സന്ദർശനം നടത്തുന്നു

ശിഥിലീകരിക്കപ്പെട്ട കുടുംബാന്തരീക്ഷം മൂലം ക്ഷയിച്ചുപോയവർ, വിവാഹേതര ബന്ധത്തിലകപ്പെട്ട് ചതിക്കപ്പെട്ടവർ, ആത്മഹത്യക്കു ശ്രമിച്ച യുവതീയുവാക്കന്മാർ, അമിത മദ്യപാനം മൂലം അപകടത്തിൽ പെട്ടവർ, നിത്യരോഗികളായവർ തുടങ്ങി പ്രത്യേക ശ്രദ്ധയും സ്വാന്ത്വനവും ആവശ്യമുള്ളവരാണ് രോഗികളിൽ പലരും. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റിൽ മരണത്തെ മുഖാമുഖം കണ്ട് നിമിഷങ്ങൾ കാത്തുകിടക്കുന്നവരുടെ സഹനം ഏറെ വേദനിപ്പിക്കുന്നവയാണ്. കാരുണ്യപൂർവമായ ഇടപെടലിലൂടെ ചെറിയ തോതിലെങ്കിലും പ്രത്യാശപകരുവാൻ സാധിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ആരോഗ്യം, കഴിവ്, സമ്പത്ത് തുടങ്ങി എല്ലാത്തിന്റെയും ദശാംശം ദൈവത്തിനു വേണ്ടി വിനിയോഗിക്കുന്നതിനാവശ്യമായ ത്യാഗം ഏറ്റെടുക്കുവാൻ സന്നദ്ധരായി പ്രതിബദ്ധതയോടുകൂടി, യാതൊരു സമ്മർദവും കൂടാതെയാണ് അംഗങ്ങൾ ഈ ശുശ്രൂഷക്കായി കടന്നുവന്നിരിക്കുന്നത്. Retirement ജീവിതം, സ്വന്തം കുടുംബത്തിലെ ജോലികൾ ഒരുവിധം ചെയ്തുതീർത്ത്, ബാക്കിസമയം സുഖമായി കിടന്നുറങ്ങുകയോ, മറ്റു മാനസിക ഉല്ലാസത്തിനു വേണ്ടിയുള്ള കാര്യങ്ങൾ ക്രമപ്പെടുത്തുകയോ ചെയ്യുന്നതിനേക്കാൾ എത്രയോ ശ്രേഷ്ടമാണ് സ്വർഗ്ഗത്തിൽ നിക്ഷേപം കൂട്ടിവയ്ക്കാനുപകരിക്കുന്ന ഈ ശുശ്രൂഷ. "ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ വന്നു കണ്ടു" എന്ന ദിവ്യനാഥന്റെ സമാശ്വാസ വചനം കേൾക്കാൻ ഇതു സഹായിക്കും എന്ന് അംഗങ്ങൾ ഉറച്ചു വിശ്വസിക്കുന്നു.

ഓരോ ദിവസവും കൂടുതൽ സന്തോഷത്തോടും ചാരിതാർഥ്യത്തോടും കൂടിയാണ് അംഗങ്ങൾ ഈ ശുശ്രൂഷയ്ക്കായി കടന്നു വരുന്നത്. കിഡ്നി രണ്ടും തകരാറിലായി ഡയാലിസിസ് നടത്തി അസ്വസ്ഥരായി കഴിയുന്നവരെയും, തെറ്റായ ജീവിത ശൈലിയിലൂടെ കെണികളിൽ അകപ്പെട്ട് മാനസിക രോഗികളായ യുവതീയുവാക്കളെയും, കാരുണ്യവാനായ ദൈവം ഈ അവസ്ഥയിലും അവരെ സ്നേഹിക്കുന്നു എന്ന സ്വാന്തന വചനം പറഞ്ഞുകൊടുക്കുവാൻ, വി. ഗ്രന്ഥത്തിൽ നിന്നും അവസരോചിതമായ ദൈവവചനം പറഞ്ഞു പ്രാർത്ഥിക്കുവാൻ, പരിശുദ്ധാത്മാവ് എളിയവരായ ഞങ്ങളിലൂടെ പ്രവർത്തിക്കുന്നതിനെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. വിദ്യാഭ്യാസം, സാമ്പത്തികം, സൗന്ദര്യം, സ്ഥാനമാനങ്ങൾ തുടങ്ങി പലകാര്യങ്ങളിലും തങ്ങളെക്കാൾ ശ്രേഷ്ഠരായ ഇവർ ദൈവം ദാനമായിത്തന്ന പ്രാണവായുപോലും ശ്വസിക്കുവാൻ കഷ്ടപ്പെടുന്നതു കാണുമ്പോൾ സ്വന്തം ദുഃഖ ദുരിതങ്ങൾ തുലോം നിസ്സാരമാണെന്ന തിരിച്ചറിവ് ടീമംഗങ്ങളെ വിനീതരാക്കുന്നു. ഓരോ ദിവസവും ശുശ്രൂഷ കഴിഞ്ഞ് വീട്ടിൽ മടങ്ങിയെത്തുമ്പോഴും രോഗശയ്യയിൽ കണ്ടുമുട്ടിയവരുടെ കദനകഥകളും, ജീവിതസാഹചര്യങ്ങളും സമർപ്പിച്ചു പ്രാർത്ഥിക്കുവാനുള്ള ഉൾപ്രേരണ പരിശുദ്ധാത്മാവ് നൽകുന്നുണ്ട്. "എന്റെ ഈ ചെറിയവരിൽ ഒരുവന് ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് എന്ന ദൈവവചനം പ്രാവർത്തികമാക്കുന്നതിലെ ആത്മസംതൃപ്തി ഓരോ സുവിശേഷസംഘാംഗത്തിന്റെയും ഉള്ളു നിറയ്ക്കുന്നു. കുടുംബ പ്രാർത്ഥന കൂടുതൽ സജീവമാക്കുന്നതിനും, കുടുംബകാര്യങ്ങളിൽ കർത്താവിന്റെ ഇടപെടൽ, കൂടുതൽ വ്യക്തമായി മനസിലാക്കി നന്ദി നിറഞ്ഞ ഹൃദയത്തോടെ ജീവിക്കുന്നതിനും ഈ ശുശ്രൂഷ സഹായിക്കുന്നു.

രോഗീസന്ദർശനത്തിന് മുമ്പും പിൻപുമുള്ള ആരാധനാവേളയിൽ രോഗികൾക്കു വേണ്ടി അവരുടെ ബന്ധുമിത്രാദികൾ പ്രാർത്ഥനാനിയോഗങ്ങളുമായി വന്ന് ഞങ്ങളോടൊപ്പം പ്രാർത്ഥനയിൽ പങ്കുകൊള്ളുകയും ലഭിച്ച സൗഖ്യത്തിന് നന്ദിപറഞ്ഞ് ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്ന അനുഭവങ്ങൾ ഹൃദയസ്പർശിയാണ്. കാലങ്ങളായി കീറാമുട്ടിയായി അനുഭവപ്പെട്ടിരുന്ന പല പ്രശ്നങ്ങളും അത്ഭുതകരമായി പരിഹൃതമായതായും, മെച്ചപ്പെട്ട തീരുമാനങ്ങൾ എടുക്കുവാൻ സവിശേഷമാം വിധം കൃപലഭിച്ചതായും ടീമംഗങ്ങൾ പങ്കുവച്ച് നന്ദിയോടെ ദൈവത്തിന് സ്തുതിയും സ്തോത്രവും അർപ്പിക്കുന്നുണ്ട്. ഈ ശുശ്രൂഷയിലൂടെ രോഗികൾക്കും ടീമംഗങ്ങൾക്കും ലഭിക്കുന്ന കൃപകൾ അവാച്യമാണെന്ന് അതിശയോക്തി കൂടാതെ പറഞ്ഞുകൊള്ളട്ടെ. മുപ്പതോളം അംഗങ്ങൾ പങ്കെടുക്കുന്ന ഈ ശുശ്രൂഷ ചെയ്യുവാൻ എല്ലാവരുടെയും പ്രാർത്ഥന ഞങ്ങൾക്ക് സഹായകമാകട്ടെ. ഇതിന്റെ സുഗമമായ നടത്തിപ്പിന് പുഷ്പഗിരി കുടുംബത്തിൽ നിന്നും ലഭിക്കുന്ന എല്ലാ പ്രോത്സാഹനങ്ങൾക്കും അനുകൂല സാഹചര്യങ്ങൾക്കും സർവശക്തനായ ദൈവം പ്രതിഫലം തരട്ടെ.



സുവിശേഷസംഘാംഗങ്ങൾ പുഷ്പഗിരി ആശുപത്രിയിൽ സി സെറീനായുടെ നേതൃത്വത്തിൽ രോഗി സന്ദർശനം നടത്തുന്നു

(യേശുക്രിസ്തു .. *2-ാം പേജിൽ നിന്നും തുടർച്ച*)
തിയനെന്നോ വ്യത്യാസമില്ലാതെ എല്ലാവർക്കുമായി നൽകപ്പെടുന്നു (റോമ 11:30-32, 9:30-33, 11:11-16; മർക്കോസ് 13:10).

**യേശുക്രിസ്തുവിന്റെ പിതാവായ ദൈവം**

ക്രിസ്തു ദൈവത്തെ പിതാവായി അവതരിപ്പിച്ചു. ആ പിതാവിനാണ് ക്രിസ്തുവിന്റെ സന്ദേശത്തിലെ പ്രമുഖസ്ഥാനം. ഒരു യഹൂദന് സങ്കല്പിക്കാൻ പോലും കഴിയാത്ത അബ്ബാ എന്ന പദം ഉപയോഗിച്ചാണ് യേശു ദൈവത്തെ അഭിസംബോധന ചെയ്തത്. കൊച്ചുകുട്ടികൾ അവരുടെ പിതാവിനെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്ന പദമായിരുന്നു അബ്ബാ. തന്റെ പരസ്യ ജീവിതത്തിൽ 'എന്റെ പിതാവ്' എന്നും 'നിങ്ങളുടെ പിതാവ്' എന്നും യേശു വേർതിരിക്കുന്നു. ആദത്തിന്റെ പാപം മൂലം അവന്റെ പിൻതലമുറകൾക്കും ദൈവത്തെ അബ്ബാ എന്ന് വിളിക്കാനുള്ള അവകാശം നഷ്ടപ്പെട്ടു. യേശു ദൈവത്തെ വിളിച്ചിരുന്നതുപോലെ, പിതാവായ ദൈവത്തെ അബ്ബാ എന്ന് വിളിക്കാനുള്ള അവകാശം നമുക്ക് വീണ്ടെടുത്ത് നൽകാനാണ് ദൈവപുത്രൻ ഭൂമിയിലേക്ക് വന്നത്. യേശുവിന്റെ രക്ഷാകര രഹസ്യങ്ങളിലൂടെയും പരിശുദ്ധാത്മ ആഗമനത്തിലൂടെയും നാം ദൈവത്തിന്റെ പുത്രീപുത്രന്മാരായി തീർന്നു. അതിനാൽ നമുക്ക് ഇനി ദൈവത്തെ അബ്ബാ എന്ന് ഉറച്ച ബോധ്യത്തോടെ വിളിക്കാം (റോമ 8:5, ഗലാത്തി. 4:6). ദൈവം തന്റെ പുത്രനിലൂടെ പുത്രത്വം നൽകിക്കൊണ്ട് മനുഷ്യവംശത്തോട് മുഴുവൻ കരുണ കാണിച്ചു.

**ഉപമകളിലെ കരുണയുള്ള പിതാവ്**

നല്ല സമരിയാക്കാരന്റെ ഉപമയിലൂടെയും (ലൂക്കാ 10:25-37) ധൂർത്ത പുത്രന്റെ ഉപമയിലൂടെയും (ലൂക്ക 15:11-32) ദൈവം കരുണയുള്ള പിതാവാണെന്ന് യേശു നമ്മെ പഠിപ്പിച്ചു. നല്ല സമരിയക്കാരന്റെ ഉപമയിൽ കരുണയുടെ മാതൃകയായി നല്ല സമരിയക്കാരനെ യേശു അവതരിപ്പിക്കുന്നു. അശുദ്ധർ എന്നു പറഞ്ഞ് യേശുവിന്റെ കാലത്ത് യഹൂദർ സമരിയാക്കാരെ തള്ളിക്കളഞ്ഞിരുന്നു. വഴിയരികിൽ മൃതപ്രാണനായി കിടന്നിരുന്ന യഹൂദനെ കണ്ട് അവനോട് അനുകമ്പ തോന്നിയ ആ സമരിയാക്കാരൻ സ്വന്തം ജോലികൾ മാറ്റി വച്ചും ആ യഹൂദനെ സഹായിക്കുവാൻ സന്നദ്ധനാകുന്നു. നമ്മുടെ സഹായം ആവശ്യമുള്ള ഏതൊരുവനും നമ്മുടെ അയൽക്കാരനാണ് എന്നും സ്നേഹം ഒരിക്കലും നമ്മുടെ കുടുംബ ബന്ധങ്ങളിലേക്കും സൗഹൃദങ്ങളിലേക്കും നമ്മുടെ അതേ വിശ്വാസ സംഹിതകൾ പങ്കുവയ്ക്കുന്നവരിലേക്കും മാത്രമായി ചുരുങ്ങി പോകാനുള്ളതല്ല എന്നും യേശു പഠിപ്പിക്കുന്നു.

കരുണ്യവാനായ പിതാവിന്റെ ഉപമ എന്ന് വിശദീകരിക്കപ്പെടുന്ന ധൂർത്തപുത്രന്റെ ഉപമയിലൂടെ ധനത്തിനും സമ്പത്തിനും വേണ്ടി പുത്രത്വം നഷ്ടപ്പെടുത്തിയ മകനോട് പിതാവ് എപ്രകാരം ക്ഷമിക്കുന്നു എന്നു മാത്രമല്ല അവൻ നഷ്ടപ്പെടുത്തിയ അവകാശം, പുത്രത്വം അവന് തിരികെ ലഭിക്കുന്നത് എങ്ങനെയെന്ന് കൂടി യേശു വ്യക്തമാക്കുന്നു.

പിതാവിന്റെ സമ്പാദ്യം നഷ്ടപ്പെടുത്തിയ മകന് നീതിയുക്തമായി അവകാശങ്ങൾ തിരികെ ലഭിക്കാൻ അർഹതയില്ല. അവനെ പിതാവിന്റെ ഭവനത്തിലെ ഒരു സേവകനാക്കാം. എന്നാൽ എങ്ങനെയാണ് ദൈവകരുണ നീതിയെ അതിലംഘിക്കുന്നത് എന്ന് ഈ ഉപമയിലൂടെ യേശു വ്യക്തമാക്കുന്നു. ഒരു മാരക പാപവും പുത്രനെ പുത്രനല്ലാതാക്കുന്നില്ല, പിതാവിനെ പിതാവും അല്ലാതാക്കുന്നില്ല. അങ്ങനെ പിതാവ് തന്നോട് തന്നെയും പുത്രനോടും വിശ്വസ്തനായി വർത്തിക്കുന്നു. ദൈവം എല്ലാ പാപങ്ങളും മറക്കുന്നു എന്ന് ഇത്



മോസ്റ്റ് റവ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ കരുണയുടെ വാതിൽ തുറക്കുന്നു

അർത്ഥമാക്കുന്നില്ല, മറിച്ച് ദൈവത്തിന്റെ കരുണാർദ്രസ്നേഹം അനുതപിക്കുന്ന പാപിയെ സ്വീകരിക്കുകയും അവന് മറ്റൊരവസരം കൂടി നൽകുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്യുന്നതിലൂടെ ദൈവം നീതിയെ ഇല്ലാതാക്കുകയല്ല, മറിച്ച് മനുഷ്യനെ അവനെക്കുറിച്ച് തന്നെയുള്ള സത്യത്തിലേക്ക്, തങ്ങൾ ദൈവമക്കളാണ് എന്ന സത്യത്തിലേക്ക് തിരികെ എത്തിക്കുന്നു.

യേശുവിന്റെ ഇഹലോകവാസത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഈ കരുണയാണ്, യേശു തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും പിതാവായ ദൈവത്തിന്റെ കാരുണ്യം പ്രതിഫലിപ്പിച്ചു. ഇപ്രകാരം വെളിപ്പെടുത്തിയ ദൈവകരുണയുടെ പരമകോടി കുരിശിലെ ബലിയായിരുന്നു.

**നമുക്ക് വേണ്ടിയുള്ള യേശുവിന്റെ ക്രൂശാരോഹണം ദൈവകരുണ വെളിപ്പെടുത്തുന്നു**

പാപം ചെയ്ത മനുഷ്യരാശിക്ക് വേണ്ടി കുരിശിൽ മരിച്ചുകൊണ്ട് പിതാവിന്റെ തിരുഹിതം യേശു പൂർണ്ണമായി അനുസരിച്ചു. "മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് വേണ്ടി മോചനദ്രവ്യമായി നൽകാനുമാണ്" എന്ന് മർക്കോസ് സുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു (മർക്കോസ് 10:45). അന്ത്യ അത്താഴ വേളയിൽ, അനേകരുടെ പാപമോചനത്തിനും നിത്യജീവനുമായി തന്റെ രക്തം ചിന്തപ്പെടുമെന്ന് യേശു പറഞ്ഞു. പാപികളുടെ രക്ഷയ്ക്ക് വേണ്ടി പാപരഹിതനായ തന്റെ ഏകജാതന്റെ രക്തം എന്തുകൊണ്ട് ദൈവം ആവശ്യപ്പെട്ടുവെന്ന് നമുക്ക് സംശയം തോന്നാം. പാപത്തിന്റെ ശമ്പളം മരണമാണ് (റോമ 6:23) എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ വേണം നാം ഈ രഹസ്യം മനസ്സിലാക്കേണ്ടത്. ഉടമ്പടി ലംഘിച്ച് പാപം ചെയ്യുന്നവർ മരണത്തിന് അർഹരാണ്. മനുഷ്യർ പരസ്പര ബന്ധിതരായതുകൊണ്ട് പാപം എല്ലാ മനുഷ്യരേയും മലിനരാക്കുന്നു. ഇങ്ങനെ മലിനരാകുന്ന എല്ലാ മനുഷ്യരും മരണശിക്ഷയ്ക്ക് അർഹരാണ്. ഈ അവസ്ഥയിൽ നിന്നും മനുഷ്യർക്ക് സ്വയം രക്ഷനേടാൻ സാധ്യമല്ല. അതിന് അവർക്ക് മറ്റാരുടേയെങ്കിലും സഹായം ആവശ്യമാണ്. ദൈവവും മനുഷ്യനുമായവന്റെ കരുണയ്ക്ക് മാത്രമേ പാപത്തിൽ നിന്നും അതിന്റെ ശമ്പളമായ മരണത്തിൽ നിന്നും നമ്മെ രക്ഷിക്കുവാൻ കഴിയുകയുള്ളു. ദൈവത്തിന്റെ ആ കരുണയുടെ പേരാണ് രക്ഷകനായ യേശുക്രിസ്തു.

നീതിമാനായ ദൈവത്തിന് മനുഷ്യരുടെ പാപങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ സാധിക്കാത്തതിനാൽ യേശു നമ്മുടെ പാപങ്ങളും (2 കോറി 5:21) അതിന്റെ ശിക്ഷയും (യോഹ 10: 17) സ്വയം ഏറ്റെടുത്തുകൊണ്ട് അവിടുത്തെ സ്ഥാനം (ദൈവപുത്രത്വം) നമുക്ക് നൽകി. ഇത് ദൈവകരുണയുടെ ഏറ്റവും വലിയ വെളിപ്പെടുത്തൽ ആയിരുന്നു. യേശു ദൈവപുത്രനായിരുന്നതിനാൽ മരണത്തിന് അവനെ കീഴടക്കാൻ കഴിഞ്ഞില്ല. എന്നാൽ തന്റെ മഹത്വമേറിയ ഉത്ഥാനത്താൽ അവൻ മരണത്തെ കീഴടക്കുകയും ചെയ്തു. യേശു സ്വമനസ്സാലാണ് നമുക്ക്വേണ്ടി ജീവൻ നൽകിയത്. യേശു പിതാവിനെ സ്നേഹിക്കുന്നതിനാൽ, അവിടുത്തെ തിരുവിഷ്ടം അനുസരിക്കുകയും നമ്മെ സ്നേഹിക്കുന്നതിനാൽ നമുക്ക് ജീവനുണ്ടാകുവാൻ സ്വന്തം ജീവൻ നൽകുകയും ചെയ്തു (യോഹ. 15:13).

തന്റെ പുത്രന്റെ രക്തത്തിൽ പ്രീതിപ്പെടുന്ന പ്രതികാരദാഹിയല്ല ദൈവം, മറിച്ച് ബലിയേക്കാൾ കരുണയാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. മനുഷ്യനല്ല അനുരഞ്ജനത്തിന്റെ ശ്രമവുമായി മുന്നോട്ടു വരുന്നത്. പിന്നെയോ, ക്രിസ്തുവിലൂടെ ദൈവമാണ് ലോകത്തെ തന്നോട് അനുരഞ്ജിപ്പിച്ചത് (2 കോറി. 5:17). തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു (യോഹ. 3:16). മരിച്ചവരിൽ നിന്നും ക്രിസ്തുവിനെ ഉയർപ്പിച്ചതിലൂടെ ദൈവം അവനോടുള്ള തന്റെ സ്നേഹം പ്രകടമാക്കികൊണ്ട് (അപ്പ. പ്ര. 13:30) തന്റെ കരുണാർദ്ര സ്നേഹം മരണത്തേക്കാൾ ശക്തിയേറിയതാണെന്ന് തെളിയിച്ചു. തിന്മയേയും വെറുപ്പിനെയും സ്നേഹവും, മരണത്തെ ജീവനും കീഴ്പ്പെടുത്തുന്നു എന്നതിന്റെ അടയാളമാണിത്. അതോടൊപ്പംതന്നെ നീതിയ്ക്കുമേൽ കരുണ വിജയം വരിക്കുന്നുവെന്ന് ക്രിസ്തുവിന്റെ ഉത്ഥാനം സൂചിപ്പിക്കുന്നു (യാക്കോ. 2:13). രക്ഷാകര രഹസ്യം ആത്യന്തികമായ ദൈവത്തിന്റെ കരുണയുടേയും, സ്നേഹത്തിന്റെയും രഹസ്യമാണ്.

രക്ഷ നേടാൻ നാം ഒന്നും ചെയ്യണ്ട എന്ന് ഇത് അർത്ഥമാക്കുന്നില്ല. വസ്തുനിഷ്ഠമായി ദൈവം മനുഷ്യരാശിയെ മുഴുവൻ മരണത്തിന്റെ അടിമത്വത്തിൽ നിന്നും രക്ഷിച്ച് ജീവന്റെ പുതുവഴി തുറന്നു തന്നു. എന്നാലും സ്വതന്ത്രരായി സൃഷ്ടിക്കപ്പെട്ട നാം ഓരോരുത്തരും വിശ്വാസത്തിലൂടെയും, അനുതാപത്തിലൂടെയും മാമോദീസ എന്ന കൂദാശയിലൂടെയും ദൈവം നമുക്ക് വച്ച് നീട്ടുന്ന രക്ഷ എന്ന മഹാദാനത്തിന് സമ്മതം നൽകേണ്ടിയിരിക്കുന്നു. നമ്മെക്കൂടാതെ നമ്മെ സൃഷ്ടിച്ച ദൈവം നമ്മുടെ അനുവാദമില്ലാതെ നമ്മെ രക്ഷിക്കുകയില്ല എന്ന് വി. അഗസ്റ്റിൻ പഠിപ്പിക്കുന്നു. നമ്മുടെ രക്ഷയ്ക്ക് വേണ്ടിയുള്ള യേശുവിന്റെ മരണം നാം എന്തിന് വിളിക്കപ്പെട്ടിരിക്കുന്നുവോ അത് ചെയ്യുവാനുള്ള നമ്മുടെ സ്വാതന്ത്ര്യത്തിന് പകരമാവുകയില്ല. ചുരുക്കത്തിൽ, ദൈവകരുണയുടെ ഫലമാണ് രക്ഷ, അനുതാപമുള്ള ഹൃദയത്തോടെ കരുണയ്ക്കു വേണ്ടി യാചിക്കുന്നവർ അത് സ്വന്തമാക്കുന്നു.

**3. സഭ: കരുണയുടെ ജീവിക്കുന്ന സാക്ഷ്യം**


പിതാവിനെപ്പോലെ കരുണയുള്ളവരായിരിക്കുവാൻ ക്രിസ്തു തന്റെ അനുയായികളെ ക്ഷണിക്കുന്നു. തന്റെ ഗിരിപ്രഭാഷണത്തിലൂടെ കരുണയുള്ളവർ ഭാഗ്യവാന്മാരാണ് എന്ന് അവിടുന്ന് പ്രഖ്യാപിച്ചു. ദൈവം നമ്മോട് ക്ഷമിക്കുകയും കരുണകാണിക്കുകയും ചെയ്തതുപോലെ നമ്മളും മറ്റുള്ളവരോട് ക്ഷമിക്കുകയും കരുണകാണിക്കുകയും വേണം. വി. പൗലോസ് ശ്ലീഹാ എഫസോസുകാർക്കെഴുതിയ ലേഖനത്തിൽ "ദൈവം ക്രിസ്തു വഴി നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിച്ചും കരുണ കാണിച്ചും ഹൃദയാർദ്രതയോടെ പെരുമാറുവിൻ" എന്ന് ഉദ്ബോധിപ്പിക്കുന്നു (എഫേ. 4:32). ക്രിസ്തു തന്നെയാണ് നമ്മുടെ മാതൃകയും പ്രചോദനവും. ക്രിസ്തുവിനെ മാതൃകയാക്കുമ്പോൾ സവിനയം മറ്റുള്ളവരോട് കരുണ കാണിക്കാൻ നമുക്ക് സാധിക്കും.

ദൈവം നമ്മോട് കരുണകാണിച്ചതുപോലെ നമ്മളും നമ്മുടെ കടക്കാരോട് കരുണ കാണിക്കണം എന്ന് നിർദയനായ ഭൃത്യന്റെ ഉപമയിലൂടെ ക്രിസ്തു നമ്മെ ഓർമ്മിപ്പിക്കുന്നു (മത്താ. 18:23-35). ദൈവത്തിൽ നിന്നും കരുണ സ്വീകരിച്ചിരിക്കുന്ന നമ്മൾ കരുണ പങ്കുവയ്ക്കണം. അപ്പോൾ ദൈവം നമ്മോട് ക്ഷമിക്കുകയും നമ്മിൽ കരുണ നിറയ്ക്കുകയും ചെയ്യും. അതു നാം മറ്റുള്ളവർക്ക് ദൈവകരുണയുടെ ഉപകരണമാകുന്നതിനുവേണ്ടിയാണ്. കണ്ടുമുട്ടുന്നവരിൽ ദൈവകരുണ പ്രതിഫലിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

''ആരാണ് ജോർജ്ജ് മരിയോ ബെർഗോഗ്ലിയോ'' എന്നായിരുന്നു 2013 ആഗസ്റ്റിൽ പരി. പിതാവ് ഫ്രാൻസിസ് മാർപാപ്പായെ അന്റോണിയെ സ്പാർദോ എന്ന ഈശോ സഭ വൈദികൻ അഭിമുഖം നടത്തിയപ്പോൾ ആദ്യം ചോദിച്ചത്. ഒരു ചെറിയ മൗനത്തിനുശേഷം ഫ്രാൻസിസ് മാർപാപ്പ ഇങ്ങനെ മറുപടി പറഞ്ഞു "ദൈവം കരുണാപൂർവ്വം തൃക്കൺപാർത്ത ഒരു പാപിയാണ് ഞാൻ.'' ദൈവത്തിൽ നിന്നും കരുണ സ്വീകരിച്ച താൻ അത് സന്തോഷപൂർവ്വം മറ്റുള്ളവർക്ക് പങ്കുവയ്ക്കണം എന്ന് ഫ്രാൻസിസ് മാർപാപ്പയ്ക്ക് ഉറച്ച ബോധ്യം ഉണ്ട്. ഈ കാരുണ്യ വർഷത്തിൽ എല്ലാ മനുഷ്യരും തങ്ങളോട് തന്നെയും, മറ്റുള്ളവരോടും പ്രകൃതിയോടും കരുണ കാണിക്കാൻ ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നു.

ഈ ജൂബിലി വർഷത്തിൽ ലോകമെമ്പാടുമുള്ള ദേവാലയങ്ങളിൽ തുറക്കപ്പെട്ട കരുണയുടെ വാതിലിലൂടെ പ്രവേശിക്കുന്നത് രക്ഷയും പാപമോചനവും പ്രാപിക്കുന്നതിനെ സൂചിപ്പിക്കുന്നു. അനുതാപമാർന്ന ഹൃദയത്തോടെ കർത്താവിങ്കലേക്ക് തിരിയുവാനും അവിടുത്തെ കരുണ തേടുവാനും, ആ കരുണ മറ്റുള്ളവരിലേക്ക് ചൊരിയുവാനുള്ള അവസരമായി ഈ കരുണയുടെ ജൂബിലിവർഷം മാറട്ടെ! യേശുക്രിസ്തു പിതാവിന്റെ കരുണയുടെ മുഖമായിരുന്നതുപോലെ, നമ്മുടെ വാക്കിലും പ്രവൃത്തിയിലും ക്രിസ്തുവിന്റെ ജീവിക്കുന്ന കരുണയുടെ മുഖങ്ങളാകുവാൻ നമുക്ക് പരിശ്രമിക്കാം.

**മുഖമൊഴി**



# കരുണയുടെ കരം നീട്ടുക

**ഡോ. ഏബ്രഹാം ജോർജ് (എഡിറ്റർ)**
രൂപതാതല സുവിശേഷസംഘം
തിരുവനന്തപുരം മേജർ അതിഭദ്രാസനം

“കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണലഭിക്കും” (മത്തായി 5:7). ഈ വാഗ്ദാനത്തിൽ വിശ്വസിക്കേണ്ടവരാണല്ലോ എല്ലാ ക്രൈസ്തവരും. സഭയുടെ മുഖം കരുണയുടേതാണ്. വി. ബൈബിളിന്റെ സാരാംശം മുഴുവൻ കരുണയുടേതാണ്. അതുകൊണ്ടുതന്നെ ഓരോ ക്രൈസ്തവന്റേയും മുഖമുദ്ര കരുണയായിരിക്കണം. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക, സാമ്പത്തിക ക്രമത്തിന്റെ പശ്ചാത്തലത്തിൽ കരുണയുടെ മുഖം വികൃതമാകുന്നു, കരുണയുടെ നീരുറവ വറ്റിക്കൊണ്ടിരിക്കുന്നു. തീവ്രവാദവും, കാലാവസ്ഥ വ്യതിയാനവും, സാമൂഹിക അതിക്രമങ്ങളും, എല്ലാം ഇതിന്റെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാവുന്നതാണ്. കരുണയുടെ ഈ അസാധാരണ ജൂബിലി വർഷത്തിന്റെ പശ്ചാത്തലത്തിൽ കരുണയുടെ കുളിർതെന്നൽ അനുഭവവേദ്യമാക്കാമെന്ന് പ്രതീക്ഷിക്കാം.

“നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ” (ലൂക്കാ 6:36). ദൈവകരുണയുടെ ഈ ജൂബിലിവർഷത്തിൽ നമ്മുടെ വിചിന്തനത്തിനും, ധ്യാനത്തിനുമായി പരിശുദ്ധ പിതാവ് തന്നിരിക്കുന്ന വിഷയം ഇതാണല്ലൊ. മലങ്കര സുറിയാനി കത്തോലിക്കരുടെ ആരാധനയുടെ അവിഭാജ്യഘടകമാണ് “കുറിയേലായിസ്സോൻ” എന്ന യാചന. കർത്താവേ ഞങ്ങളോട് കരുണയായിരിക്കണമെ എന്നു നിരന്തരം യാചിക്കുന്ന നമുക്ക് നിർലോഭം ഈ കരുണ ലഭിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ ഈ കരുണ, പൊതുസമൂഹത്തിനും, പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവർക്കും ലഭ്യമാക്കുക ഓരോ മലങ്കര സുറിയാനി കത്തോലിക്കന്റെയും ഉത്തരവാദിത്തമാണ്. മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഈ കരുണയുടെ മുഖം പ്രകടിപ്പിക്കാനുള്ള നിയോഗം ഏറ്റെടുത്തിരിക്കുന്നത് സുവിശേഷസംഘാംഗങ്ങളാണ്.

പഴയനിയമത്തിൽ കാരുണ്യവാനായ ദൈവം തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ, ഇല്ലായ്മയിലും, വല്ലായ്മയിലും, കടലിലും കരയിലും മരുഭൂമിയിലും എല്ലാം കൈ പിടിച്ചുനടത്തുന്നു. തന്നിൽ നിന്നും ഓടി അകന്ന മനുഷ്യന്റെ രക്ഷയ്ക്കായി സ്വന്തം പുത്രനെ ക്രൂശിൽ യാഗമായി അർപ്പിച്ച് തന്റെ കാരുണ്യത്തിന്റെ പാരമ്യം പ്രകടമാക്കുന്നു. യേശുക്രിസ്തുവിന്റെ പരസ്യജീവിതകാലത്ത് വിവിധതുറകളിലുള്ള വ്യക്തികൾക്ക് കാരുണ്യത്തിന്റെ സ്വാന്തനം അനുഭവവേദ്യമാക്കുന്നതു നാം കാണുന്നു. ഈ കാരുണ്യസ്പർശത്തിന്റെ തുടർച്ച ഇന്നും ദിവ്യകാരുണ്യത്തിലൂടെ നമുക്ക് ലഭിക്കുന്നു. വി. കുർബാന കേന്ദ്രീകൃതമായ ഒരു ജീവിതത്തിനു മാത്രമേ കാരുണ്യപ്രവർത്തികൾ ചെയ്യുവാനുള്ള ഊർജ്ജം ലഭിക്കുകയുള്ളൂ. കുമ്പസാരവും വി. കുർബാനയിലുള്ള പങ്കാളിത്തവും സുവിശേഷസംഘത്തിന്റെ പ്രവർത്തനത്തിന്റെ കാതലാണല്ലോ. അനുരഞ്ജന കൂദാശയിലൂടെ, യോഗ്യതയോടെ വി. കുർബാനയിലുള്ള പങ്കാളിത്തം നമ്മെ ഈ കരുണാപ്രവാഹത്തിന്റെ ചാലകങ്ങളാക്കുന്നു. നമ്മുടെ രാഷ്ട്രപിതാവ് ഗാന്ധിജിയുടെ അഭിപ്രായത്തിൽ ഉപയോഗിക്കുന്തോറും ബലമേറുന്ന പേശിയാണ് കാരുണ്യം.

മഹത്ഗ്രന്ധങ്ങളിലോ, ദാർശനികരുടെ അഭിപ്രായത്തിലോ ഒതുങ്ങിനിൽക്കുന്ന ഒന്നല്ല കാരുണ്യം. അനുദിന ജീവിതത്തിൽ വല്ലപ്പോഴും മാത്രം പ്രകടിപ്പിക്കാനുമുള്ളതല്ല കാരുണ്യം. അത് ഒരു ജീവിത ശൈലിയായി മാറ്റേണ്ടിയിരിക്കുന്നു. ആധുനിക കാലഘട്ടത്തിലും കാരുണ്യം അന്യം നിന്നുപോയിട്ടില്ല എന്നു കാണിക്കുന്ന എത്രയോ പ്രവർത്തികൾക്ക് നാം സാക്ഷ്യം വഹിക്കുന്നു. എന്നാൽ ഇതിനെ തമസ്കരിക്കുന്നതിനുള്ള ഒരു പ്രവണത വളരെ വർദ്ധിച്ചിരിക്കുന്നു. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളിൽ വിവാദത്തിനു മാത്രമേ പ്രാധാന്യമുള്ളൂ. അഡ്വ. നീലകണ്ഠശർമ്മയുടെ ഹൃദയം മാത്യു ആച്ചാടനിൽ തുടിക്കാൻ എത്രയോ പേരുടെ കാരുണ്യം കാരണമായി. ഇത് നമ്മെ പ്രചോദിപ്പിക്കണം.

ഒരു പക്ഷേ സാമാന്യ ബുദ്ധിക്ക് ഗ്രഹിക്കാൻ പ്രയാസമുള്ള ഒരു സമീപനമാണ് ദൈവദാസി സി. റാണിമരിയയുടെ കുടുംബാംഗങ്ങൾ കാണിച്ചത്. 54 കുത്തുകൾ ഏറ്റുവാങ്ങി രക്തസാക്ഷിത്വം വരിച്ച സി. റാണിമരിയയുടെ ഇളയ സഹോദരി സി. സെൽമിയും, മറ്റു കുടുംബാംഗങ്ങളും ഘാതകനായ സമന്തർസിംഗിനോടു കാണിച്ച കരുണ, ആ മനുഷ്യനിലുണ്ടാക്കിയ മാനസാന്തരം, കുരിശിലെ സ്നേഹത്തിന്റെ പ്രതിരൂപം തന്നെയാണ്. ഇതൊക്കെ ഏതൊരു മനുഷ്യനേയും പ്രചോദിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും.

ചുരുക്കം ചില ഇടവകകളിലെങ്കിലുമുള്ള മത്സരങ്ങളും പിണക്കങ്ങളുമെല്ലാം നമ്മിലെ കരുണവറ്റിപ്പോകുന്നതിന്റെ ദൃഷ്ടാന്തങ്ങളാണ്. കൂട്ടായ്മയിൽ നിന്നും നിസ്സാരകാരണങ്ങളാൽ തെറ്റിപ്പിരിഞ്ഞുപോകുന്ന വ്യക്തികളുണ്ട്. തക്കതായ സമയത്തു കരുണാർദ്രമായ സമീപനം അവരെ ദൈവസ്നേഹത്തിൽ നിലനിർത്തുന്നതിന് ഇടയാക്കും. ദൈവകരുണയുടെ ഈ ജൂബിലിവർഷത്തിൽ സമൂഹത്തിലുള്ള തെറ്റിദ്ധാരണകൾ നീക്കുന്നതിനും, കൂട്ടം തെറ്റിപ്പോയവരെ കൂട്ടായ്മയിലേക്ക് നയിക്കുന്നതിനും ഓരോരുത്തർക്കും അർഹമായ പരിഗണന നൽകുന്നതിനും നമുക്ക് കരുണയോടെ പ്രവർത്തിക്കാം. ഓരോ ഇടവകയിലും ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് സുവിശേഷസംഘാംഗങ്ങൾ മുൻകൈയെടുക്കണം. അതിനുവേണ്ട ദൈവകരുണയ്ക്കായി നമുക്കു പ്രാർത്ഥിക്കാം.

**അനുഭവ സാക്ഷ്യം**



പി.സി.അലക്സാണ്ടർ
പുനമഠം

# നാം ക്രിസ്തുവിൽ പുതിയ സൃഷ്ടികൾ

സഭാതല സുവിശേഷസംഘാംഗങ്ങൾ
മൂവാറ്റുപുഴ രൂപത



സൂസൻ അലക്സ്
പുനമഠം

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ സഭാതല സുവിശേഷ സംഘത്തിന്റെ രണ്ടാം ബാച്ചിലേക്ക് തികച്ചും അപ്രതീക്ഷിതമായിട്ടാണ് ഞങ്ങൾ രണ്ടുപേരും വിളിക്കപ്പെട്ടത്. ഒരുമിച്ചു വിളിക്കപ്പെട്ടതുകൊണ്ടു മാത്രമാണ് ഞങ്ങൾ ഈ ശുശ്രൂഷയിലേക്കു കടന്നുവന്നതും. സ്വയമേവ ദൈവീക ശുശ്രൂഷയിലേർപ്പെട്ടിരുന്ന ഞങ്ങൾക്ക് ഞങ്ങളുടെ ശുശ്രൂഷാമേഖലയെ വിസ്തൃതമാക്കുവാൻ ഈ ദൈവീക വിളി വളരെയേറെ അനുഗ്രഹമായി മാറി എന്നത് ആത്മീയ നിറവിൽ സാക്ഷിക്കുവാൻ സാധിക്കും. രണ്ടാം ബാച്ചിൽ ആദ്യന്ത്യം മുടങ്ങാതെ എല്ലാ പ്രബോധന ക്ലാസുകളിലും പൂർണ്ണമായും പങ്കെടുക്കുവാൻ ദൈവം ഞങ്ങളെ അനുഗ്രഹിച്ചു. നടന്ന ക്ലാസുകളെപ്പറ്റി പരസ്പരം പങ്കുവയ്ക്കുവാനും സംശയങ്ങൾ നിവാരണം ചെയ്യുവാനും കൂട്ടായ ഈ കടന്നുവരവ് സഹായകമായി. മാത്രമല്ല അവ അനുദിന ജീവിതത്തിൽ അഭിപ്രായ വ്യത്യാസമില്ലാതെ പ്രാവർത്തികമാക്കുവാനും സാധിക്കുന്നു. ഓരോ ക്ലാസിലും ലഭിച്ച അറിവുകൾ ഞങ്ങളുടെ ജീവിതത്തെ വളരെയേറെ സ്വാധീനിച്ചിട്ടുണ്ട്. ഓരോ ശുശ്രൂഷാവേളയിലും വി. മത്തായിയുടെ സുവിശേഷം 6, 3-4 വാക്യങ്ങളും 25, 34-40 വാക്യങ്ങളും നിറഞ്ഞു നില്ക്കും. എല്ലായ്പ്പോഴും ഒരേ മനസ്സോടെ പ്രവർത്തിക്കുവാൻ സഭയുടെ ഈ കൂട്ടായ തെരഞ്ഞെടുപ്പ് ഞങ്ങൾക്ക് വലിയ ഉണർവ്വും ഉന്മേഷവും നൽകുന്നുണ്ട്. ഭവനത്തിലായിരിക്കുമ്പോഴും വി. ബൈബിൾ ഒന്നിച്ചിരുന്നു പഠിക്കുക, പഠിച്ച കാര്യങ്ങൾ പങ്കുവയ്ക്കുക, ടെലിവിഷനിലെ തിരുവചന ശുശ്രൂഷകൾ ഒരുമിച്ചിരുന്നു ശ്രദ്ധിക്കുക, പങ്കുവയ്ക്കുക എന്നിങ്ങനെ എല്ലാ മേഖലയിലും ഒരു പുതുജീവൻ ലഭിക്കുന്നു എന്നത് ഏറെ സന്തോഷപ്രദമാണ്. സഹനങ്ങൾ ഏറുമ്പോൾ യേശു ഏറെ സ്നേഹിക്കുന്നു എന്ന ബോധ്യത്തിൽ ആഴപ്പെട്ട് സന്തോഷത്തോടെ സ്വീകരിക്കുവാനും പ്രത്യേക നിയോഗങ്ങൾക്കായി സമർപ്പിക്കുവാനും സാധിക്കുന്നു. ഏറെ സന്തോഷത്തോടെ ദിവസങ്ങൾ കടന്നു പോകുന്നു. സുവിശേഷത്തിന്റെ ആനന്ദം നുകരുവാനും പകർന്നു കൊടുക്കുവാനും കൂട്ടായ ഈ ദൈവീക ശുശ്രൂഷ ഞങ്ങളെ സഹായിക്കുന്നു. മാത്രമല്ല, ഓരോ ശുശ്രൂഷയിലൂടെയും സ്വായത്തമാക്കാവുന്ന നന്മയെ സാംശീകരിച്ച് ദാമ്പത്യ ജീവിതത്തെ കൂടുതൽ പ്രോജ്വലമാക്കുവാനും കൂട്ടായ ഈ ശുശ്രൂഷവഴി സാധിക്കുന്നുണ്ട്. ദമ്പതികൾ ഒരുമിച്ച് സുവിശേഷസംഘത്തിൽ പ്രവർത്തിക്കുന്നത് തികച്ചും അനുകരണീയവും സ്വാഗതാർഹവും അനുഗ്രഹപ്രദവുമാണെന്നാണ് ഞങ്ങളുടെ അനുഭവം.

ജീവിതം സുവിശേഷമായി മാറ്റാം. ഭവന സന്ദർശനത്തിലൂടെ യേശുവിനെ അറിയിക്കുന്നതിനോടൊപ്പം അവിടുത്തെ എളിമയുടേയും പങ്കുവയ്ക്കലിന്റെയും പരസ്പര സ്നേഹത്തിന്റെയും മാതൃക കൂടി പകർന്നുകൊടുക്കാം. ഈശോയോടും സുവിശേഷത്തോടും സഭയോടുമൊപ്പം വിശ്വസ്തരായി അണിനിരക്കാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ആരെയും ഒഴിവാക്കാതെ എല്ലാവരെയും സ്വീകരിച്ച് മാനസാന്തരത്തിലേക്കു നയിച്ച് നിത്യജീവനിലേക്ക് എത്തിക്കുക എന്ന സഭയുടെ ദൗത്യത്തിൽ പങ്കാളികളാകാൻ ദൈവം നമ്മെ വിളിച്ചു വേർതിരിച്ചുവെന്ന അവബോധം നമ്മെ നയിക്കട്ടെ. ആർദ്രതയോട് എല്ലാവരുടേയും ഒപ്പം നടക്കാൻ നമുക്കു പരിശ്രമിക്കാം. ദുരിതം അനുഭവിക്കുന്നവരുടേയും പ്രതിസന്ധിയിലായിരിക്കുന്നവരുടേയും നിലവിളിക്കു മുമ്പിൽ പകച്ചു നില്ക്കാതെ ദൈവം ആഗ്രഹിക്കുന്ന രക്ഷയിലേക്ക് അവരെ കൈപിടിച്ചുയർത്താൻ സുവിശേഷം കാണിക്കുന്ന വഴിയിലൂടെ ഒന്നിച്ചു മുന്നേറാം. അതിനാവശ്യമായ സൗഖ്യമാക്കപ്പെട്ടതും രക്ഷിക്കപ്പെട്ടതുമായ ഒരു കാഴ്ച പ്രാപിച്ച് ദൈവമഹത്വം പ്രതിഫലിപ്പിക്കുന്ന ജീവനുള്ള മനുഷ്യരായി മാറാം. ശിമയോൻ - പത്രോസായതുപോലെ, സാവൂൾ - പൗലോസായതുപോലെ മലങ്കര സുറിയാനി കത്തോലിക്കാ സഭാ സുവിശേഷസംഘാംഗം എന്ന പുതിയ പേരു സ്വീകരിച്ച നാം ക്രിസ്തുവിൽ പുതിയ സൃഷ്ടികളായി രൂപാന്തരപ്പെട്ട് സ്വയം നവീകരിച്ച് വിശുദ്ധീകരിച്ച് ദൈവ സമ്പാദനത്തിലൂടെ യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യമാക്കി കാൽമുട്ടുകളെ ബലപ്പെടുത്തി കാൽപാദങ്ങളെ സ്ഥിരപ്പെടുത്തി നിത്യ ജീവനിലേക്ക് നമുക്ക് ഓടാം.

**മുഖ്യരക്ഷാധികാരി**
മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാ ബാവ
**രക്ഷാധികാരി**
റവ. ഡോ. ജേക്കബ് മാർ ബർണബാസ്
**ചീഫ് എഡിറ്റർ**
റവ. ഡോ. ആന്റണി കാക്കനാട്ട്
**മാനേജിംഗ് എഡിറ്റർ**
റവ. സി. ഫ്രാൻസിന D.M.
**എഡിറ്റർ**
ഡോ. എബ്രഹാം ജോർജ്ജ് മാങ്കാവിൽ
**എഡിറ്റോറിയൽ ബോർഡ്**
റവ. ഡോ. സി. നമിത SIC
ഡോ. തോമസുകുട്ടി പനച്ചിക്കൽ
ഡോ. വി. ജെ. ജേക്കബ്
ഡോ. ജോജു ജോൺ
ബാർ ഈത്തോ കാശീറോ പി. പൗലോസ്

# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



മാവേലിക്കര രൂപത സുവിശേഷസംഘം 2-ാം ബാച്ച് പരിശീലനത്തിൽ

## സഭാതല വാർത്തകൾ

### ( 2015 സെപ്റ്റംബറിനുശേഷം)

### സുവിശേഷസന്ധ്യാ, സുവിശേഷത്തിന്റെ പരിമളം

2015 സെപ്റ്റംബർ 20ന് തിരുവല്ലായിൽ വച്ച് നടന്ന പുനരൈക്യവാർഷികത്തോടനുബന്ധിച്ച് സുവിശേഷസന്ധ്യ എന്ന പ്രാർത്ഥനാ ശുശ്രൂഷ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സുവിശേഷസംഘത്തിന്റെ പ്രസിദ്ധീകരണമായ റീഹോ ദ് ഏവൻഗേലിയോൻ (സുവിശേഷത്തിന്റെ പരിമളം) എന്ന ത്രൈമാസികയും, സുവിശേഷസംഘത്തിന്റെ ക്ളാസ്സുകൾ, സങ്കീർത്തനങ്ങൾ, പാട്ടുകൾ ഇവ അടങ്ങുന്ന ഓഡിയോ സിഡിയും അന്നേ ദിവസം പ്രകാശനം ചെയ്തു. മാസികയുടെ ഒന്നാം ലക്കം മലങ്കരസഭയിലെ എല്ലാ വൈദികർക്കും, എല്ലാ സന്യാസഭവനങ്ങൾക്കും, സുവിശേഷസംഘാംഗങ്ങൾ എല്ലാവർക്കുമായി 4000 കോപ്പി അയച്ചുകൊടുത്തു. സുവിശേഷസംഘത്തിന്റെ ജീവിതശൈലി, ഓരോ രൂപതയിലെയും പ്രവർത്തനങ്ങൾ ഇവ കൂടുതലായി മനസ്സിലാക്കുന്നതിനും, ഇവയിലൂടെ സഭയിലും, വ്യക്തികളിലും ഉണ്ടായിട്ടുള്ള നന്മകൾ തിരിച്ചറിയുന്നതിനും ഈ മാസിക സഹായകമായി. രണ്ടാം ലക്കം 2016 ജനുവരിയിൽ പ്രസിദ്ധീകരിക്കുകയാണ്.

### സഭാതല സുവിശേഷസംഘം നാലാം ബാച്ച്

സഭാതല സുവിശേഷസംഘം നാലാം ബാച്ച് 2016 ജനുവരി 7,8,9 തീയതികളിൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടക്കുന്നു. നമ്മുടെ എല്ലാ രൂപതകളുടെയും പ്രതിനിധികൾ ഇതിൽ സംബന്ധിക്കുന്നു. 2016ൽ നടത്തുവാനുള്ള നാല് പരിശീലനപരിപാടികളുടെ തീയതികൾ ഇവർക്ക് നിശ്ചയിച്ചു നൽകുകയും ചെയ്യുന്നു.

സഭാതലം മൂന്നാംബാച്ചിന്റെ നാലാം പരിശീലനപരിപാടി നവം. 26,27,28 തീയതികളിൽ ഇവിടെ വച്ച് നടന്നു. 60 പേർ ഇതിൽ സംബന്ധിച്ചു. 2016 ഫെബ്രു. 18,19,20, മെയ് 19,20,21 തീയതികളിൽ അടുത്ത പ്രോഗ്രാമുകളും നടക്കുന്നതായിരിക്കും.

തിരുവനന്തപുരം, തിരുവല്ല, പത്തനംതിട്ട, മാവേലിക്കര, മൂവാറ്റുപുഴ, ബത്തേരി, പുത്തൂർ, എന്നീ രൂപതകളിൽ സുവിശേഷസംഘത്തിന്റെ ഒന്നാം ബാച്ച് പരിശീലനം പൂർത്തിയാക്കി കൈവയ്പ്പ് സ്വീകരിച്ചു.

### ഒന്നാം ബാച്ച് പുതുതായി ആരംഭിച്ച രൂപതകളും സംബന്ധിച്ചവരുടെ എണ്ണവും

| | | |
|---|---|---|
| മാർത്താണ്ഡം | | - 30 |
| ഗുഡ്ഗാവ് | - ഡൽഹി | - 62 |
| | - ഭോപ്പാൽ | - 43 |
| കഡ്കി | - ബോംബെ | - 52 |
| | - ബാഗ്ളൂർ | - 49 |
| | - പൂനെ | - 31 |
| | - ഹൈദ്രബാദ് | - 24 |
| **ആകെ** | | **-291** |

### രൂപതാതല സുവിഷേഷസംഘം രണ്ടാം ബാച്ച്

എല്ലാ ഇടവകയിലും കൈവയ്പ്പ് ലഭിച്ച ഒരു സുവിശേഷസംഘാംഗമെങ്കിലും ഉണ്ടായിരിക്കണമെന്ന സിനഡിന്റെ തീരുമാനമനുസരിച്ച് ഇടവക പ്രതിനിധികളെ ഉൾപ്പെടുത്തി എല്ലാരൂപതകളിലും രൂപതാസുവിശേഷസംഘം രണ്ടാം ബാച്ച് ആരംഭിച്ചിരിക്കുകയാണ്. സഭാതല റ്റീം തന്നെ എല്ലാ രൂപതകളിലും പരിശീലനപരിപാടിയും തുടർപരിശീലനവും നൽകുന്നു. ഒരു വർഷം നാല് പ്രോഗ്രാം വീതം നടത്തുന്നു. ഒന്നാം പരിശീലനപരിപാടി കഴിഞ്ഞ എല്ലാ രൂപതകളിലും 2016 ലെ 4 പരിശീലനപരിപാടികളുടെ തീയതി നിശ്ചയിച്ചു നൽകുകയും ചെയ്തു

### രണ്ടാം ബാച്ച് പരിശീലനപരിപാടികൾ ആരംഭിച്ച രൂപതകളും സംബന്ധിച്ചവരുടെ എണ്ണവും

| | |
|---|---|
| തിരുവനന്തപുരം | - 63 |
| തിരുവല്ലാ (കട്ടപ്പന മേഖല) | - 40 |
| മാവേലിക്കര | - 50 |
| പത്തനംതിട്ട | - 56 |
| **ആകെ** | **- 209** |

ഓരോ രൂപതയിലും ഇടവകസംഘം രൂപീകരിക്കുവാൻ ഭവനസന്ദർശനം നടത്തിയ ഇടവകകളുടെ എണ്ണവും സന്ദർശിച്ച കുടുംബങ്ങളുടെ എണ്ണവും താഴെ ചേർക്കുന്നു.

| രൂപത | ഇടവകകൾ | ഭവനങ്ങൾ |
|---|---|---|
| തിരുവനന്തപുരം | 114 | 9760 |
| തിരുവല്ല | 30 | 1420 |
| പത്തനംതിട്ട | 16 | 1075 |
| മാവേലിക്കര | 10 | 550 |
| മാർത്താണ്ഡം | 10 | 1660 |
| ബത്തേരി | 32 | 1997 |
| പുത്തൂർ | 5 | 194 |
| മൂവാറ്റുപുഴ | 9 | 590 |
| ഗുഡ്ഗാവ് - ഡൽഹി | 2 | 175 |
| കട്കി - പൂനെ | 18 | 897 |
| ആകെ | **246** | **18318** |

## രൂപതാ വാർത്തകൾ

### തിരുവനന്തപുരം മേജർ അതിരൂപത - ഫാ. ഗോഡ്ജോയി

എല്ലാ ഇടവകയിലും കൈവയ്പ്പ് ലഭിച്ച ഒരാൾ ഉണ്ടായിരിക്കണമെന്ന ലക്ഷ്യത്തോടെ ഇടവക പ്രതിനിധികളെ ചേർത്ത് രൂപതാ സുവിശേഷസംഘം രണ്ടാം ബാച്ചിന്റെ ഒന്നാം പരിശീലന പരിപാടി 2015 ഒക്ടോബർ 16,17,18 തീയതികളിൽ കാതോലിക്കേറ്റ് സെന്ററിൽ വച്ച് നടന്നു. 63 പേർ ഇതിൽ സംബന്ധിച്ചു 2016 ലെ നാല് പ്രോഗ്രാമിന്റെ തീയതികൾ നിശ്ചയിച്ച് നൽകുകയും ചെയ്തു.

2014 ജൂലൈ 4ാം തീയതി തിരുവനന്തപുരം മേജർ അതിരൂപതയിൽ ആരംഭിച്ച ഭവനസന്ദർശന ശുശ്രൂഷ ഇപ്പോൾ ഒന്നര വർഷം പിന്നിടുമ്പോൾ 13-12 -2015 വരെ 114 പള്ളികളും 9760 ഭവനങ്ങളും



മാർത്താണ്ഡം രൂപത സുവിശേഷസംഘം 1-ാം ബാച്ച് പരിശീലനത്തിൽ

സന്ദർശിച്ചു കഴിഞ്ഞു. ഈ പള്ളികളിൽ ഇടവകസംഘം രൂപീകരിക്കുകയും പരിശീലന പരിപാടികൾ, കൈവയ്പ്പ് കിട്ടിയ സുവിശേഷസംഘാംഗങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുകയും ചെയ്യുന്നു. അതിന്റെ വിലയിരുത്തലും പ്ളാനിംഗും രണ്ട് പ്രാവശ്യം നടന്നു. ഇടവക സുവിശേഷസംഘാംഗങ്ങളായി 2000 ത്തിൽ അധികം പേർ സുവിശേഷസംഘത്തിന്റെ ആത്മീയത ആഴത്തിൽ ജീവിക്കുവാൻ സ്വയം സന്നദ്ധരായി വന്നു എന്നുള്ളത് ഈ ശുശ്രൂഷയെ ദൈവം അംഗീകരിക്കുന്നു എന്നതിന്റെ പ്രത്യക്ഷമായ അടയാളമാണ്. കൈവയ്പ്പ് ലഭിച്ചവർക്ക് എല്ലാ മാസവും ധ്യാനം നടത്തുന്നു.

മേജർ അതിരൂപതയിൽ സുവിശേഷസംഘാംഗങ്ങളായി കൈവയ്പ്പ് ലഭിച്ചവരും പരിശീലനത്തിലിരിക്കുന്നവരും വളരെ ആത്മാർത്ഥതയോടെയാണ് ഈ ശുശ്രൂഷകളിൽ സഹകരിക്കുന്നത്. അതിന്റെ ഫലമായാണ് ഇത്രയും ഇടവകകൾ ഈ ചുരുങ്ങിയ കാലയളവിൽ സന്ദർശിക്കാൻ കഴിഞ്ഞത്. സഹകരിച്ച എല്ലാവർക്കും ഹൃദയപൂർവ്വം നന്ദി അർപ്പിക്കുന്നു.

### മാവേലിക്കര രൂപത
### ഫാ. കുറിയാക്കോസ് തിരുവാലിൽ

ദൈവകൃപയാൽ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ മാവേലിക്കര രൂപതയിൽ ഭംഗിയായി നടക്കുന്നു. ഇതിനോടകം 10 ദേവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ധ്യാനശുശ്രൂഷ നടത്തുകയും ഇടവക സുവിശേഷസംഘം രൂപീകരിക്കുകയും



തിരുവനന്തപുരം മേജർ അതിരൂപത സുവിശേഷസംഘം 2-ാം ബാച്ച് പരിശീലനത്തിൽ

# മലങ്കര സുറിയാനി കത്തോലിക്കാ സുവിശേഷസംഘം വാർത്തകൾ



പത്തനംതിട്ട രൂപത സുവിശേഷസംഘം 2-ാം ബാച്ച് പരിശീലനത്തിൽ

ചെയ്തു. പത്ത് ഇടവകകളിലായി 550 ഭവനങ്ങൾ സന്ദർശിക്കുകയും സുവിശേഷ സംഘ ആദ്ധ്യാത്മികത പങ്കുവയ്ക്കുകയും ചെയ്തു. രൂപതാതല സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ച് 2015 നവംബർ 21, 22 തീയതികളിൽ കൊട്ടിയത്ത് വച്ച് നടത്തുകയുണ്ടായി. 50 അംഗങ്ങൾ അതിൽ സംബന്ധിച്ചു. 2015 ഒക്ടോബർ 22ന് രൂപതയിൽ കൈവയ്പ്പ് ലഭിച്ച എല്ലാവരെയും ചേർത്ത് ഏകദിന ധ്യാനം നടത്തുകയുണ്ടായി.

### മാർത്താണ്ഡം രൂപത
### ഫാ. സജിത് ഫ്രാൻസിസ്

മാർത്താണ്ഡം രൂപതാസംഘത്തിന്റെ ഒന്നാം ബാച്ചിൽ 30 അംഗങ്ങൾ പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. എല്ലാ മാസവും മൂന്നാം ശനിയാഴ്ച രൂപതാസംഘത്തിന്റെ തുടർ പരിശീലനം നടക്കുന്നു.10 ദേവാലയങ്ങൾ സന്ദർശിച്ച് ധ്യാനം നടത്തി. 1660 ഭവനങ്ങൾ സന്ദർശിച്ച് യേശുവിന്റെ കാരുണ്യം പങ്കുവച്ചു. സഭാതലത്തിൽ കൈവയ്പ്പ് ലഭിച്ചവരെ വന്ദ്യപിതാവിന്റെ നേതൃത്വത്തിൽ ഒന്നിച്ചു കൂട്ടി തുടർപരിശീലനം നടത്തുന്നു. സുവിശേഷസംഘാംഗങ്ങൾ മാനസിക വൈകല്യമുള്ള വ്യക്തികളെ താമസിപ്പിച്ചിരിക്കുന്ന ഭവനം സന്ദർശിക്കുകയുണ്ടായി. യുവജനങ്ങളെ സുവിശേഷചൈതന്യത്തിലേക്ക് കൊണ്ടുവരുവാൻ യുവജനങ്ങൾക്കായി ഒരു സുവിശേഷസംഘം രൂപീകരിക്കുവാൻ തീരുമാനിച്ചു.

### പത്തനംതിട്ട രൂപത
### ഫാ. ജെയിംസ് ഇലഞ്ഞിക്കൽ

സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ പത്തനംതിട്ട രൂപതയിൽ നന്നായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ 16 ദേവാലയങ്ങളിൽ സുവിശേഷ സംഘം രൂപീകരികക്കുകയും 1075 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മീകത പങ്കുവയ്ക്കുകയും ചെയ്തു. രൂപതാതല സുവിശേഷസംഘത്തിന്റെ രണ്ടാം ബാച്ച് 2015 ഡിസംബർ 4,5 തീയതികളിൽ മൈലപ്രയിൽ വച്ച് നടത്തി. 56 അംഗങ്ങൾ അതിൽ പങ്കെടുത്തു. പല ജില്ലകളിലും ജില്ലാസംഘത്തിന്റെ തുടർ പരിശീലനം നടക്കുന്നു. 2015 ഡിസംബർ 12 ന് അഭിവന്ദ്യ ക്രിസോസ്തോം പിതാവ് കൈവയ്പ്പ് ലഭിച്ച സുവിശേഷ സംഘാംഗങ്ങളെ ഒന്നിച്ചു കൂട്ടി ധ്യാനം നടത്തുകയുണ്ടായി.

### ബത്തേരി രൂപത
### ഫാ. സെബാസ്റ്റ്യൻ കീപ്പള്ളിൽ

ബത്തേരി രൂപതയിൽ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നതിൽ ദൈവത്തിന് നന്ദി പറയുന്നു. ഇതിനോടകം എടക്കര, നിലമ്പൂർ, പുൽപ്പള്ളി എന്നീ മേഖലകളിലെ **32 ദേവാ**ലയങ്ങൾ സന്ദർശിക്കുകയും ഇടവക ധ്യാനം നടത്തുകയും ഇടവക സുവിശേഷസംഘം രൂപീകരിക്കുകയും ചെയ്തു. ഈ 32 ദേവാലയങ്ങളിലെ 1997 ഭവനങ്ങൾ സന്ദർശിക്കുകയും സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മീകത പങ്കുവയ്ക്കുകയും ചെയ്തു. കൈവയ്പ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങളെ അഭിവന്ദ്യ പിതാവ് മൂന്ന് മാസത്തിൽ ഒരിക്കൽ ഒന്നിച്ചുകൂട്ടി ധ്യാനം നൽകുന്നു. ബത്തേരി മേഖലയിൽ മാസത്തിൽ ഒരിക്കൽ സുവിശേഷ സന്ധ്യ നടത്തുന്നുണ്ട്. നീലഗിരി, ബത്തേരി, പുൽപ്പള്ളി, എടക്കര, കോഴിക്കോട്, മാനന്തവാടി മേഖലയിൽ ജില്ലാ സംഘത്തിന്റെ തുടർപരിശീലനം നടക്കുന്നു.

### പുത്തൂർ രൂപത
### ഫാ. മാത്യു വാഴക്കാപ്പാറ

പുത്തൂർ രൂപതയിൽ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. ഇതിനോടകം 5 പള്ളികൾ സന്ദർശിച്ച് സുവിശേഷസംഘത്തിന്റെ ധ്യാനം നടത്തി. ഈ ഇടവകകളിലെ 164 ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മീകത പങ്കുവച്ചു. കൈവയ്പ്പ് ലഭിച്ച സുവിശേഷസംഘാംഗങ്ങൾ സെപ്റ്റംബർ, ഡിസംബർ മാസങ്ങളിൽ ഒന്നിച്ചു കൂടി ധ്യാനം നടത്തി. എല്ലാ മാസവും രണ്ടാം ശനിയാഴ്ച ഇവർ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.



പൂനെ മേഖല സുവിശേഷസംഘാംഗങ്ങൾ 1-ാം ബാച്ച് പരിശീലനത്തിൽ

### ഡൽഹി - ഗുഡ്ഗാവ് രൂപത
### ഫാ. ജോൺസൺ പള്ളിപടിഞ്ഞാറ്റേതിൽ

സുവിശേഷസംഘ ശുശ്രൂഷകൾ ഡൽഹി -ഗുഡ്ഗാവ് രൂപതയിൽ നന്നായി നടക്കുന്നു. ഡൽഹിയിലും ഭോപ്പാലിലും ഓരോ ദേവാലയങ്ങൾ സന്ദർശിച്ച് ഇടവക സംഘം രൂപീകരിച്ചു. 175 ഭവനങ്ങൾ സന്ദർശിച്ചു. ഡൽഹി മേഖലാ സുവിശേഷ സംഘം രൂപീകരിച്ചു. 62 അംഗങ്ങൾ കൈവയ്പ്പിനുള്ള പരിശീലനം നേടിക്കൊണ്ടിരിക്കുന്നു. ഭോപ്പാൽ മേഖലയിൽ സുവിശേഷസംഘം രൂപീകരിച്ച് 43 അംഗങ്ങൾ പരിശീലനം നേടുന്നു. എല്ലാ മാസവും തുടർപരിശീലനവും നടക്കുന്നു. ഒറിസായിൽ നിന്നും മുംബെയിൽ നിന്നും സുവിശേഷ സംഘാംഗങ്ങൾ വന്ന് ഭോപ്പാൽ ഇടവകസന്ദർശനത്തിന് നേതൃത്വം നൽകി.

### മൂവാറ്റുപുഴ രൂപത
### ഫാ. ജിനോ ആറ്റുമാലിൽ

ദൈവകൃപയാൽ സുവിശേഷസംഘത്തിന്റെ പ്രവർത്തനങ്ങൾ നന്നായി നടക്കുന്നു. 9 ദേവാലയങ്ങൾ സുവിശേഷസംഘത്തിന്റെ നേതൃത്വത്തിൽ സന്ദർശിച്ച് ധ്യാനശുശ്രൂഷ നടത്തി. 590 ഭവനങ്ങൾ സന്ദർശിക്കുകയും സുവിശേഷസംഘത്തിന്റെ ആദ്ധ്യാത്മീകത പങ്കുവയ്ക്കുകയും ചെയ്തു. കൈവയ്പ്പ് ലഭിച്ചവരുടെ ഒരു കൂട്ടായ്മ 2016 ജനുവരി മാസം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. രൂപതാതല രണ്ടാം ബാച്ചിന്റെ ആദ്യമീറ്റിംഗ് ഫെബ്രുവരി 13,14 തീയതികളിൽ വെങ്ങോല വച്ച് നടത്തുന്നതാണ്.

### തിരുവല്ല അതിഭദ്രാസനം

തിരുവല്ലാ അതിഭദ്രാസനത്തിൽ സുവിശേഷസംഘത്തിൻെറ പ്രവർത്തനങ്ങൾ കാര്യക്ഷമമായിതന്നെ നടത്തിവരുന്നു.കഴിഞ്ഞ ഒന്നര വർഷത്തിനിടയിൽ അതിഭദ്രാസനത്തിലെ കോട്ടയം, എരുമേലി മേഖലകളിലെ എല്ലാ പള്ളികളിലും ഭവനസന്ദർശനവും ഞായറാഴ്ച്ചകളിലെ ശുശ്രൂഷയും നടത്തുവാൻ സാധിച്ചു.1420 കുടുംബങ്ങൾ സന്ദർശിക്കുകയും 30 പള്ളികളിൽ ശുശ്രൂഷ നടത്തുകയും ചെയ്തു. മേഖലകളുടെ ആത്മീയമായ ഉണർവിന് ഇത് സഹായകമായി. ഇതോടൊപ്പംതന്നെ കോട്ടയം, എരുമേലി മേഖലകളിലെ സുവിശേഷസംഘാംഗങ്ങൾക്ക് തുടർപരിശീലനവും നല്കുകയും ചെയ്തു.

**സുവിശേഷ സന്ധ്യ**

തിരുവല്ലാ അതിഭദ്രാസന സുവിശേഷസംഘത്തിൻെറ പ്രാർത്ഥനകളിലും ശുശ്രൂഷയിലും എടുത്തുപറയത്തക്ക ശ്രദ്ധ

*(തുടർച്ച 14-ാം പേജിൽ)*



ഡൽഹി-ഗുഡ്ഗാവ് രൂപത സുവിശേഷസംഘം 1-ാം ബാച്ച് പരിശീലനത്തിൽ



# വചനവെളിച്ചത്താൽ പ്രശോഭിതരാകാം!

**സിസ്റ്റർ നമിത SIC**
സെക്രട്ടറി, സഭാതല സുവിശേഷസംഘം

*(ഒന്നാം വാല്യം തുടർച്ച)*

**വചനത്തിന്റെ സവിശേഷതകൾ:**

**1. യഥാർത്ഥ വെളിച്ചമായ വചനം:** ഇരുളിൽ പ്രകാശിക്കുകയും ഇരുളകറ്റുകയും ഇരുളിനെ കീഴടക്കുകയും ചെയ്യുന്ന യഥാർത്ഥ വെളിച്ചമാണ് വചനം (യോഹ 1:4-5). എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥ വെളിച്ചമാണവിടുന്ന് (യോഹ 1:9). യേശു പറയുന്നു: "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8:12). ഈ വചനവെളിച്ചം സ്വീകരിക്കുകയും നിരന്തരം ധ്യാനിക്കുകയും ചെയ്യുന്നവരുടെ മേൽ ദൈവതേജസ് പ്രകാശിക്കും "പ്രകാശിതമായവയെല്ലാം പ്രശോഭിക്കും. ഉറങ്ങുന്നവനേ ഉണരുക, ക്രിസ്തു നിന്റേമേൽ പ്രകാശിക്കും" (എഫേ 5:14). കർത്താവിന്റെ "വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു; എളിയവർക്കത് അറിവു പകരുന്നു" (സങ്കീ 119:130). "അങ്ങയുടെ വചനം എന്റെ പാദത്തിനു വിളക്കും പാതയിൽ പ്രകാശവുമാണ്" (സങ്കീ 119:105). വചനത്തിന്റെ അതുല്യശക്തിയാൽ ഇരുളിൽ പ്രകാശിക്കുകയും ഇരുളകറ്റുകയും ഇരുളിനെ കീഴടക്കുകയും ചെയ്യാൻ യേശുവിൽ വിശ്വസിക്കുന്നവർക്കു സാധിക്കും. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5:14) എന്ന് കർത്താവ് പറഞ്ഞതിന്റെ അർത്ഥം ഇതാണ്.

**2) കർത്താവിന്റെ വചനം ആത്മാവും ജീവനുമാണ്** (യോഹ 6:63). അതിനാൽ വചനം സ്വീകരിക്കുന്നവരെല്ലാം വചനത്താൽ വിശുദ്ധീകരിക്കപ്പെടുകയും ആത്മാവിനാലും ജീവചൈതന്യത്താലും പൂരിതരാക്കപ്പെടുകയും ചെയ്യും.

**3) കർത്താവിന്റെ വചനം ക്രിയാത്മകമാണ്.** വചനത്തിലൂടെയാണ് അവിടുന്ന് എല്ലാം സൃഷ്ടിച്ചത് (യോഹ 1:3; കൊളോ 1:14-16). അതിനാൽ വചനം ഉൾക്കൊള്ളുന്നവർക്ക് കർത്താവിന്റെ ക്രിയാത്മക പ്രവൃത്തികളിൽ ഇന്നിവിടെ പങ്കാളികളാകാൻ സാധിക്കും.

**4) വചനം സൗഖ്യദായകമാണ്**. "കർത്താവേ, മരുന്നോ ലേപനൗഷധമോ അല്ല, എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്" (ജ്ഞാനം 16:12). "തങ്ങളുടെ കഷ്ടതയിൽ അവർ കർത്താവിനോടു നിലവിളിച്ചപേക്ഷിച്ചു; അവിടുന്ന് അവരെ ഞെരുക്കങ്ങളിൽനിന്നു രക്ഷിച്ചു. അവിടുന്ന് തന്റെ വചനമയച്ച് അവരെ സൗഖ്യമാക്കി; വിനാശത്തിൽനിന്നു വിടുവിച്ചു" (സങ്കീ 107:20).

**5) ദൈവവചനം രക്ഷാകരവും ജീവദായകവുമാണ്:** വചനമായ യേശുവാണ് ജീവന്റെ ഉറവിടവും ജീവദാതാവും (യോഹ 1:4; 11:25; 14:6). അവനിലൂടെയാണ് രക്ഷയുടെപാതയിലേക്കും ജീവന്റെ സമൃദ്ധിയിലേക്കും ദൈവം നമ്മെ നയിക്കുന്നത് (യോഹ 3:36-37; 10:10; 6:63; 20:31). കർത്താവിന്റെ വചനത്തിന്റെ ശക്തിയാൽ ഉണങ്ങിവരണ്ട അസ്ഥികൾ പോലും ജീവൻ പ്രാപിച്ചു (എസ 37:3-10). വചനം ജീവന്റെ അപ്പമാണ് (യോഹ 6:35), ജീവജലമാണ് (യോഹ 4:14). ദാഹിക്കുന്നവർക്ക് അവനിൽനിന്നു പാനം ചെയ്യാം, അവനോടൊത്തു വസിച്ച് ജീവജലം മറ്റുള്ളവരിലേക്ക് ഒഴുക്കികൊടുക്കുന്ന ജീവന്റെ നീർച്ചാലുകളായിത്തീരുകയും ചെയ്യാം (യോഹ 7:37-39).

**6) ദൈവവചനത്തിന് അതുല്യമായ ശക്തിയുണ്ട്:** വചനത്തിന് ദൈവത്തിന്റെ ശക്തിയുള്ളതുകൊണ്ട് ഉദ്ദേശിക്കുന്ന കാര്യം സഫലമാക്കുന്നു. മഴയെയും മഞ്ഞിനെയുംപോലെ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുശേഷമേ ദൈവവചനം മടങ്ങിപ്പോവുകയുള്ളൂ (ഏശ 55:10-11). ദൈവവചനം അഗ്നിപോലെയും പാറ തകർക്കുന്ന കൂടം പോലെയുമാണ് (ജറ 23:29). വചനത്തോട് ആമ്മേൻ പറയുന്നവരുടെമേൽ അത്യുന്നതന്റെ ശക്തി ആവസിക്കും. ദൈവത്തിന്റെ വിസ്മയനീയ പ്രവൃത്തികൾ അവരുടെമേൽ നിറവേറുകയും ചെയ്യും.

**7) ദൈവവചനം സജീവവും ഊർജ്ജസ്വലവുമാണ്:** "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവുമാണ്; ഇരുവായ്ത്തല വാളിനെക്കാൾ മൂർച്ചയേറിയതും, ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിന്റെ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിച്ചറിയുന്നതുമാണ്... അവിടുത്തെ കൺമുമ്പിൽ സകലതും അനാവൃതവും വ്യക്തവുമാണ്" (ഹെബ്രാ 4:12). ഈ വചനമാകുന്ന വാൾ എടുക്കുന്നവരിലും ചെന്നു പതിക്കുന്നവരിലും വിപ്ലവാത്മകമായ മാറ്റം ഉണ്ടാക്കും.

**8)** കർത്താവിന്റെ **വചനം തേനിനെയും തേൻകട്ടയെയുംകാൾ മധുരമാണ്** (സങ്കീ 19:10). എസക്കിയേൽ വചനം ഭക്ഷിച്ചപ്പോൾ അതു തേൻപോലെ മധുരിച്ചു (എസ 3:3). ജറമിയാ പ്രവാചകനത് ആനന്ദാമൃതമായി (ജറ 15:16).

**9) തന്നെ സ്നേഹിക്കുന്നവരിൽ കൂടാരമടിക്കുകയും അവരുടെ സന്തോഷം പൂർണമാക്കുകയും ചെയ്യുന്ന വചനം:** "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും" (യോഹ 14:23). "ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ സ്നേഹത്തിൽ നിലനില്ക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പാലിച്ചാൽ എന്റെ സ്നേഹത്തിൽ നിലനില്ക്കും. ഇത് ഞാൻ നിങ്ങളോടു പറഞ്ഞത് എന്റെ സന്തോഷം നിങ്ങളിൽ കുടികൊള്ളാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും വേണ്ടിയാണ്" (യോഹ 15:5-10).

**10) ജ്ഞാനം പകരുന്ന വചനം:** "എന്റെ വചനങ്ങളിൽ അഭിലാക്ഷമർപ്പിക്കുവിൻ, അവയോട് തീവ്രാഭിനിവേശം കാണിക്കുവിൻ നിങ്ങൾക്കു ജ്ഞാനം ലഭിക്കും" (ജ്ഞാനം 6:11).

വചനത്തിന്റെ ഈ അർത്ഥവും പ്രാധാന്യവും സവിശേഷതകളും മനസ്സിലാക്കി ശ്രദ്ധാപൂർവം വചനം വായിക്കുകയും ഹൃദയത്തിൽ സംഗ്രഹിച്ച് ധ്യാനിക്കുകയും ചെയ്യുകയാണ് വചനാനുഭവ വളർച്ചയ്ക്കുള്ള പ്രധാന മാർഗം.



# തിരമാലകൾക്കിടയിലൂടെ വള്ളമിറക്കുമ്പോൾ.....

**ഡോ. ജിബി ഗീവർഗീസ്**
സഭാതല സുവിശേഷസംഘം, തിരുവനന്തപുരം

തിര ഒഴിഞ്ഞിട്ട് വള്ളമിറക്കാം എന്നു കരുതി വള്ളവുമായി കാത്തിരിക്കുന്ന ചിലരെങ്കിലും ഉണ്ട്. പക്ഷേ തിരയും തിരമാലയും ഒഴിഞ്ഞിട്ട് ഒരിക്കലും വള്ളമിറക്കാൻ സാധിക്കില്ല എന്നത് പരമാർത്ഥം! ജീവിതസാഗരത്തിൽ തിരകളും തിരമാലകളും ആർത്തലച്ചു നിന്നിരുന്ന കാലഘട്ടത്തിലായിരുന്നു സുവിശേഷസംഘാംഗം ആകാൻ 'വിളി' വന്നത്. കോളേജ്, യൂണിവേഴ്സിറ്റി തലങ്ങളിലെ ഉത്തരവാദിത്വങ്ങൾ, കുടുംബജീവിതത്തിലെ ചുമതലകൾ, സാമൂഹികസാംസ്കാരിക മേഖലകളിലെ പ്രവർത്തനങ്ങൾ.. ഈ തിരക്കിനിടയിൽ നിൽക്കുമ്പോഴാണ് ദൈവത്തിന്റെ തെരഞ്ഞെടുപ്പ്. വിളിക്കപ്പെട്ടു കഴിഞ്ഞാൽ ആ വിളിക്കു കീഴ്പ്പെടണം. ദൈവം വിളിച്ച വിളിക്കു യോഗ്യമായ രീതിയിൽ ജീവിക്കണം.

എല്ലാം ദാനമായി നൽകിയ തമ്പുരാനു വേണ്ടി ഒരല്പം സമയം മാറ്റിവയ്ക്കാനായില്ലെങ്കിൽ പിന്നെന്തു ജീവിതം. അങ്ങനെ ഞാനും തിരമാലകൾക്കിടയിലൂടെ വള്ളമിറക്കി.... Retirement ഉം തിരയും തിരക്കും ഒന്നും കാത്തുനില്ക്കാതെ....നമ്മിലുള്ള നന്മയുടെ നിറവു കണ്ടല്ല... നാം നന്മയാൽ നിറയേണ്ടുന്നതിനായിട്ടാണ് ഈ തെരെഞ്ഞെടുപ്പ് എന്ന ഉത്തമബോധ്യത്തോടെ, ആദ്യ സഭാതല സുവിശേഷസംഘത്തിൽ ഞാനും അംഗമായി. ഉത്സാഹപുത്രിമാരായ മറ്റു മൂന്നു അമ്മാമ്മമാർക്കൊപ്പം!

ഫെബ്രുവരി 20, 2012 ൽ ആരംഭിച്ച പരിശീലന പരിപാടികൾ ഏതാണ്ട് 30 ഓളം പരിശീലന ക്ലാസുകൾ. തമ്പുരാനോട് കൂടുതൽ കൂടുതൽ ചേർന്നുനിൽക്കുവാനും ആ സ്നേഹം കൂടുതൽ തീഷ്ണമായി അനുഭവിക്കാനും ഈ ക്ലാസുകൾ ഏറെ സഹായിച്ചു. ഒരു ശരാശരി ക്രിസ്ത്യാനിയുടെ സഭാജീവിതത്തിന്റെ വ്യവസ്ഥാപിത സങ്കല്പങ്ങൾക്കുമപ്പുറം സുവിശേഷ ജീവിതത്തിന്റെ ആഴവും പരപ്പും തിരിച്ചറിഞ്ഞു തുടങ്ങി. കൂദാശകളുടെ പ്രത്യേകിച്ച് വി. കുർബാന, വി. കുമ്പസാരം ഇവയുടെ ബോധ്യത്തോടു കൂടിയുള്ള സ്വീകരണം... അങ്ങനെ വ്യക്തി ജീവിതത്തെ കൂടുതൽ കൂടുതൽ നവീകരിക്കാനുള്ള അനവധി അവസരങ്ങൾ...

കൈവയ്പ്പ് ശുശ്രൂഷയ്ക്കു തലേന്നാൾ അത്യുന്നത കർദ്ദിനാൾ പിതാവ് നൽകിയ സന്ദേശത്തിൽ സുവിശേഷസംഘത്തിന്റെ ശ്രേഷ്ഠത, പ്രവർത്തനങ്ങൾ എങ്ങനെ ഒരുങ്ങണം തുടങ്ങിയവ വിശദീകരിച്ചു. യേശു നമുക്കായി ഒരുക്കിയിരിക്കുന്നത് ഏറ്റുവാങ്ങാൻ നാം നന്നായി ഒരുങ്ങേണ്ടതുണ്ട് എന്ന തിരിച്ചറിവ് ഉള്ളിൽ ചെറിയ നെഞ്ചിടിപ്പുണ്ടാക്കി. രാത്രി പലവട്ടം കണ്ണീരോടെ ചോദിച്ചു. ഏതാണ്ട് "സക്കായി മനോഭാവത്തിൽ" (ഒന്ന് കണ്ടുകളയാം; എന്താണെന്ന് മനസിലാക്കിയിരിക്കാം എന്ന മനോഭാവം) ആയിരുന്ന എന്റെ അടുത്ത് തമ്പുരാൻ വന്ന് "നിന്നോടൊപ്പം ആയിരിക്കുവാൻ ആഗ്രഹിക്കുന്നു" എന്നു പറഞ്ഞതുപോലെ. ദൈവത്തോടുള്ള കടമയും ജീവിതത്തോടുള്ള കടമയും ഒന്നിച്ചു കൊണ്ടുപോകാൻ ആ സാന്നിധ്യം ശക്തിതരുന്നു. സുവിശേഷവീഥിയിലേയ്ക്ക് എന്നെ കൈപിടിച്ചുകൊണ്ടുവന്ന സഭശ്രേഷ്ഠരെ നന്ദിയോടെ ഓർക്കുന്നു.

ഏതാണ്ട് മൂന്നുവർഷം കൊണ്ട് ഒരു വൻവൃക്ഷമായി സഭ മുഴുവൻ തണൽ നൽകി; ഒരു പുതുഉണർവായി, സുവിശേഷ സംഘപ്രവർത്തനങ്ങൾ സദ്ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നു. തമ്പുരാൻ കൈപിടിച്ച്, അധിക ഊർജം തന്ന് വളർത്തി വലുതാക്കിയിരിക്കുകയാണ് സുവിശേഷസംഘത്തെ; ബാലാരിഷ്ടതകൾ കാട്ടി, പതറുന്ന കാൽവെയ്പുകളോടെ ശൈശവ ദശയിൽ നിൽക്കേട്ട സുവിശേഷസംഘം വിസ്മയകരമായി വളർച്ച പ്രാപിച്ച് ശക്തവും ചടുലവുമായ ചുവടുകൾ മുന്നോട്ടുവച്ച് അതിവേഗം ബഹുദൂരം പോയി കഴിഞ്ഞിരിക്കുന്നു!

എനിക്ക് കിട്ടിയിരിക്കുന്ന 2 പള്ളികളിലും മാസത്തിലൊരിക്കൽ എന്ന ക്രമത്തിൽ പോകുവാനും, വചനം പങ്കുവയ്ക്കുകയും ഇടവകതല സുവിശേഷസംഘരൂപീകരണം നടത്തുകയും ചെയ്യാൻ സാധിക്കുന്നുണ്ട്. ഗോഡ്ജോയി അച്ചന്റെ ആത്മീയ നേതൃത്വത്തിൽ ഭവനസന്ദർശനത്തിന് പോകുന്നത് ഒരു പ്രത്യേക അനുഭവനം തന്നെയാണ്; പണ്ട് എന്നിലുണ്ടായിരുന്ന "തുമ്പപൂവ് സിഡ്രോം' (ഞാനിതിനൊന്നും യോഗ്യയല്ല എന്ന ഭാവം), പല ആത്മീയ കാര്യങ്ങൾക്കും നേതൃത്വം നൽകുന്നതിൽ നിന്നെന്നെ പിന്നോട്ടുവലിച്ചിരുന്നു. എന്നാൽ ഇപ്പോൾ പ്രാർത്ഥയ്ക്ക് നേതൃത്വം കൊടുക്കുവാനും, ധ്യാനിപ്പിക്കാനും, ഒക്കെ സാധിക്കുന്നു.

കോളേജിൽ മാസാദ്യവെള്ളിയിലെ വി. കുർബാന, 50 നോമ്പിലുള്ള 40 കുമ്പിടീൽ, ഒക്ടോബർ മാസത്തിലെ അഖണ്ഡജപമാലാ, കോളേജ് ക്യാമ്പസിനുള്ളിൽ ആദ്യമായി നടത്തിയ കുരിശിന്റെ വഴി, പോകുന്ന വഴിയിലുള്ള ഓരോ ക്ലാസ്മുറിയിലും വിശുദ്ധീകരിക്കാൻ പ്രാർത്ഥന; എല്ലാ ബുധനാഴ്ചയും ജാതിമതഭേദമെന്യെ കോളേജ് ചാപ്പലിൽ കുട്ടികൾ ഒന്നിച്ചു കൂടി ദൈവാനുഭവങ്ങൾ പങ്കുവച്ചുവരുന്നത്; ഇവയ്ക്ക് നേതൃത്വം നൽകാൻ കഴിയുന്നതും എല്ലാം സുവിശേഷസംഘത്തിൽ നിന്നും കിട്ടിയ ഉൾബലം.

അഭിവന്ദ്യ ബർണബാസ് പിതാവിന്റെ പിതൃതുല്യമനോഭാവം, ബഹുമാനപ്പെട്ട കാക്കനാട്ടച്ചന്റെ ഗാനശുശ്രൂഷ; ഫ്രാൻസിനാമ്മ സിസ്റ്ററിന്റെ പ്രാർത്ഥനാ ശുശ്രൂഷ, സി. നമിതയുടെ വിശ്വാസ തീവ്രത; മധ്യസ്ഥ പ്രാർത്ഥനകൾ എല്ലാം സുവിശേഷസംഘം കൂടുതൽ ആഴങ്ങളിലേക്ക് വേരിറങ്ങാൻ വേണ്ട ശക്തിയും ഊർജ്ജവുമായി തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു. സഭ ഏറ്റെടുത്തിരിക്കുന്ന ഈ ദൗത്യം "Down ward filtration Theory" വഴി സഭയിലെ ഏറ്റവും താഴത്തെ തട്ടിൽ വരെ (ഇടവകതലം) എത്തി, മലങ്കരസഭയിലെ എല്ലാ മക്കളും ഈ സുവിശേഷ പ്രേഷിതരംഗത്തേക്ക് കടന്നുവരുമാറാകട്ടെ.

**സുവിശേഷ സംഘ സംഗമം 2016 ജനുവരി 29, 30 തീയതികളിൽ**
**(29 വെള്ളി രാവിലെ 9 മുതൽ 30 ശനി ഉച്ചവരെ)**
**കാതോലിക്കേറ്റ് സെന്റർ, പട്ടം, തിരുവനന്തപുരം**
സഭാതലത്തിലും രൂപതാതലത്തിലും കൈവയ്പ് ലഭിച്ച 217 അംഗങ്ങളുടെ സംഗമം. മോറാൻ മോർ ബസേലിയോസ് കതോലിക്കാബാവായും വന്ദ്യപിതാക്കന്മാരും പങ്കെടുക്കുന്നു. ഏവർക്കും സ്വാഗതം



# ഞാൻ അനുഭവിച്ചറിഞ്ഞ എന്റെ പ്രിയപ്പെട്ടവർ

**നെപ്പോളിയൻ വർക്കി**
സഭാതല സുവിശേഷ സംഘാംഗം, മുംബൈ

അൽപകാലത്തേക്ക് വിവിധ പരീക്ഷകൾ നിമിത്തം നിങ്ങൾക്കു വ്യസനിക്കേണ്ടി വന്നാലും അതിൽ ആനന്ദിക്കുവിൻ. കാരണം അഗ്നിശോധനയെ അതിജീവിക്കുന്ന നശ്വരമായ സ്വർണത്തേക്കാൾ വിലയേറിയതായിരിക്കും പരീക്ഷകളെ അതിജീവിക്കുന്ന നിങ്ങളുടെ വിശ്വാസം (1 പത്രോസ് 1:6-7).

1998 ആഗസ്റ്റ് 30-ാം തിയതി എന്റെ ജീവിതപങ്കാളിയും രണ്ടുപെൺമക്കളും മുമ്പൈയിലെ ലോക്കൽ ട്രെയിൻ അപകടത്തിൽ മരണപ്പെട്ടു. എന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും ഒറ്റനിമിഷം കൊണ്ടു നഷ്ടപ്പെട്ടു. ഇതൊക്കെയാണെങ്കിലും എവിടെ നിന്നോ കിട്ടിയ ധൈര്യം "എന്റെ യേശു എന്നെ കൈവിടില്ല" എന്ന ധൈര്യം എന്നെ പതുക്കെ പതുക്കെ ജീവിതത്തിലേക്ക് നയിച്ചു. ആനേകം ധ്യാനങ്ങളും കൗൺസിലിങ്ങും കൂടി. ഞാൻ സാധാരണ ജീവിതത്തിലേക്ക് കടന്നു വന്നു.

2014 ജനുവരി മാസം നാട്ടിൽ (തിരുവനന്തപുരം) നടത്തുന്ന സുവിശേഷസംഘത്തിന്റെ Formation Class കളിൽ സംബന്ധിക്കണമെന്ന് ആവശ്യപ്പെടുകയും ഞങ്ങൾ രണ്ടുപേരും കുടുംബമായി ആ ക്ലാസുകളിൽ സംബന്ധിക്കുവാൻ മുംബൈയിൽ നിന്നും പോയിരുന്നു. 24 ക്ലാസ്സുകൾ ഞങ്ങൾക്ക് ലഭിച്ചു. ബഹു. ആന്റണി കാക്കനാട് അച്ചന്റേയും ബഹു. സിസ്റ്റർ ഫ്രാൻസീന, സിസ്റ്റർ നമിത എന്നിവരുടെ നേതൃത്വത്തിൽ നടന്ന ക്ലാസുകളിൽ ഓരോ പ്രഭാതത്തിലും പുതിയ ദർശനങ്ങൾ, സ്വപ്നങ്ങൾ, പ്രത്യാശ ഇവയൊക്കെ പരിശുദ്ധാത്മാവ് ഞങ്ങൾക്ക് പകർന്നു തന്നു.

ഭാരതം മുഴുവൻ സുവിശേഷം പ്രഘോഷിക്കണം. അത് സ്വന്ത വിശുദ്ധിയിലൂടെ ആയിരിക്കണം എന്നുള്ള ദൈവദാസനായ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നങ്ങളും വീക്ഷണങ്ങളും ഓരോ മലങ്കരക്കാരന്റെയും കർത്തവ്യമാണെന്ന് ഈ ക്ലാസുകളിൽ നിന്നും ലഭിച്ചു. സ്നേഹവും അംഗീകാരവും കിട്ടുന്ന സ്ഥലങ്ങളിലല്ലാ സുവിശേഷം അറിയിക്കേണ്ടത്, നമുക്ക് ഇഷ്ടപ്പെട്ട ജോലിയല്ല ചെയ്യേണ്ടത്, പിന്നെയോ ദൈവം ഏൽപ്പിക്കുന്ന ജോലിയാണ് നാം ചെയ്യേണ്ടത്. ദൈവത്തിന് ഇഷ്ടപ്പെട്ട സ്ഥലങ്ങളിലേക്ക് നാം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. അതാണ് നമ്മുടെ സുവിശേഷ ദൗത്യം.

തീക്ഷണമായ പ്രാർത്ഥന, ധ്യാനം, ചിന്തകൾ, ഉപവാസം, യാമപ്രാർത്ഥനകൾ മുതലായവ എങ്ങനെ നമ്മുടെ ആത്മീയ ജീവിതം കെട്ടിപ്പടുക്കുവാൻ സാധിക്കുന്നു എന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ഒരു സുവിശേഷ സംഘാംഗം 25 കാര്യങ്ങളുടെ നിയമാവലി എങ്ങനെ അനുഷ്ഠിക്കണം എന്നുള്ളതും മനസ്സിലാക്കുവാൻ കഴിഞ്ഞു. രാവിലെ, ഉച്ചയ്ക്ക്, വൈകിട്ട് നടത്താറുള്ള പ്രാർത്ഥന. മാസം തോറും നടത്തുന്ന വി. കുമ്പസാരം വലിയ ജീവിത അനുഭവത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്നു. ഓരോ കുടുംബത്തിനുവേണ്ടിയും പ്രത്യേകിച്ച് രോഗികൾക്കുവേണ്ടിയും പ്രാർത്ഥിക്കുന്നു. വലിയ ദൈവാനുഭവത്തിലേക്ക് അവരെ ക്ഷണിക്കാനും കഴിയുന്നു. നമ്മെ തന്നെ വിശുദ്ധീകരിച്ചുള്ള ഒരു ജീവിതശൈലി ജീവിതത്തിൽ ആരംഭിച്ചുകഴിഞ്ഞു.

മുംബൈയിലെ 6 ഇടവകകളിൽ 70 കുടുംബങ്ങൾ സന്ദർശിച്ച് ബൈബിൾ പ്രതിഷ്ഠ, ബൈബിളിന്റെ മഹത്വം, പ്രാർത്ഥന, സുവിശേഷസംഘാംഗം ആകാനുള്ള ക്ഷണം മുതലായവ നടത്തിവരുന്നു. ബഹുമാനപ്പെട്ട ആന്റണി അച്ചൻ, ബഹു. വർഗ്ഗീസ് വാലിക്കോടത്ത് അച്ചൻ, സിസ്റ്റേഴ്സ് ഇവരുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തിവരുന്നു. കൂടാതെ ഭോപ്പാലിലുള്ള ഭവനങ്ങളും സന്ദർശിച്ച് സഭയുടെ സുവിശേഷ ദൗത്യത്തിലേക്ക് അവരെ ക്ഷണിച്ചു. സമർപ്പണവും വലിയ ദൈവീകാനുഭവത്തിലേക്ക് വരുവാനുള്ള ആഗ്രഹവും ETRI മലങ്കര മക്കൾക്ക് ഉണ്ട് എന്നുള്ളത് ഒത്തിരി സന്തോഷം തരുന്നു. ഒരു സുവിശേഷ സംഘാംഗം ആകാൻ പറഞ്ഞാൽ, ദൈവത്തിന് ഇഷ്ടം തോന്നി നമ്മളെ തെരഞ്ഞെടുത്തതാണെന്ന് പറയുമ്പോൾ, സന്തോഷത്തോടുകൂടി സ്വീകരിക്കുന്നു.

മാസം തോറും നടത്തി വരുന്ന വി. കുമ്പസാരം, ജപമാല പ്രാർത്ഥനകൾ ഏതു പ്രതികൂലസാഹചര്യങ്ങളിലും അനുഷ്ഠിക്കുവാൻ കഴിയുന്നു എന്നുള്ളതാണ് സത്യം. ക്ഷമിക്കാനുള്ള കഴിവ്, അഹങ്കാരം, അഹന്ത മുതലാവയ ഹൃദയത്തിൽ നിന്നും എടുത്തു കളയുവാനുള്ള കൃപ വി. കുമ്പസാരത്തിലൂടെ ലഭിച്ച അനുഗ്രഹങ്ങളാണ്.

നമ്മൾ പ്രത്യേകിച്ച്, ഒരു സുവിശേഷാംഗം ഒരിക്കലും നഷ്ടഹൃദയർ ആയിരിക്കരുത്. അതാണ് നമ്മുടെ സുവിശേഷ ദൗത്യം. പരിഹാസങ്ങളും കളിയാക്കലും ഒക്കെ ഉണ്ടാകാം. തക്കസമയത്ത് ദൈവം പരിപാലിച്ചിരിക്കും. ഞാനും എന്റെ ഭാര്യ മറിയാമ്മയും സുവിശേഷ സംഘത്തിന്റെ പരിശീലനത്തിൽ ഒന്നിച്ചു സംബന്ധിച്ചത് വലിയ അനുഗ്രഹമായി കരുതുന്നു. ഒന്നിച്ചു പ്രാർത്ഥിക്കാനും ഒന്നിച്ച് ആത്മീയതയിൽ വളരുവാനും ഒന്നിച്ച് ശുശ്രൂഷയ്ക്ക് പോകുവാനും സാധിക്കുന്നു. അതിനാൽ ഒരു കുടുംബമായി സുവിശേഷസംഘത്തിൽ അംഗങ്ങളാകുന്നത് വളരെ നല്ലതാണ്.

ശേഷിച്ച എന്റെ ജീവിതം ഉത്ഥിതനായ എന്റെ യേശുവിനുവേണ്ടിമാത്രം അവകാശപ്പെട്ടതാണ്. യേശുവിന് വേണ്ടി ജീവിക്കും.



# ഞാൻ അനുഭവിച്ചറിഞ്ഞ എന്റെ ദൈവത്തിന്റെ സ്നേഹം

**മറിയാമ്മ നെപ്പോളിയൻ**
സഭാതല സുവിശേഷ സംഘാംഗം-മുംബൈ

യേശു ശിഷ്യന്മാരോട് പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മർക്കോ. 16:15)

വന്ദ്യ ബർണബാസ് പിതാവ് 2014 ജനുവരി മാസം ഞങ്ങളോടു പറഞ്ഞു തിരുവനന്തപുരത്ത് സുവിശേഷ സംഘത്തിന്റെ Formation ക്ലാസ് തുടങ്ങുന്നു. നിങ്ങൾ രണ്ടു പേരും പങ്കെടുക്കണം. വളരെ അതിശയമായി തോന്നി. ഞങ്ങളെ തെരഞ്ഞെടുത്ത് ഞങ്ങളോട് മാത്രം പറയണമെങ്കിൽ ദൈവീക ഇടപെടൽ ഒന്നുകൊണ്ടു മാത്രമാണ്. എനിക്ക് അതോടുകൂടി, ദൈവത്തോട് കൂടുതൽ അടുപ്പം തോന്നി. ദൈവം എന്നെ എത്ര മാത്രം സ്നേഹിക്കുന്നു കരുതുന്നു എന്ന് മനസ്സിലായി. (റോമ 8:28) - ൽ പറയുന്നു ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതിയനുസരിച്ച് വിളിക്കപ്പെട്ടവർക്ക് ദൈവം സകലവും നന്മക്കായി പരിണമിപ്പിക്കുന്നു.

എല്ലാവരുടേയും ക്ലാസ്സുകൾ ഞങ്ങൾക്ക് വളരെ പ്രയോജനപ്രദമായിരുന്നു.

സുവിശേഷസംഘത്തിൽ വന്നു കഴിഞ്ഞതിൽ പിന്നെ എനിക്ക് വളരെ മാറ്റങ്ങൾ ഉണ്ടായി. കൂടാതെ കൂടുതൽ അറിവുകൾ ലഭിച്ചു. എല്ലാ ദിവസവും വൈകിട്ട് ബൈബിൾ വായിക്കുക. പ്രാർത്ഥിക്കുക എന്നൊരു ചടങ്ങല്ലാതെ കൂടുതൽ അറിവൊന്നും എനിക്ക് ഇല്ലായിരുന്നു. ഇപ്പോഴാണ് ബൈബിൾ എങ്ങനെ വായിക്കണം എപ്പോൾ വായിക്കണം എന്നൊക്കെ മനസ്സിലായത്. യാമപ്രാർത്ഥന എന്താണെന്ന്പോലും അറിയില്ലായിരുന്നു. ബൈബിൾ വായിക്കാൻ തുടങ്ങിയപ്പോൾ എന്റെ മനസ്സിനെ തട്ടിയുണർത്തിയ വേദവാക്യം ആണ് (ഏശയ്യ 43-1) ഭയപ്പെടേണ്ടാ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു. നിന്നെ പേര് ചൊല്ലി വിളിച്ചിരിക്കുന്നു. നീ എന്റേതാണ്. അതോടുകൂടി ഞാൻ ദൈവത്തെ കൂടുതൽ സ്നേഹിക്കാൻ തുടങ്ങി. ദൈവത്തിനു വേണ്ടി കൂടുതൽ സമയം ചെലവഴിക്കാൻ തുടങ്ങി.

ഇപ്പോൾ രാവിലെയും വൈകിട്ടും മെഴുകുതിരി കത്തിച്ചു വെച്ച് പ്രാർത്ഥിക്കുകയും ബൈബിൾ ഉറക്കെ വായിക്കുകയും ചെയ്യുന്നു. ഉച്ചയ്ക്കത്തെ യാമപ്രാർത്ഥനയും മുടക്കാറില്ല. പിന്നെ കൂടുതൽ സന്തോഷിപ്പിക്കുന്നത് 3 നേരവും രണ്ടുപേരും ചേർന്നാണ് പ്രാർത്ഥിക്കുന്നത്. ഇതിന്റെ ഫലമായി വളരെയധികം ദൈവാനുഗ്രഹം ലഭിക്കാൻ തുടങ്ങി. ജപമാലപ്രാർത്ഥനകൊണ്ടും മാതാവ് ഞങ്ങളെ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു. ജപമാല പ്രാർത്ഥിക്കുന്നതുകൊണ്ട് തീക്ഷണതയോടുകൂടി ദൈവത്തെ സ്നേഹിക്കുകയും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാനുള്ള പ്രചോദനവും ക്ഷമിക്കാനും സഹിക്കാനുമുള്ള കൃപയും ലഭിച്ചുകൊണ്ടിരിക്കുന്നു.

സുവിശേഷസംഘാംഗം അനുദിനം അനുഷ്ഠിക്കേണ്ട 25 കാര്യങ്ങൾ ആദ്യം എളുപ്പമെന്നു തോന്നിയെങ്കിലും ജീവിച്ചുതുടങ്ങിയപ്പോൾ അതിന്റെ ഭാരം എത്രയെന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നു. പള്ളിയിൽ വി. കുർബാന ഉള്ളപ്പോഴെല്ലാം പങ്കെടുക്കാറുണ്ട്.

മുംബൈയിൽ 4 സ്ഥലങ്ങളിലായി (Vasai, Vikhroli, Thane, Sakinaka) 60 വീടുകൾ സന്ദർശിച്ചു. അതുപോലെ ഭോപ്പാലിൽ 36 വീടുകൾ സന്ദർശിച്ചു. നല്ല ഒരു അനുഭവം ആയിരുന്നു. ഭവന സന്ദർശനം വഴി ഓരോ ഭവനത്തെപ്പറ്റി കൂടുതൽ അറിയുവാനും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാനും സാധിക്കുന്നു.

ഈ കഴിഞ്ഞ 2, 3 മാസം കൊണ്ട് ബൈബിളിലെ പുതിയനിയമം മുഴുവനും പകർത്തി എഴുതി. എനിക്ക് തന്നെ അതിശയം തോന്നുന്നു. ഒട്ടും പ്രതീക്ഷിച്ചതല്ല ഇത്രയും പെട്ടെന്ന് എഴുതിതീർക്കുമെന്ന്. ദൈവത്തിന്റെ കരങ്ങൾ എപ്പോഴും എന്റെ കൂടെ ഉണ്ടായിരുന്നു. ഞാൻ അതു പൂർണ്ണമായി വിശ്വസിക്കുന്നു. ഏശയ്യാ 41:10- ൽ പറയുന്നു. ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ടാ. ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈ കൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും. യേശുവേ നന്ദി, യേശുവേ സ്തോത്രം.

വചനാധിഷ്ഠിത ജീവിതം നയിച്ചുകൊണ്ട് തിരുസഭയോടു ചേർന്നുനിന്ന് ജീവിതാന്ത്യത്തോളം സുവിശേഷ വേല ചെയ്യുവാൻ അനുഗ്രഹിക്കണമേയെന്ന് എളിമയോടുകൂടി പ്രാർത്ഥിക്കുന്നു. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി കാട്ടിത്തന്ന മാർഗ്ഗത്തിലൂടെ സുവിശേഷകരായി ജീവിക്കുവാൻ നമുക്കെല്ലാവർക്കും ഒത്തൊരുമിച്ച് മുന്നോട്ടിറങ്ങാം.



# ഏഴുമണിയും കത്തിച്ച മെഴുകുതിരിയും

**സാബു പാപ്പച്ചൻ ബാംഗ്ലൂർ**
സഭാതല സുവിശേഷ സംഘാംഗം

മലങ്കര സഭയുടെ നിരവധി പ്രസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്ഥമായി, അദ്ധ്യാത്മിക ജീവിത ശൈലി പരിശീലിക്കുന്ന - പരിശിലിപ്പിക്കുന്നവരുടെ കൂട്ടായ്മയാണ് സുവിശേഷ സംഘം. നിർദ്ദേശിച്ചിട്ടുള്ള 25 ജീവിതചര്യകളെ മുറുകെപിടിച്ചു ജീവിക്കുക ബുദ്ധിമുട്ടാണ് എന്ന് ഒറ്റ നോട്ടത്തിൽ തോന്നിയാലും നിരന്തരമുള്ള പരിശീലനം വഴി അത് നേടിയെടുക്കാവുന്നതാണ്.

ജോലിയുടെ പ്രത്യേകതമൂലം എന്റെ വീട്ടിലെ സന്ധ്യാപ്രാർത്ഥ വർഷങ്ങളായി 10 pm കഴിഞ്ഞായിരുന്നു. പലവീടുകളിലും 7 മണിക്ക് പ്രാർത്ഥനാ ദീപം കണ്ടിരുന്നുവെങ്കിലും അത് പരിശീലിക്കാൻ സാധിച്ചിരുന്നില്ല. സുവിശേഷസംഘത്തിൽ വന്നതിനുശേഷം വീട്ടിലുള്ള ഇളയമകൾ എല്ലാ ദിവസവും 7 മണിക്ക് മെഴുകുതിരി കാത്തിച്ച് പ്രാർത്ഥിക്കാറുണ്ട്. ഞങ്ങൾ (ഞാനും ഭാര്യയും) ഈ സമയത്ത് ജോലിയിലാണെങ്കിലും ഒരു മിനിട്ടെങ്കിലും അതേ സമയത്ത് പ്രാർത്ഥിക്കാൻ ശ്രമിക്കുന്നു. വളരെ നിസാരമെന്ന് തോന്നുമെങ്കിലും ജോലികഴിഞ്ഞ് തിരിച്ചുവരുമ്പോൾ കാണുന്ന കത്തിച്ച മെഴുകുതിരി പ്രാർത്ഥനയുടെ അനുഭവം സൃഷ്ടിക്കുന്നു.

ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ച് ജീവിക്കുന്നു എന്ന പഴമൊഴി ഇവിടെ ഉദ്ധരിക്കുന്നു. മലങ്കരസഭ മുഴുവനെയും ഒരു കുടുംബമായി കണ്ടുകൊണ്ട് എല്ലാ മലങ്കര മക്കളുടേയും ഭവനത്തിൽ 7 മണിക്ക് കത്തിച്ച മെഴുകുതിരിയും, ഒപ്പമുള്ള പ്രാർത്ഥനയും അനുവർത്തിച്ചാൽ അത് ഒരു പുതിയ പ്രാർത്ഥനാ ശൈലിക്ക് തുടക്കം കുറിക്കും.

ഓർക്കുക, മലങ്കരസഭയിലെ ഒരു ലക്ഷത്തോളം ഭവനങ്ങളിൽ, കുടുംബങ്ങൾ ഒരുമിച്ച് ഒരുമിനിട്ടെങ്കിലും ഏഴുമണിക്ക് പ്രാർത്ഥിച്ചാൽ നമ്മുടെ കുടുംബങ്ങളും സഭയും നവീകരിക്കപ്പെടും എന്നത് തീർച്ച.

**'റീഹോ ദ് ഏവൻഗേലിയോൻ' എന്ന പ്രസിദ്ധീകരണത്തെക്കുറിച്ച് പ്രതികരിക്കുവാനും കോപ്പികൾക്ക് ബന്ധപ്പെടുവാനുമുള്ള വിലാസം**

**SUVISESHA SANGAM OFFICE,**
**Catholicate Centre, Pattom, Trivandrum - 695 004, Kerala.**
**Ph : 9447562877**



# “ഒരു സുവിശേഷകന്റെ വിളി”

**ജി. ജോൺ തൂവംപള്ളിൽ**
സഭാതല സുവിശേഷസംഘാംഗം - മാവേലിക്കര രൂപത

1 കോറി 1:26,27, സഹോദരരേ, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റിത്തന്നെ ചിന്തിക്കുവിൻ; ലൗകിക മാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ലോകദൃഷ്ടിയിൽ ഭോഷൻമാരായവരെ ദൈവം തെരഞ്ഞെടുത്തു. എന്റെ സുവിശേഷകൻ എന്ന തെരഞ്ഞെടുപ്പ് എനിക്ക് ബോധ്യപ്പെട്ടു. അതേ “ഭോഷൻ” ഇതിനേക്കാൾ ചേരുന്ന വാക്ക് എനിക്കില്ല. ഇതിനെപ്പറ്റി ചിന്തിച്ചപ്പോൾ ദൈവം കാണിച്ചുതന്ന മറ്റൊരുവചനം വി. പൗലോസ് തന്നെപ്പറ്റി പറയുന്നു 2 കോറി. 11:1 “അല്പം ഭോഷത്തം സംസാരിക്കുന്നത് നിങ്ങൾ സഹിക്കുമെന്നു പ്രതീക്ഷിക്കുന്നു”. 2 കോറി 1:17 “ഒരു ഭോഷനെപ്പോലെയാണു ഞാൻ സംസാരിക്കുന്നത്”. ഇപ്പോൾ ഞാനാരാണ് ഭോഷനിൽ അതിഭോഷൻ 2 കോറി 10:17 “അഭിമാനിക്കുന്നവൻ കർത്താവിൽ അഭിമാനിക്കട്ടെ”. ഈ ഭോഷൻ ഇപ്പോൾ എന്തായിരിക്കുന്നുവോ ‘‘അത് ദൈവകൃപയാലാണ്”. അതിൽ എനിക്ക് ഒരുപങ്കും ഇല്ല. കാരണം വചനം പറയുന്നു ‘‘ഞാനല്ല എന്നിലുള്ള ദൈവകൃപയാണ് അദ്ധ്വാനിച്ചത്” (കോറി.15:10).

എന്റെ ചിന്ത കാടുകയറുന്നു. ഞാൻ എന്നോടുതന്നെ ചോദിച്ചു നീ ആരാണ്? എന്നിലുള്ള ഈഗോ പറഞ്ഞു നീ ഒരു നല്ല കുടുംബത്തിൽ പിറന്ന സുറിയാനി ക്രിസ്ത്യാനി, സമൂഹത്തിൽ മാന്യൻ, സർക്കാരിന്റെ വിശ്വസ്തനായ ഒരു ഗസറ്റഡ് ആഫീസർ, ഈ രാജ്യത്തിനു വേണ്ടി രണ്ട് യുദ്ധങ്ങളിൽ പങ്കെടുത്ത് ഇൻഡ്യൻ പ്രസിഡന്റിൽനിന്നും മെഡലുകൾ നേടിയവൻ, ആവശ്യത്തിന് സമ്പത്ത്, നല്ലഭാര്യ, മക്കൾ, മഹാഭാഗ്യവാൻ എന്ന് സന്തോഷിച്ചിരിക്കുമ്പോൾ പ്രഭാഷകൻ 11:28 കൺമുമ്പിൽ, ‘മരിക്കുംമുമ്പ് ആരെയും ഭാഗ്യവാനെന്ന് വിളിക്കരുത്; മരണത്തിലൂടെയാണ് മനുഷ്യനെ അറിയുക.’’ മൺ മറഞ്ഞ വിശുദ്ധരും, പ്രവാചകഗണങ്ങളും എന്നെ നോക്കി ചിരിക്കുന്നു. ഈ ചിരി പരിഹാസമോ? അനുകമ്പയോ?, സാരമില്ല ഞാൻ ഭോഷനാണല്ലോ എന്ന ചിന്ത എന്നെ ഉണർത്തി ഞാനും ചിരിച്ചു, എന്റെ ദയനീയത ഓർത്തു. ഒരു കാര്യം ഉറപ്പാണ് ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭോഷനാണ് ഞാൻ.

പക്ഷേ ഈ ഭോഷൻ ആരാണ്, ആരായിരിക്കണം, ഒരു ദൈവഭക്തൻ കൊള്ളാം. വചനം പറയുന്നു ദൈവ ഭക്തനേക്കാൾ ഉത്കൃഷ്ടനായി ആരുമില്ല.’’ (പ്രഭാ.25,10). അപ്പോൾ സംശയം ഞാൻ യഥാർത്ഥത്തിൽ ഒരു ദൈവ ഭക്തനാണോ? വചനം പറയന്നു” ദൈവഭക്തി തിന്മയെ വെറുക്കലാണ്’’ (സുഭാ. 8:13). പക്ഷേ ഇവിടെയും ഞാൻ പൗലോസിനെപ്പോലെ പറയേണ്ടിവരുന്നു ഇശ്ചിക്കുന്ന നന്മയല്ല, ഇശ്ചിക്കാത്ത തിന്മയാണു ഞാൻ ചെയ്യുന്നത്. അപ്പോൾ ഞാൻ എങ്ങനെ ദൈവഭക്തനാകും. ഇവിടെയാണ് എന്റെ ബലഹീനത എന്റെ നിസ്സഹായവസ്ഥ. ഞാൻ യാമങ്ങളിൽ ചിന്തിച്ചുകൊണ്ടിരുന്നു. ഞാൻ പരിശുദ്ധ അമ്മയോട് എന്നെ സഹായിക്കണമെന്ന് പറഞ്ഞു. ജറമിയ 33:3 അമ്മ എനിക്ക് കാണിച്ചുതന്നു. “എന്നെ വിളിക്കുക, ഞാൻ മറുപടി നൽകും. നിന്റെ ബുദ്ധിക്കതീതമായ മഹത്തും നിഗൂഢവുമായ കാര്യങ്ങൾ ഞാൻ നിനക്കു വെളിപ്പെടുത്തും.” വചനം എന്നെ നയിച്ചു. “ഒന്നിനെക്കുറിച്ചും ആകുലരാകേണ്ട പ്രാർത്ഥനയിലൂടെയും, അപേക്ഷയിലൂടയും, കൃതജ്ഞതാ സ്തോത്രങ്ങളോടെ നിങ്ങളുടെ യാചനകൾ ദൈവസന്നിധിയിൽ അർപ്പിക്കുവിൻ” ധൈര്യം തരുന്ന വചനങ്ങൾ “നിന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ നിനക്കു കഴിയും”. “എന്റെ ദൈവം തന്റെ മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും” ഞാൻ സന്തോഷിച്ചു. ഈ വാക്യങ്ങളെല്ലാം എനിക്കു ധൈര്യം നൽകി. ഞാൻ ഉഷാറായി. ഞാൻ പ്രാർത്ഥനയിലൂടെയും പ്രത്യേകിച്ച് യാമപ്രാർത്ഥനയിലൂടെയും, ജപമാല ചൊല്ലിയും മുമ്പോട്ടു പോയി.

സുവിശേഷ സംഘത്തിൽ കൈവയ്പ് ലഭിച്ചതിനു ശേഷം എന്റെ ഇടവക പള്ളിയിൽ വചനം പറയുവാൻ ഒരു അവസരം ഞാൻ ആഗ്രഹിച്ചിരുന്നു. അത് ലഭിക്കാതെ വന്നപ്പോൾ ദുഃഖം തോന്നി. എന്നാൽ ഞാൻ ദൈവത്തിൽ ആശ്രയിച്ചു. അപ്പോൾ 30 മിനിറ്റു നേരം വചനം പ്രഘോഷിക്കാൻ ദൈവം അവസരം തന്നു.

തടസ്സങ്ങൾ ദൈവം നമ്മേ വളർത്തുന്ന വഴിയാണ്. എളിമയുടെ വഴി തെളിമയിലേക്ക് നയിക്കുന്നു. കർത്താവിൽ ആശ്രയം വെച്ചവൻ നിരാശനാകയില്ല. ഇപ്പോൾ വഴി തെളിഞ്ഞു. വചനം പറഞ്ഞു. “ഓരോരുത്തനും തനിക്കു കിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ” (പത്രോസ് 4:10). കാര്യസ്ഥന്റെ ജോലി ഉടമസ്ഥൻ പറയുന്നത് അനുസരിക്കുക എന്നുമാത്രം. ഇങ്ങനെയുള്ളവരെ ദൈവം പഠിപ്പിക്കും. “അവരെല്ലാവരും ദൈവത്താൽ പഠിപ്പിക്കപ്പെട്ടവരാകും” എന്ന് പ്രവാചകഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. പിതാവിൽ നിന്ന് ശ്രവിക്കുകയും പഠിക്കുകയും ചെയ്തവരെല്ലാവരും എന്റെ അടുക്കൽ വരുന്നു.’’ (യോഹ.6:45).ഒരു സുവിശേഷകൻ ദൈവീക ദാനങ്ങളുടെ കാര്യസ്ഥൻ തന്റെ വേല ചെയ്യാൻദൈവം തന്നെ അവന്റെ ഹൃദയവും മനസ്സും തുറക്കേണ്ടിയിരിക്കുന്നു. ഇത് മറ്റാർക്കും കഴിയില്ല എന്ന വലിയ സത്യം എനിക്ക് ബോധ്യപ്പെട്ടു. പഠിച്ച് തീസ്സിസ്സ് തയ്യാറാക്കി കലാശാലകളുടെ ഡോക്ടറേറ്റ് പദവി കിട്ടിയാലും കാക്കനാട്ട് അച്ചന്റെ ഭാഷയിൽ പറഞ്ഞാൽ “കുടം കമഴ്ത്തിവച്ച് വെള്ളം ഒഴിക്കുന്നതുപോലെയാണ്.’’ മൂന്നര വർഷത്തോളം ശിഷ്യന്മാർ കൂടെ നടന്നിട്ടും ശിഷ്യന്മാർപ്പോലും വചനം സ്വീകരിക്കാനും ഗ്രഹിക്കാനും തന്റെ സ്വർഗാരോഹണത്തിനു മുമ്പ് അവരുടെ മനസു തുറക്കേണ്ടി വന്നു. (ലൂക്കാ 24:45) “വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കാൻ തക്കവിധം അവരുടെ മനസ് അവൻ തുറന്നു. ”ഇതേ തുറവി അപ്പ. പ്രവർത്തനങ്ങൾ 6:14 ൽ കാണുന്നു. പട്ടു വില്പനക്കാരിയും ദൈവ ഭക്തയുമായ ലീദിയ എന്ന സ്ത്രീയ്ക്ക് “പൗലോസ് പറഞ്ഞ കാര്യങ്ങൾ സ്വീകരിക്കാൻ കർത്താവ് അവളുടെ ഹൃദയം തുറന്നു”. ഇതിൽനിന്ന് ഒരു കാര്യം വ്യക്തം കർത്താവ് ഒരുവന്റെ ഹൃദയവും മനസ്സും തുറന്നാലേ വചനം വേണ്ടരീതിയിൽ ഗ്രഹിക്കുവാൻ സാധിക്കൂ.എനിക്ക് വചനം ഗ്രഹിക്കാൻ ഹൃദയവും മനസ്സും തുറന്നു കിട്ടിയോ? വി. പൗലോസിന്റെ ഫിലിപ്പിലേഖനം 3:12 ൽ “ഇത് എനിക്കു കിട്ടിക്കഴിഞ്ഞെന്നോ, ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ഇതു സ്വന്തമാക്കാൻ വേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്.” ഇതാണ് വി. പൗലോസിന്റെ സ്ഥിതി. പുൽക്കൊടിയായ ഞാൻ ആരാണ്. ദൈവമേ അങ്ങ് എല്ലാം അറിയുന്നു ഞാൻ മടങ്ങിപ്പോകുന്നു. “ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്”.



# യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു

**സി. ഒ. വർഗീസ് ചിറക്കരോട്ട്**
പത്തനംതിട്ട രൂപതാ സംഘാംഗം

2011 ജൂൺ 16, 17, 18 തീയതികളിൽ, “സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാ സഭ” എന്ന വിഷയത്തെപ്പറ്റി, മൈലപ്രായിൽ വച്ചു നടത്തപ്പെട്ട രൂപതാ അസംബ്ലിയിലും അതിനുശേഷം 2011 സെപ്റ്റംബർ 21 മുതൽ 23 വരെ കതോലിക്കേറ്റ് സെന്ററിൽ വച്ച് നടത്തപ്പെട്ട സഭാ അസംബ്ലിയിലും പങ്കെടുക്കാൻ ദൈവം അവസരം ഒരുക്കി. ആ അസംബ്ലിക്കു ശേഷം കാര്യങ്ങൾ കുറേകൂടി വ്യക്തമായി. പിന്നീടു നടന്ന മലങ്കര കത്തോലിക്കാ സഭാ സിനഡിന്റെ തീരുമാനപ്രകാരമായിരുന്നു സുവിശേഷസംഘത്തിന്റെ രൂപീകരണത്തിന് അനുമതിലഭിച്ചത്. ഇത്രയും കാര്യങ്ങളൊക്കെ സംഭവിച്ചപ്പോഴും, കർത്താവ് എന്നെ ഈ ദിവസങ്ങളിലൊക്കെ സുവിശേഷസംഘത്തിലേക്ക് വിളിച്ച് വേർതിരിക്കുകയായിരുന്നു എന്ന് മനസ്സിലാക്കാൻ പിന്നെയും കാലതാമസം നേരിട്ടു.

2012 ജൂൺ 14 മുതൽ 16 വരെ പഴകുളം PASS ൽ വച്ചു നടത്തപ്പെട്ട സുവിശേഷ സംഘ മീറ്റിംഗിൽ വച്ച്, പത്തനംതിട്ട രൂപതയുടെ സുവിശേഷസംഘം പിറവിയെടുത്തു. പെരിയ ബഹു. ആന്റണി കാക്കനാട്ടച്ചന്റെയും സിസ്റ്റർ ഫ്രാൻസിന, സിസ്റ്റർ നമിത എന്നിവരുടെയും ക്ലാസുകൾ മോൺ. ജോസ് ചാമക്കാലായിലച്ചന്റെ ആദ്യവസാന സാന്നിധ്യം എന്നിവയൊക്കെ പങ്കെടുത്ത ഏവർക്കും ആത്മീയ ചൈതന്യം പകരുന്നവയായിരുന്നു.


“സുവിശേഷം പ്രസംഗിക്കാതിരിക്കുന്നതിൽ, നൊമ്പരം ഉണ്ടായില്ലെങ്കിൽ സഭയ്ക്ക് ആത്മീയ അധോഗതി” എന്ന ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് സുവിശേഷസംഘപ്രവർത്തനം ഒരു ജീവിത ശൈലിയാക്കി മാറ്റണമെന്നും ആഴമായ ആത്മീയതയിലേക്കുള്ള വിളിയാണ് സുവിശേഷസംഘ അംഗത്വമെന്നും അച്ചൻ ഓർമ്മപ്പെടുത്തി. അച്ചന്റെ സ്വന്തം വാക്കുകളിൽ “It is to live a deeper spirituality” വിശ്വാസം അനുഭവത്തിന്റെ തലത്തിൽ അറിയുകയും അത് പ്രത്യശയിലേക്കും സ്നേഹത്തിലേക്കും വളരുകയും ചെയ്യണമെന്ന് അച്ചൻ ഓർമ്മപ്പെടുത്തി.

ഇത്രയൊക്കെ ആയപ്പോൾ ചില ബോധ്യങ്ങളൊക്കെ മനസ്സിൽ തട്ടാൻ തുടങ്ങി. ഒരു യഥാർത്ഥ ക്രിസ്ത്യാനി ചെയ്യേണ്ട കാര്യങ്ങളിൽ നിന്ന് എത്രയോ അകലെയാണ് ഞാൻ നിൽക്കുന്നതെന്നും എന്റെ കടമകൾ എന്തൊക്കെയാണെന്നും ഏതെല്ലാം തലങ്ങളിൽ ഇവ നിർവഹിക്കപ്പെടണമെന്നുള്ള ബോധ്യം എനിക്കുണ്ടായി.

അങ്ങനെ 2014 നവംബർ 22 ന് ദൈവകൃപയാൽ പത്തനംതിട്ട രൂപതാ സുവിശേഷസംഘത്തിന്റെ ആദ്യബാച്ചിൽ കൈവപ്പ് ലഭിച്ച 16 പേരിൽ ഒരാളായി ഞാനും മാറി. കുടുംബ സന്ദർശനങ്ങൾ, വചനപ്രഘോഷണങ്ങൾ, തിരുവനന്തപുരം പത്തനംതിട്ട, മാവേലിക്കര രൂപതകളുടെ വിവാഹ ഒരുക്ക സെമിനാറുകളിൽ ക്ലാസ്സുകൾ എടുക്കുക എന്നിവയിലൂടെ എന്റെ സമയം ഞാൻ ദൈവ മഹത്വത്തിനായി ചിലവഴിക്കുന്നു.

കുടുംബ കലഹം മൂലം പത്തുവർഷത്തിലധികമായി കുടുംബപ്രാർത്ഥനയില്ലാതിരുന്ന ഒരു കുടുംബത്തിൽ അതു തുടങ്ങിക്കുവാനും രണ്ടുപതിറ്റാണ്ടിലേറെയായി കുമ്പസാരിച്ച് കുർബാന സ്വീകരിക്കാത്തകുടുംബത്തിൽ അത് നിർവ്വഹിക്കപ്പെടുവാനുള്ള ഉപകരണമാക്കി കർത്താവ് എന്നെ മാറ്റി. ‘എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും’ എന്ന് വി. പൗലോസ് ശ്ലീഹാ പറഞ്ഞത് സ്വന്തം അനുഭവത്തിലൂടെ എനിക്ക് ബോധ്യമായി. സർവ്വശക്തന്റെ കൈയിലെ ഉപകരണമായി മാറിയപ്പോൾ വചനം വായിച്ച് ധ്യാനിക്കുന്നതിനുള്ള ദാഹം പരിശുദ്ധാത്മാവിലൂടെ ലഭിച്ചു. അതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടുമാസങ്ങളിൽ പുതിയനിയമം മുഴുവൻ പകർത്തി എഴുതാൻ വരംലഭിച്ചു. 659 പേജുകൾ 63 ദിവസങ്ങൾകൊണ്ട് പകർത്തി എഴുതി. ഇതിനുമുമ്പ് പലപ്രാവശ്യം വായിച്ചിട്ടുള്ള ഭാഗങ്ങളിൽപോലും ഒളിച്ചിരുന്ന ദൈവീകസന്ദേശങ്ങൾ ഇതിലൂടെ വെളിപ്പെട്ടുകിട്ടി എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സുവിശേഷസംഘാംഗങ്ങൾ അനുവർത്തിക്കേണ്ട 25 കാര്യങ്ങളിൽ ഏറിയ പങ്കും തീക്ഷണതയോടെ അനുവർത്തിക്കാൻ ദൈവം സഹായിച്ചു. നോമ്പും, വർജനയും, പ്രാർത്ഥനകളും മുമ്പൊരിക്കലും ഇത്ര തീക്ഷണതയോടെ നടത്തിയിട്ടില്ല എന്നു തുറന്നുസമ്മതിച്ചുകൊള്ളട്ടെ.

ഇന്ന് സമയത്തിന്റെ വെറും ദശാംശം മാത്രമല്ല, ഏറിയപങ്കും എനിക്കുവേണ്ടി ജീവൻ വച്ച കർത്താവിനു വേണ്ടി ചിലവഴിക്കാനുള്ള അനുഗ്രഹം അവൻ എനിക്കു നൽകുന്നു. കുടുംബാംഗങ്ങളുടെ സഹകരണവും പ്രോത്സാഹനവും എന്റെ പ്രവർത്തനങ്ങളെ വളരെയേറെ സഹായിക്കുന്നു. ഏവരുടെയും പ്രാർത്ഥനാസഹായം യാചിച്ചുകൊണ്ട് നിർത്തട്ടെ.



# ചുങ്കപ്പാറ ഇടവക സുവിശേഷസംഘം

M.C. വർഗീസ് മാളിയേക്കൽ
സഭാതല സുവിശേഷ സംഘാംഗം, തിരുവല്ല അതിരൂപത

പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്ക് വിളിച്ചു. അവർ അവന്റെ സമീപത്തേക്ക് ചെന്നു . വി.മർക്കോ.3:13. സുവിശേഷ സംഘത്തിൽ അംഗമാകുക എന്നു പറഞ്ഞാൽ ദൈവത്തിന് ഒരു വ്യക്തിയോട് ഇഷ്ടം തോന്നി തന്റെ ശുശ്രൂഷയ്ക്കായി പ്രത്യേകം വിളിച്ച് വേൽതിരിക്കുക എന്നതാണല്ലോ. ആ വലിയ വിളിക്കുള്ള ഭാഗ്യം ചുങ്കപ്പാറ ഇടവക വഴി ഈ എളിയ ദാസനും ലഭിച്ചതിന് സർവ്വശക്തനായ ദൈവത്തിന് ഒരായിരം നന്ദിയും സ്തോത്രവും അർപ്പിക്കുന്നു.

ദീർഘനാളത്തെ പ്രാർത്ഥനക്കും ധ്യാനത്തിനും പഠനത്തിനും ശേഷം സഭാതലത്തിലും അതിരൂപതാ തലത്തിലും മേഖലാ തലത്തിലും ഇടവക തലത്തിലും സുവിശേഷ സംഘം രൂപീകരിക്കപ്പെട്ടു. തിരുവല്ലാ അതിരൂപതയിൽ ഇടവകതലത്തിൽ ആദ്യമായി സുവിശേഷസംഘം രൂപം കൊണ്ടതും

*(തുടർച്ച 15-ാം പേജിൽ)*



# ധ്യാനചിന്ത

**ഫാ. ആന്റണി കല്ലിൽ ഒ.ഐ.സി.**
സഭാതലസുവിശേഷസംഘാംഗം, ബഥനി ആശ്രമം

രണ്ട് പേർ ദേവാലയത്തിൽ പോയി പ്രാർത്ഥിക്കുന്നു (ലൂക്കാ :18:9-14). ഫരിസേയൻ നീതീകരിക്കപ്പെട്ടവൻ എന്ന തരത്തിൽ ദൈവത്തിന്റെ മുമ്പാകെ താൻ ചെയ്ത പ്രവൃത്തികളുടെ കണക്ക് പറയുകയാണ്. അയാൾ ചെയ്ത സകല കാര്യങ്ങളും ശരിയാണ്. ആയതിനാൽ എനിക്ക് പ്രത്യേകിച്ച് കുറവുകൾ ഒന്നും തന്നെയില്ല. ഞാൻ പൂർണ്ണനാണ് എന്ന മനോഭാവത്തോടെ ദൈവമുമ്പാകെ കണക്കുകൾ നിരത്തുകയാണ്. ഈ മനുഷ്യന് നീതീകരണമുണ്ടായില്ല. എന്താണ് കാരണം? അയാളുടെ മനോഭാവമാണ്. ദൈവത്തിൽ നിന്ന് കരുണയും, സ്നേഹവും ലഭിക്കാനായി ഹൃദയം തുറക്കുന്നില്ല എന്നുള്ളതാണ്. അയാളുടെ കുറവുകൾ കാണാൻ അയാൾക്ക് കഴിയുന്നില്ല. ദൈവത്തിന്റെ മുമ്പിൽ ഹൃദയപൂർവ്വമായ ഒരു പശ്ചാത്താപം ഉണ്ടാകുന്നില്ല. ജീവിതത്തിൽ ധാരാളം ആളുകൾ ഇന്ന് ഈ തരത്തിൽ മുമ്പോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. സുവിശേഷ മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളിൽ പലരും വിമർശനങ്ങൾ നടത്തുന്നവരാണ്. ഒരു യഥാർത്ഥ സുവിശേഷകൻ മറ്റുള്ളവരെ വിമർശിക്കുന്നവനാകരുത്. എന്റെ ജീവിതത്തിൽ കുറവുകൾ ഇല്ലെങ്കിൽ പോലും അന്യരെ വിധിക്കാൻ എനിക്ക് എന്ത് അവകാശം? മാത്രമല്ല ദൈവം ഓരോ വ്യക്തിക്കും നൽകിയിരിക്കുന്ന ചില കടമകളും, ഉത്തരവാദിത്വങ്ങളുമുണ്ട്. അവ പൂർത്തീകരിക്കുവാൻ നാം നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അതായത് ദൈവാനുഭവത്തിൽ മുമ്പോട്ട് പോകുവാൻ സഹായകരമായ രീതിയിൽ ദൈവപദ്ധതികളെ മനസ്സിലാക്കി പ്രാർത്ഥനാപൂർവ്വം സമർപ്പിക്കുന്ന ജീവിതമായിരിക്കണം. ഫരിസേയൻ ചുങ്കക്കാരനെന്ന് മുദ്രകുത്തിയ മനുഷ്യനെ തരംതാഴ്ത്തി കാണിക്കുകയാണ്. ഇത് ക്രിസ്തീയതയുടെ സ്വഭാവമല്ല, കരുണയുടെ മുഖമല്ല. ചുങ്കക്കാരനായ മനുഷ്യൻ ദൈവത്തിന് പ്രീയപ്പെട്ടവനാണ് എന്ന ബോദ്ധ്യം ഫരിസേയന് ഉണ്ടാകുമ്പോൾ കരുണ എന്നത് അർത്ഥമുള്ളതാകും. സുവിശേഷ ശുശ്രൂഷയ്ക്ക് നിയോഗിക്കപ്പെട്ടിരിക്കുന്ന ഓരോ വ്യക്തിയും ക്രിസ്തുവിന്റെ കരുണാർദ്രമായ സ്നേഹത്തിലേക്ക് കടന്നു വരുക എന്നുള്ളതാണ് ഇതിന്റെ ആവശ്യം. സുവിശേഷ സംഘത്തിൽ പ്രവർത്തിക്കുന്ന, ക്രിസ്തുവിനെ പിൻചെല്ലുന്ന ഏവരും കരുണയുടെ മനോഭാവത്തിലേക്ക് വളരേണ്ടിയിരിക്കുന്നു. പ്രസംഗത്തിലൂടെയും, പ്രഘോഷണങ്ങളിലൂടെയും നാം ഉയരങ്ങളിൽ എത്തുമ്പോൾ ആത്മാർത്ഥമായി ചിന്തിക്കുക, പ്രസംഗവും, പ്രഘോഷണവും എന്നെ കരുണയുള്ളവനും, അനുകമ്പയുള്ളവനുമാക്കി മാറ്റിയോ? ഇല്ല എങ്കിൽ വീണ്ടും നമുക്ക് തുടങ്ങാം അറിവില്ലായ്മയുടെ കാലഘട്ടങ്ങളെ മറന്ന് പുതിയ ചക്രവാളങ്ങൾ നമുക്ക് തുറക്കാം. കരുണയും, സ്നേഹവും, അനുകമ്പയും നിറഞ്ഞ വചന പ്രഘോഷകരും, സന്ദേശവാഹകരുമായി തീരാം. കർത്താവ് കാരുണ്യവാനും, കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിവും, വിശ്വസ്തതയിലും അത്യുദാരൻ, തെറ്റുകളും, കുറ്റങ്ങളും ക്ഷമിച്ചുകൊണ്ട് ആയിരങ്ങളോട് കരുണ കാണിക്കുന്നവൻ. (പുറ.34:6-7).



# സുവിശേഷസംഘാംഗം എന്ന വലിയഭാഗ്യം

**ഷാജൻ തോമസ്**
സഭാതലസുവിശേഷ സംഘാംഗം, പുത്തൂർ രൂപത

പുത്തൂർ രൂപതയിൽ വികാരി ജനറൽ മോൺ. ഡോ. ജോർജ് കാലായിൽ അച്ചൻ എന്നോട് സഭാതല സുവിശേഷസംഘത്തിന്റെ Formation Class -ൽ പങ്കെടുക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞാൻ പകുതി മനസോടെയാണ് സമ്മതിച്ചത്. എന്നാൽ ഒരുപക്ഷേ ഞാൻ ഈ അവസരം സ്വീകരിച്ചില്ലായിരുന്നെങ്കിൽ വലിയൊരു നഷ്ടം എന്റെ ജീവിതത്തിൽ ഉണ്ടാകുമായിരുന്നു എന്നതിൽ ഒരു സംശയവും ഇല്ല.

ഞാൻ സുവിശേഷസംഘത്തിൽ അംഗമായതിൽ അതീവ സന്തോഷവാനാണ്. കാരണം സഭയുടെ ആദ്ധ്യാത്മികത അതിന്റെ മൗലിക അർത്ഥത്തിൽ ആഴത്തിൽ ജീവിക്കുവാനും യേശുക്രിസ്തുവിന്റെ പരിശുദ്ധിയെ ലക്ഷ്യം വച്ച് നല്ലൊരു ആദ്ധ്യാത്മിക ജീവിതം നയിക്കുവാനും അങ്ങനെ മറ്റുള്ളവർക്ക് മാതൃക നൽകികൊണ്ട് ജീവിക്കുവാനും എനിക്ക് സാധിക്കുന്നു.

സുവിശേഷസംഘത്തിൽ അംഗമായതിനുശേഷം ഞങ്ങളുടെ ഭവനത്തിൽ പ്രാർത്ഥനാരീതി തന്നെ വ്യത്യസ്ഥമായി. മുമ്പ് ഞങ്ങൾ ചെയ്തുവന്നുകൊണ്ടിരുന്ന പ്രാർത്ഥനാരീതി തന്നെയാണ് ശരിയെന്നു ചിന്തിച്ചിരുന്ന ഞാൻ സീരിയൽ കാണാനായി പ്രാർത്ഥനയെ ചുരുക്കുവാനും പെട്ടെന്ന് പ്രാർത്ഥന 'ചൊല്ലി' തീർക്കുവാനും ശ്രമിച്ചിരുന്നു. എന്നാൽ ഇന്ന് ഞങ്ങൾ സീരിയൽ കാണുന്നത് തന്നെ നിർത്തിവെച്ച് പ്രാർത്ഥനയ്ക്ക് കൃത്യമായ സമയം പാലിക്കുകയും പ്രാർത്ഥനയ്ക്ക് അതീവമഹത്വം നൽകുകയും ചെയ്യുന്നു. ഭവനത്തിൽ ബൈബിൾ വായനയും പഠനവും വളരെ ശ്രദ്ധയോടെയും ഭക്തിയോടെയും അനുഷ്ഠിച്ചു വരുന്നു. ഉപവാസത്തിനും നോമ്പുകാലങ്ങൾക്കും വേണ്ടത്ര പ്രാധാന്യം മുമ്പ് നൽകിയിരുന്നില്ല. എന്നാൽ ഇന്ന് നോമ്പും ഉപവാസവും ശ്രദ്ധയോടും കൃത്യമായും നടത്തുന്നു. ഞാനും ഭാര്യയും സ്കൂൾ അധ്യാപകരാണ്. സ്കൂൾ അവധിയുള്ള എല്ലാ ദിവസങ്ങളിലും അതീവ ഭക്തിയോടെ വി. കുർബാനയിൽ ശുശ്രൂഷിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു. പരി. ദൈവാലയത്തിലെ എല്ലാ ശുശ്രൂഷകളിലും സജീവമായി പങ്കെടുക്കുവാൻ, സുവിശേഷ സംഘാംഗമായതിനുശേഷം സാധിച്ചു.

എനിക്ക് ആത്മീയമായ ഉണർവും ഉൻമേഷവും കൂടുതൽ ലഭിച്ചത് ഞാൻ സുവിശേഷ സംഘത്തിൽ വന്നതിനു ശേഷമാണ്. എനിക്ക് ഈ ഭാഗ്യം ഒരുക്കിത്തന്ന പൊന്നുതമ്പുരാന് ആയിരമായിരം നന്ദി.



# സ്വർഗ്ഗത്തിലെത്താനുള്ള വിശുദ്ധിയുടെ ചവിട്ടുപടി

**ബാബു തയ്യിൽപീടിക**
സഭാതല സുവിശേഷസംഘാംഗം ബത്തേരി രൂപത

1992 ഡിസംബർ 6 മുതൽ ഒരാഴ്ചകാലം ഡിവൈൻ ധ്യാന കേന്ദ്രത്തിൽ ഞാൻ ധ്യാനിക്കാൻ പോയി. അന്നു മുതൽ ദൈവിക കാര്യങ്ങളോടും ദൈവിക ശുശ്രൂഷയോടും കൂടുതൽ അടുക്കാൻ ദൈവം കൃപ തന്നു. എന്നാൽ എന്റെ സഭയിൽ ആത്മീയ ശുശ്രൂഷയ്ക്ക് വേണ്ടത്ര ഇടം ഇല്ലല്ലോ എന്ന് ദുഃഖിച്ചിരിക്കുമ്പോഴാണ് 2012 ൽ സുവിശേഷ സംഘം ആരംഭിച്ചതും ബത്തേരി രൂപതയിൽ നിന്നും എന്നെ സുവിശേഷസംഘത്തിലേക്ക് തിരഞ്ഞെടുത്തതും. പരിശീലനത്തിനു ശേഷം 2012 സെപ്തംബർ 21 ന് ബാവാ തിരുമേനിയിൽ നിന്നും കൈവയ്പ് സ്വീകരിച്ച് ഞാൻ സുവിശേഷ സംഘാംഗമായി.

എല്ലാം കർത്താവിന്റെ പ്രവർത്തിയാണ് അവയെല്ലാം അത്യുത്തമമാണ്. അവിടുന്ന് കൽപ്പിക്കുന്നതൊക്കെയും അവിടുത്തെ നാമത്തിൽ നിർവ്വഹിക്കപ്പെടും. ഇതെന്ത് എന്തുകൊണ്ട് എന്ന് ചോദിക്കാൻ ആർക്കും സാധിക്കുകയില്ല. യഥാകാലം എല്ലാം വെളിവാക്കപ്പെടും (പ്രഭാ 39 /16.17. യഥാർത്ഥത്തിൽ സുവിശേഷസംഘത്തിന്റെ പരിശീലന പ്രക്രിയയിൽ പങ്കെടുത്തപ്പോഴാണ് മലങ്കര സഭയേയും സഭയുടെ ആദ്ധ്യാത്മികതയേയുംകുറിച്ച് ആഴത്തിൽ പഠിക്കുവാനും അറിയുവാനും സാധിച്ചത്. അതിലുപരി മലങ്കര കത്തോലിക്കാ സഭയുടെ സ്ഥാപകൻ പുണ്യശ്ലോകനായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷത്തെക്കുറിച്ചുള്ള ചിന്തകളും സ്വപ്നങ്ങളും അതിനോടുള്ള തീഷ്ണതയും ആഴമായി പഠിക്കുവാനും മനസ്സിലാക്കുവാനും എനിക്ക് സാധിച്ചത്.

ഇന്ത്യ മുഴുവനിലും സുവിശേഷം എത്തിക്കാനുള്ള പിതാവിന്റെ സ്വപനങ്ങൾ സാക്ഷാൽക്കരിക്കപ്പെടുന്നതിന് വേണ്ടി അദ്ദേഹം ഏറ്റെടുത്തിട്ടുള്ളയാതനകൾ, ത്യാഗങ്ങൾ, സഹനങ്ങൾ, സുവിശേഷത്തിനു വേണ്ടി തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാനുള്ള ആത്മസമർപ്പണം, ഇവയെല്ലാം മനസ്സിലാക്കിയപ്പോൾ മലങ്കരസഭയെ കുറിച്ച് അതുവരെയുള്ള എന്റെ കാഴ്ചപ്പാടുകൾ ആകെ മാറ്റപ്പെട്ടു. ഇന്ന് സഭ എന്തായിരിക്കുന്നുവോ അതെല്ലാം ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷ ചൈതന്യത്തിൽനിന്ന് ഉളവായിട്ടുള്ള സുവിശേഷ പ്രവർത്തനങ്ങളുടേയും പ്രാർത്ഥനയുടേയും ആകെതുകയാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

സുവിശേഷ സംഘത്തിന് വേണ്ടി 25 ജീവിതശൈലി രൂപപ്പെട്ടപ്പോൾ ഓരോ സുവിശേഷകനും സുവിശേഷം ജീവിക്കുവാനും സുവിശേഷത്തിന്റെ പരിമളം മറ്റുള്ളവരിലേക്ക് പകരുവാനുമുള്ള ഒരു മാർഗ്ഗരേഖയായിമാറി. അതിലുപരി ഈ മാർഗ്ഗരേഖ ഓരോ സുവിശേഷകനും സ്വർഗ്ഗത്തിൽ എത്താനുള്ള വിശുദ്ധിയുടെ ചവിട്ടുപടികളായി മാറ്റപ്പെട്ടു. മൂന്ന് നേരമുള്ള യാമപ്രാർത്ഥനകൾ 114 ദിവസത്തെ നോമ്പാചരണം എന്നിവ കൃത്യമായി അനുഷ്ഠിക്കാൻ എനിക്ക് ഇപ്പോൾ സാധിക്കുന്നു. അതുവഴി കൂടുതൽ വിശുദ്ധിയിലേക്ക് വളരുവാൻ ദൈവം എന്നെ സഹായിക്കുന്നു. ദൈവാത്മാവിൽ നിറഞ്ഞ് ആധികാരികമായും അഭിഷേകത്തോടെയും ദൈവീക ശുശ്രൂഷ ചെയ്യാൻ സുവിശേഷ സംഘത്തിൽ അംഗമായതിന് ശേഷം എനിക്ക് സാധിക്കുന്നുണ്ട്. സഭ സുവിശേഷ സംഘത്തിലൂടെ ഏറ്റെടുത്തിടുള്ള ഭവന സന്ദർശന മിനിസ്ട്രിയിൽ ബഹുമാനപ്പെട്ട വൈദീകരോടും, സിസ്സ്റ്റേഴ്സിനോടും ഒപ്പം പങ്കാളിയാകാൻ സാധിച്ചു. വേദനിക്കുന്നകുടുംബങ്ങൾ, സമാധാനം ഇല്ലാത്ത കുടുംബങ്ങൾ, പ്രാർത്ഥനയും കൂദാശകളും ഇല്ലാത്ത കുടുംബങ്ങൾ, തിന്മയ്ക്ക് അടിമപ്പെട്ട കുടുംബങ്ങളും, വ്യക്തികളും, ഇവരെയൊക്കെ നേരിട്ടുകാണുവാനും പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും ആശ്വാസവചനങ്ങൾ പങ്കുവയ്ക്കുവാനും കുദാശകൾക്കുവേണ്ടി ഒരുക്കുവാനുംകഴിഞ്ഞിട്ടൂണ്ട്. ഇതുവഴി വ്യക്തികളിലും കുടുംബങ്ങളിലും, ചിലമാറ്റങ്ങൾ സംഭവിക്കുന്നതായി കാണാനിടയായിട്ടുണ്ട്. അതിലുപരി ഞാനൊരു സുവിശേഷകനാണ്, മറ്റുള്ളവർക്ക് ഒരു സുവിശേഷമായി മാറേണ്ടവനാണ്, വിശുദ്ധിയിൽ ജീവിക്കേണ്ടവനാണ് എന്നബോധ്യം എപ്പോഴും എന്നെ മഥിച്ചുകൊണ്ടിരിക്കുന്നു. വരുംനാളുകളിൽ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നങ്ങളും ദർശനങ്ങളും സുവിശേഷസംഘത്തിലുടെ സഭയിൽ സാക്ഷാൽക്കരിക്കപ്പെടട്ടെ.

പൗലോസ് ശ്ലീഹാ റോമർക്ക് എഴുതിയലേഖനത്തിൽ 12:11ൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ തീഷ്ണതയിൽമാന്ദ്യം കുടാതെ ആത്മാവിൽ ജ്വലിക്കുന്നവരായി സുവിശേഷശുശ്രൂഷ ചെയ്യാൻ സുവിശേഷ സംഘാംഗങ്ങൾക്ക് സാധിക്കട്ടെ. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം അറിയിക്കുവിൻ എന്ന യേശുവിന്റെ മഹാ കൽപ്പന ഈ സുവിശേഷശുശ്രൂഷയിലുടെ മലങ്കരസഭയിൽ പ്രാവർത്തീകമാകട്ടെ. സുവിശേഷത്തിന്റെ പരിമളം ലോകത്തിനുമുഴുവൻ പകർന്ന് കൊണ്ട് അനേകാത്മാക്കളെ സ്വർഗ്ഗത്തിലെത്തിക്കാൻ മലങ്കരസഭയ്ക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ മഹത്തായ ശുശ്രൂഷയിൽ എളിയവനായ എന്നേയും വിളിച്ച്ചേർത്ത വലിയവനായ ദൈവത്തിന് അളവില്ലാത്ത നന്ദിയും സ്നേഹവും കരേറ്റുന്നു.



ഒറീസ മിഷനിൽ വൈദികന്റെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ കുരിശിന്റെ വഴി നടത്തുന്നു



# ആദ്യം നന്നാകേണ്ടത് ഞാൻ തന്നെ

**പി.പി. വർഗീസ്, പുളിയൻകീഴ്, കോട്ടയം**
സഭാതല സുവിശേഷസംഘാംഗം, തിരുവല്ല അതിരൂപത

2014 ജനുവരി 7-ാം തീയതി രാവിലെ ഒൻപതു മണിയ്ക്ക് പട്ടം മാർ ഈവാനിയോസ് കബർ ചാപ്പലിൽ പ്രാർത്ഥിച്ചു തുടങ്ങിയ ആ സമയം എന്റെ ജീവിതത്തിലെ ഒരു അവിസ്മരണീയ ദിനമായിരുന്നു. അന്നായിരുന്നു സുവിശേഷസംഘത്തിലേയ്ക്കുള്ള എന്റെ ആദ്യ ചുവടു വയ്പ്. അതുവരെ വലിയ കുഴപ്പമില്ലാത്ത ആത്മീയ ജീവിതം നയിക്കുന്ന ഒരാളായി ഞാൻ എന്നെ കരുതിയിരുന്നു. എന്നാൽ കുഴപ്പമില്ല എന്ന് ഞാൻ സ്വയം ചിന്തിച്ചതല്ല യഥാർത്ഥ ആത്മീയ ജീവിതം എന്ത് എന്ന് സുവിശേഷ സംഘത്തിലെ എന്റെ പ്രവേശനത്തോടെ എനിക്ക് കർത്താവ് ബോധ്യപ്പെടുത്തി തന്നു. മനുഷ്യന്റെ പാപത്തിൽ നിന്ന് അവനെ വീണ്ടെടുക്കുന്ന യേശു തന്നെയാണ് ബഹുമാനപ്പെട്ട ആന്റണി അച്ചനിലൂടെ എനിക്കു വേണ്ടി പ്രവർത്തിച്ചതെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഞാൻ കുറച്ച് അസ്വസ്ഥതയോടെയാണ് പോയത് - എന്താകുമെന്നുള്ള ഒരു ഭയം. പക്ഷേ ചെന്നു കഴിഞ്ഞപ്പോൾ കാര്യങ്ങൾ കൂടുതൽ ഗൗരവമുള്ളതാണെന്ന് ഓരോ ദിവസം കഴിയുംതോറും ബോദ്ധ്യപ്പെട്ടുകൊണ്ടിരുന്നു. അതിനുമുൻപുള്ള കാലങ്ങളിൽ നേടിയത് ഭൗതിക സമ്പത്തും അപൂർണ്ണമായ ആത്മീയതയും ആയിരുന്നു. സുവിശേഷ സംഘത്തിൽ അംഗം ആകാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ദൈവകൃപയായി ഞാൻ കരുതുന്നു. സഭ നന്നാകണമെങ്കിൽ സ്വയം വിശുദ്ധീകരണത്തിലുടെ ആദ്യം നന്നാകേണ്ടത് ഞാൻ തന്നെ എന്ന മാർ ഈവാനിയോസിന്റെ പ്രബോധനം എന്നെ സ്പർശിച്ചു. ഈചിന്തയോടെ എന്റെ ഭൂതകാലത്തിൽ ഞാൻ ഓർമ്മ വച്ച നാൾ വരെ പുറകോട്ടുപോയി. യേശുവിനെ എനിക്കു നഷ്ടപ്പെട്ട ചെറുതും വലുതുമായ പാപ നിമിഷങ്ങളിലൂടെ യേശുവിന്റെ വെളിച്ചത്തിൽ കടന്നു പോയി. യേശുവുമായി അനുരഞ്ജനപ്പെട്ടു. സുവിശേഷ സംഘത്തിനു വേണ്ടിയുള്ള ആത്മീയ ജീവിത ശൈലികൾ (25എണ്ണം) അനുഷ്ഠിക്കാൻ തുടങ്ങിയപ്പോൾ മുതൽ ദൈവസന്നിധിയിൽ കൂടുതൽ സമയം ചിലവഴിക്കാൻ സാധിക്കുന്നു. ഓരോ ഫോർമേഷൻ പ്രോഗ്രാമിലെ ക്ലാസ്സുകളും ഒന്നിനൊന്നു മെച്ചമായി എനിക്ക് അനുഭവപ്പെട്ടു. ഒരു പ്രാവശ്യം തിരുവനന്തപുരത്ത് പോകാൻ സമയത്ത് പുറം വേദന കാരണം യാത്ര ചെയ്യാൻ പോലും ബുദ്ധിമുട്ടായിരുന്നു. പക്ഷേ മാർ ഈവാനിയോസിന്റെ കബറിടത്തിൽ സമർപ്പിച്ചു പ്രാർത്ഥിച്ചപ്പോൾ കൊണ്ടുപോയ മരുന്നു പോലും ഉപയോഗിക്കേണ്ടി വന്നില്ല. പിതാവിനോടുള്ള മാദ്ധ്യസ്ഥം അത്രമാത്രം ശക്തമാണ്. ദൈവദാസൻ മാർ ഈവാനിയോസിന്റെ ജീവ ചരിത്രവും പ്രബോധനങ്ങളും എനിയ്ക്കു കൂടുതൽ മനസ്സിലാക്കുവാൻ കഴിഞ്ഞു. അതിൽ എന്നെ കൂടുതലായി ആകർഷിച്ച ഒന്നാണ് ദൈവ സമ്പാദനമാണ് ദൈവ സേവനത്തേക്കാൾ അത്യുത്തമം (ഗിരിദീപം 60 ,61) എന്നത്. അതായത് മറ്റൊന്നിനും ഇടം കൊടുക്കാതെ ദൈവത്തെ ആത്മാവിലും, മനസ്സിലും, ശരീരത്തിലും നിറയ്ക്കുക എന്നത് എത്ര മഹത്തരമായ ആശയം.

എനിക്ക് എടുത്തുപറയുവാനുള്ള മറ്റൊരനുഭവം സുവിശേഷ സംഘത്തിന്റെ ശുശ്രൂഷകളിലൊന്നായ ഭവന സന്ദർശനത്തെ പറ്റിയാണ്. കോട്ടയം വൈദിക ജില്ലയിലെ ഏതാണ്ട് 120 ഭവനങ്ങൾ സന്ദർശിക്കുന്നതിൽ ഞാൻ പങ്കാളിയായിരുന്നു. എല്ലാ ഭവനങ്ങളും സന്ദർശിച്ച് അവരുടെ ബുദ്ധിമുട്ടുകൾ കേൾക്കാൻ ഞങ്ങൾ തയ്യാറായി. ഇത് വിലപ്പെട്ട ക്രിസ്തീയ ശുശ്രൂഷയായി എനിക്കു ബോദ്ധ്യപ്പെട്ടു. ബഹു.ഭൂരിപക്ഷം ഭവനങ്ങളിലും അനുഭവിക്കുന്ന രോഗ പീഢകൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, മദ്യപാനം, പ്രായമായ മാതാപിതാക്കളുടെ പ്രശ്നങ്ങൾ , ആത്മീയ ജീവിതത്തിന്റെ പോരായ്മകൾ, അജ്ഞത, അങ്ങനെ നീറുന്ന ധാരാളം പ്രശ്നങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കി. അവരോടൊപ്പം സമയം ചില വഴിക്കുന്നതിനും സമാധാനിപ്പിക്കുന്നതിനും ആത്മീയമായി ഉത്തേജിപ്പിക്കുന്നതിനും വചനാധിഷ്ഠിതമായി സംസാരിക്കുന്നതിനും ആത്മാവ് എളിയവനായ എനിക്കു പ്രചോദനം തന്നു. ഇതു സാധിച്ചത് സുവിശേഷസംഘത്തിന്റെ അംഗമായതിനാലാണ്. ഈ ലോകത്തിൽ നേടുന്ന സ്വർഗ്ഗാനുഭവത്തിന്റെ തുടക്കമാണ് മരണാനന്തര ജീവിതത്തിൽ ലഭിക്കുന്നത്. അവിടുത്തെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ (മത്തായി 6:33) അത് ലഭ്യമാകുന്നു. ഇത് കുറച്ചുകൂടി കൃത്യതയോടെ എനിക്ക് ബോധ്യപ്പെട്ടു. മലങ്കരസഭയെ ആകമാനം സുവിശേഷവത്കരണത്തിലൂടെ ആത്മീയ വിശുദ്ധിയിലേക്കു നയിക്കാൻ തക്ക പുളിമാവനുഭവം ഈ സുവിശേഷ സംഘത്തിനുണ്ട് എന്ന് എനിക്കുറപ്പുണ്ട്. ആ വിശുദ്ധിയിലേക്കുള്ള സഭയുടെ മാറ്റമാണ് ദൈവദാസൻ മാർ ഈവാനിയോസ് കാംക്ഷിച്ചിരുന്നത്. കുദാശകളിലും പ്രാർത്ഥനകളിലുമുള്ള സജീവ പങ്കാളിത്തവും വചനാധിഷ്ഠിത ജീവിതവും എന്നെ ആത്മീയമായി മുന്നോട്ടു നയിക്കുന്നു. ഇനിയും ഏറെദൂരം മുന്നോട്ടു പോകുവാനുണ്ട്. എനിക്കു അർഹിക്കുന്നതിലും കൂടുതൽ കൃപ ലഭിച്ചു. കൂടുതൽ ലഭിക്കുമ്പോൾ കൂടുതൽ കൊടുക്കുവാനും ഞാൻ ബാധ്യസ്ഥനാണ്. ഈ കൃപയിൽ നിലനില്ക്കുവാനും കൂടുതൽ കൃപയിൽ സുവിശേഷം പറയുവാനും എല്ലാവരുടേയും പ്രാർത്ഥനാ സഹായം യാചിക്കുന്നു.



# സുവിശേഷസംഘത്തിലൂടെ സന്യാസ നിറവ്

**സിസ്റ്റർ രമ്യ എസ്. ഐ. സി.**
സഭാതല സുവിശേഷസംഘാംഗം

സുവിശേഷ സംഘത്തിന്റെ ആദ്യബാച്ചിൽ അംഗമായി പത്തനംതിട്ട രൂപതയിൽ നിന്ന്, പത്തനംതിട്ട പ്രോവിൻസിൽ നിന്ന്, എന്നെ അയച്ചപ്പോൾ ദൈവത്തിന്റെ പദ്ധതി എത്ര മഹോന്നതമാണെന്ന് ഓർമ്മിക്കുന്നു. എനിക്ക് നിന്നെക്കുറിച്ച് ഒരു പദ്ധതിയുണ്ട്, അത് നിന്റെ നാശത്തിനുള്ളതല്ല, ക്ഷേമത്തിനുള്ള പദ്ധതിയാണ്. ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി (ജറ. 29:11).

മോറോൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവായിൽ നിന്ന് ഞാൻ കൈവെയ്പ് സ്വീകരിച്ചപ്പോൾ സഭ ആ വലിയ ദൗത്യത്തിൽ പങ്കാളിയാകുവാൻ എന്നെയും തെരഞ്ഞെടുത്തു എന്ന് എനിക്ക് ബോധ്യമായി.

പത്തനംതിട്ട രൂപതയിലെ മിക്ക ഇടവകകളിലും സുവിശേഷ സംഘമായി ഞങ്ങൾ കടന്നു ചെന്നു. ഒരു വൈദികൻ, ഒരു സിസ്റ്റർ, ഒരു അല്മായൻ എന്ന രീതിയിൽ മൂന്നു പേർ അടങ്ങിയ പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് ഭവന സന്ദർശനം നടത്തി വരുന്നു. വി.കുർബാനയുടെ ആരാധന നടന്നുകൊണ്ടിരിക്കുന്ന അവസരത്തിൽ വി.കുമ്പസാരം നടത്തി, വൈദികർ തലയിൽ കൈവെച്ച് പ്രാർത്ഥിച്ച്, ആരാധനയിൽ നിന്നുള്ള ശക്തി സംഭരിച്ച്, ജപമാല ചൊല്ലി നഗരങ്ങളിലൂടെയും ഗ്രാമങ്ങളിലൂടെയും കടന്നു പോകുമ്പോൾ കണ്ടു നിൽക്കുന്ന ജനങ്ങൾ പ്രാർത്ഥനയിൽ ആയിരിക്കുന്നതും, അവിടം അനുഗ്രഹിക്കപ്പെടുന്നതും അനുഭവവേദ്യമായിട്ടിണ്ട്. അക്രൈസ്തവരായ മക്കൾ അതിന് സാക്ഷ്യം നൽകിയിട്ടുണ്ട്. ഭവനങ്ങളിൽ ചെന്ന് തിരി തെളിയിച്ച് വചനം തുറന്ന് വായിക്കുമ്പോൾ ആ ഭവനത്തിനുവേണ്ടുന്ന കാര്യങ്ങൾ തന്നെയാണ് ലഭിക്കാറുള്ളത്. കണ്ണുനീരോടെ പല വിഷമങ്ങളും കുടുംബാംഗങ്ങൾ തുറന്നു പറയുകയും അത് കേൾക്കുവാൻ സുവിശേഷ സംഘാംഗങ്ങൾ ക്ഷമയോടെ സന്നദ്ധരാവുകയും, അവർക്കു വേണ്ടുന്ന ഉപദേശങ്ങൾ നൽകി അനുഗ്രഹിച്ച്, പ്രാർത്ഥിച്ച്, തിരികെ വി.കുർബാനയുടെ മുമ്പിൽ വന്ന് നന്ദി പറയുമ്പോൾ മനസ്സ് ഏറെ സന്തോഷമായിരിക്കും. അനേകം കുടുംബങ്ങളെ ഇപ്രകാരം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിൽ നടക്കുന്ന വി.കുർബാന, ധ്യാനപ്രസംഗം, ആരാധന, വി.കുമ്പസാരം, കൗൺസിലിംഗ് എന്നിവയിലേക്ക് പള്ളിയിൽ അനേക വർഷങ്ങളായി കടന്നു വരാത്ത ദൈവജനം, കടന്നു വന്ന് ദൈവീക സമാധാനവും, ആശ്വാസവും കണ്ടെത്തി തിരിച്ചു പോകുന്നത് കാണുവാൻ സാധിക്കും. വചനശുശ്രൂഷയുടെ സമയത്തും, ആരാധനയുടെ സമയത്തും, വീട്ടിലായിരുന്ന രോഗികൾ സുഖം പ്രാപിച്ചതും ദൈവീക ഇടപെടലിന്റെ പ്രത്യക്ഷഭാവങ്ങളായി കാണുവാൻ സാധിക്കുന്നു.

പല സ്ഥലങ്ങളിലും ഇടവകകളിലും ശുശ്രൂഷ ചെയ്യുവാൻ ദൈവം എന്നെ ഇടയാക്കി. അവിടെയുള്ള വീടുകളിലെ പ്രാർത്ഥന, രോഗീസന്ദർശനം, പ്രാർത്ഥനാഗ്രൂപ്പുകളിൽ വചനം പങ്കുവെയ്ക്കുക, കൗൺസിലിംഗ് നടത്തുക, ഇവയിലൂടെ ദൈവീക സാന്നിദ്ധ്യമായി മാറുവാൻ എനിക്ക് സാധിച്ചു. സുവിശേഷ സംഘത്തിനു പുറമെ സിസ്റ്റേഴ്സ് നടത്തുന്ന ഭവന സന്ദർശനത്തിൽ പല ജീവിത അവസ്ഥകളിലൂടെ കടന്നു പോകുവാൻ സാധിച്ചു. കുടുംബബന്ധങ്ങൾ തകർന്നു കൊണ്ടിരിക്കുന്ന അവസ്ഥ, യുവതി യുവാക്കളുടെ ലൗകായികജീവിതം പഠിക്കുന്ന കുഞ്ഞുങ്ങളുടെ പല തരത്തിലുള്ള മാനസിക അവസ്ഥ, പ്രത്യാശയില്ലാതെ രോഗങ്ങളാൽ തകരുന്ന ജീവിതങ്ങൾ, ചില സങ്കീർണ്ണ പ്രശ്നങ്ങളാൽ ജീവിതം അവസാനിപ്പിച്ചേക്കാം എന്നിങ്ങനെയുള്ള അവസ്ഥകളിലൂടെ കടന്നു പോകുമ്പോൾ ദൈവം സഭയിലൂടെ ഒരുക്കിയ സുവിശേഷസംഘത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. കുടുംബങ്ങളിലെ വിഷമാവസ്ഥ കേൾക്കുവാൻ സന്നദ്ധരായി അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന സുവിശേഷസംഘാംഗങ്ങൾ തങ്ങളുടെ ദൗത്യം എത്രയും വിലപ്പെട്ടതാണെന്ന് കണ്ടെത്തിയിരിക്കുന്നു. ആരോഗ്യം, സമയം, സമ്പത്ത് ഇവ ദൈവത്തിനു വേണ്ടി വിനിയോഗിക്കുമ്പോൾ തങ്ങളുടെ കുടുംബവും, സമൂഹവും, സഭയും ഒന്നായി അനുഗ്രഹിക്കപ്പെടുന്നു. സുവിശേഷ സംഘത്തിന്റെ പ്രാധാന്യം ജനത്തിന്റെ ഇടയിൽ മാറ്റത്തിന് കളമൊരുക്കുന്നു. ഒരു കാലത്ത് വൈദീകരും, സന്ന്യസ്തരും, ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിക്കുന്നതും അവരുടെ സന്തോഷത്തിലും, ദു:ഖത്തിലും പങ്കുചേരുന്നതും ത്യാഗത്തോടെ ചെയ്യുന്ന ശുശ്രൂഷകളും അവരെ ദൈവത്തെപ്പോലെ കാണുവാൻ ജനത്തെ പ്രേരിപ്പിച്ചു. ഇടക്കാലത്ത് അതിന് മങ്ങലേറ്റു. ഈ അവസരത്തിലാണ് പരിശുദ്ധാത്മാവിന്റെ പ്രേരണയാൽ സഭ സുവിശേഷസംഘം രൂപീകരിക്കുന്നത്. ഈ സുവിശേഷ സംഘത്തിലെ ഒരംഗമാകുവാൻ ദൈവം എന്നെ ഇടയാക്കി. എന്നെത്തന്നെ കണ്ടെത്തുവാനും സമൂഹജീവിതത്തിൽ കൂടുതൽ സന്തോഷത്തോടെ ആയിരിക്കുവാനും, അനേകം മക്കൾക്ക് ദൈവീകസാന്നിദ്ധ്യമായി മാറുവാനും, ദൈവസന്നിധിയിലേക്ക് അനേകരെ കൂട്ടിക്കൊണ്ടു വരുവാനും, ഈ സുവിശേഷസംഘത്തിലൂടെ എനിക്ക് സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

*(സുവിശേഷസംഘം വാർത്തകൾ .. 9-ാം പേജിൽ നിന്നും തുടർച്ച)*

ലഭിച്ചതാണ് സുവിശേഷ സന്ധ്യ. ജൂലൈ മാസം 11-ാം തിയതി നടത്തിയ ആദ്യപ്രാർത്ഥനാ കൂട്ടായ്മയിൽ അതിരൂപതയുടെ വിവിധ സ്ഥലങ്ങളിൽ നിന്നും സുവിശേഷസംഘാംഗങ്ങൾ ഉൾപ്പെടെ ഏകദേശം 300ൽ അധികം ആളുകൾ സംബന്ധിക്കുകയുണ്ടായി. സുവിശേഷ സന്ധ്യ എല്ലാ മാസവും കത്തീഡ്രലിൽവച്ച് നടത്തപ്പെടുന്നു. ഏകദേശം 80 പേർ മുടങ്ങാതെ പങ്കെടുക്കുന്നു.

**ഹോസ്പിറ്റൽ മിനിസ്ട്രി**

തിരുവല്ലാ അതിഭദ്രാസന സുവിശേഷസംഘത്തിൻെറ ആഭിമുഖ്യത്തിൽ കാര്യക്ഷമമായി നടത്തപ്പെടുന്ന ഹോസ്പിറ്റൽ മിനിസ്ട്രി എല്ലാ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിലും പുഷ്പഗിരി മെഡിക്കൽ കോളജ്ഹോസ്പിറ്റലിൽ നടത്തപ്പെടുന്നു. പ്രാർത്ഥനയ്ക്കായും രോഗി സന്ദർശനത്തിനായും അവർ സമയം മാറ്റിവയ്ക്കുമ്പോൾ സുവിശേഷസംഘപ്രവർത്തങ്ങൾ കൂടുതൽ തലങ്ങളിലേക്ക് വ്യാപിക്കുകയാണ്. രോഗികൾക്ക് ഈ ശുശ്രൂഷ വലിയ അനുഗ്രഹമായി സാക്ഷ്യപ്പെടുത്തുന്നു. സുവിശേഷസംഘത്തിലെ ബഹു.സി. സെറീന എസ്. ഐ.സി ഈ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നു.

**പൂനാ - കട്കി എക്സാർക്കേററ് - ഫാ. വർഗീസ് വാലിക്കോടത്ത്**

പൂനാ - കട്കി എക്സാർക്കേററിൽ സുവിശേഷസംഘ ശുശ്രൂഷകൾ ശക്തമായി നടക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.ചുരുങ്ങിയ നാളുകൾക്കുള്ളിൽ 18 ദേവാലയങ്ങളിൽ സുവിശേഷസംഘത്തിന്റെ ധ്യാന ശുശ്രൂഷ നിർവ്വഹിക്കുവാനും ഇടവകസുവിശേഷസംഘം രൂപീകരിക്കുവാനും സാധിച്ചു. 897 ഭവനങ്ങൾ സന്ദർശിച്ച് യേശുവിന്റെ സ്നേഹവും കാരുണ്യവും പങ്കുവയ്ക്കുകയും ചെയ്തു. എക്സാർക്കേറ്റിന്റെ നാല് മേഖലയിൽ സുവിശേഷസംഘാംഗങ്ങൾക്ക് കൈവയ്പ്പിനായുള്ള പരിശീലനം നൽകി വരുന്നു. മുംബെയിൽ 52 പേരും, പൂനായിൽ 31 പേരും, ബാംഗ്ളൂരിൽ 49 പേരും, ഹൈദ്രബാദിൽ 24 പേരും കൈവയ്പ്പിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ചെന്നൈ മേഖലയിൽ 2016 ജനുവരി 10 മുതൽ 17 വരെ ഭവനസന്ദർശനവും ഇടവക ശുശ്രൂഷയും സുവിശേഷസംഘ രൂപീകരണവും നടക്കും. ഈ മേഖലകളിലെല്ലാം മാസത്തിലൊരിക്കൽ തുടർപരിശീലനവും നടക്കുന്നു. ഇവിടെ അഭിവന്ദ്യ അന്തോണിയോസ് പിതാവിന്റെ നേതൃത്വത്തിൽ സുവിശേഷസംഘ ശുശ്രൂഷകൾ സജീവമായി മുന്നേറുന്നു. 2016 ജനുവരിയിൽ ആരംഭിക്കുന്ന സഭാതലത്തിലെ നാലാം ബാച്ചിലേക്ക് ഇവിടെ നിന്നും 25 പേർ പങ്കെടുക്കുന്നതാണ്.



# മലങ്കര കത്തോലിക്കാ സഭയുടെ ഒറിസാ മിഷനും- സുവിശേഷസംഘവും

**വി. എ. ജോർജ് (ജോജി പൂനാ)**
സഭാതല സുവിശേഷ സംഘാംഗം

2012 ഫെബ്രുവരിയിൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സുവിശേഷ സംഘം ആരംഭിച്ചതു മുതൽ ദൈവാത്മാവിന്റെ നിരന്തര ഇടപെടൽ ഞാൻ വ്യക്തിപരമായി അനുഭവിച്ചു കൊണ്ടാണിരിക്കുന്നത്.

ETRI യുടെ അപ്പോസ്തോലിക വിസിറ്റേറ്ററായ അഭിവന്ദ്യ ബർണബാസ് പിതാവ് 2012 ഫെബ്രുവരിയിൽ ആരംഭിച്ച സുവിശേഷസംഘത്തിന്റെ ആദ്യബാച്ചിൽ പങ്കെടുക്കുവാൻ എന്നോടു ആവശ്യപ്പെടുകയുണ്ടായി. അങ്ങനെയാണ് ഞാൻ ആദ്യ ബാച്ചിലെ 19 അൽമായരിൽ ഒരുവനായി കയറികൂടിയത്. അത് ഒരു ദൈവവിളിയായി ഞാൻ കാണുന്നു.

2012 ജൂലൈ മാസം ഒറീസയിൽ നിന്ന് 2 വ്യക്തികൾ അഭിവന്ദ്യ ബർണബാസ് പിതാവിനെ കാണുവാൻ ഡൽഹി അരമനയിൽ വന്നതോടുകൂടിയാണ് ഒറീസാ മിഷനെ കുറിച്ചുള്ള ചിന്ത ആരംഭിക്കുന്നത്. പിതാവ് ഇക്കാര്യങ്ങൾ നിരന്തരം എന്നോട് പങ്കുവച്ചുകൊണ്ടിരുന്നു. ഡിസംബർ 2012 -ൽ ഒരു ഗ്രൂപ്പ് ഫാ. ദേവസ്യയുടെ നേതൃത്വത്തിൽ ഒറീസ സന്ദർശിച്ചു. അവർ പങ്കുവെച്ച അനുഭവങ്ങൾ പിതാവ് ഞങ്ങളോട് പറയുകയുണ്ടായി. 2013 ഫെബ്രുവരിയിൽ വീണ്ടും ഒരു ഗ്രൂപ്പ് ഒറീസയിൽ പോയി. 2013 മാർച്ച് മാസം 6-ാം തീയതി ഒറീസായിൽ നിന്നും 5 പാസ്റ്റർമാർ അടങ്ങുന്ന ഒരു ഗ്രൂപ്പിനെ ഡൽഹി അരമനയിൽ വരുത്തി. തുടർന്ന് പിതാവ് എന്നെ ഡൽഹിയിലേക്ക് വിളിപ്പിച്ചു. ഞാൻ ഈ 5 പാസ്റ്ററൻമാരുടെ കൂടെ ആയിരിക്കണമെന്നും അവരുടെ കൂടെ ഒറീസയിൽ പോകണമെന്നും, അവിടെ ചെന്നു കാര്യങ്ങൾ പഠിച്ചു പിതാവിനെ വിവരങ്ങൾ അറിയിക്കണമെന്നും പിതാവ് എനിക്ക് നിർദ്ദേശം തന്നു. പിതാവ് പറഞ്ഞ രണ്ട് കാര്യങ്ങൾ ഇപ്പോഴും എന്റെ കാതിൽ മുഴങ്ങുന്നു. 1. ജോജി അങ്കിളിനു മാത്രമേ അവരുടെ കൂടെ ആയിരിക്കാൻ കഴിയൂ. 2. എനിക്ക് അധികാര പരിധിയില്ലാത്ത ഒറിസായിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ എനിക്കു കൈചൂണ്ടാൻ ഒരാളെ വേണം. പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് സഭയിൽ കൈവയ്പ്പ് ലഭിച്ച 28 അംഗങ്ങളിലെ 19 അൽമായരിൽ നിന്ന് ഒരാളായ എന്നെ ഈ ചുമതലയ്ക്കായി വിളിച്ചതു മാനുഷികമല്ല എന്നു ഞാൻ തിരിച്ചറിഞ്ഞ നിമിഷങ്ങൾ ആയിരുന്നു ഇതെല്ലാം. അങ്ങനെ 2013 മാർച്ച് മാസം 12-ാം തീയതി ഞാനും ഫാ. ദേവസ്യയും 5 പാസ്റ്റർമാരും ഒറീസായിൽ എത്തി മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഒറീസാ മിഷന്റെ തുടക്കം ഇവിടെ കുറിക്കുകയായിരുന്നു. 4 ദിവസത്തെ താമസവും മിഷ്യൻ വിസിറ്റുകളും ഓറിയന്റേഷൻ ക്ലാസും കഴിഞ്ഞ് ഞാൻ മടങ്ങി. സുവിശേഷ സംഘത്തിലെ അംഗം എന്ന നിലയിൽ ഞാൻ വളരെ സന്തോഷവാനായിരുന്നു.

അഭിവന്ദ്യ ബർണബാസ് പിതാവിന്റെ സുവിശേഷ ചൈതന്യത്തോടെയുള്ള സമീപനം എന്നെ വളരെ ആകർഷിക്കുകയും സഭയിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം പ്രത്യേകമാംവിധം രുചിച്ചറിയുവാൻ കഴിയുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു. രണ്ടു സാധ്യതകൾ ഞങ്ങൾ ഒറീസായിൽ കണ്ടു. 1. കർത്താവിൽ വിശ്വസിച്ച ഒരു കൂട്ടം ജനം അവരെ Reunion Movement -ലൂടെ മലങ്കരയിൽ കൊണ്ടുവന്ന് ശക്തരാക്കുക. 2. കർത്താവിനെ അറിയാൻ കഴിയാത്തവർക്ക് കർത്താവിനെ കൊടുത്ത് അവരെ മലങ്കര സുറിയാനി കത്തോലിക്കർ ആക്കുക. 2013 ജൂൺ മാസത്തിലാണ് ഫാ. ദേവസ്യ അവിടെ വികാരിയായി (Missionary) ആയി ചാർജ് ഏറ്റെടുത്തത്. അതിനുശേഷം എല്ലാ മാസങ്ങളിലും അവിടെ പോയി ക്ലാസ് എടുക്കുവാനും വില്ലേജുകൾ വിസിറ്റ് ചെയ്യുവാനും ദൈവം തമ്പുരാൻ കൃപനൽകി. അവിടുത്തെ കൂട്ടായ്മയെ ശക്തിപ്പെടുത്തുവാൻ പദയാത്ര, Reunion, Youth Convention എന്നിങ്ങനെയുള്ള പൊതുവായ സഭയുടെ കൂടിവരവിൽ അവിടുത്തെ വിശ്വാസികളെ പങ്കെടുപ്പിച്ച് സഭയെ വളർത്തുവാൻ സാധിച്ചു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ചെറിയ കൂട്ടായ്മകളെ ക്രമപ്പെടുത്തി, പരിശീലനം കൊടുത്ത് മാമോദീസ നൽകി സഭയോടു ചേർത്തുകൊണ്ടിരുന്നു. തുടർന്ന് 2 അച്ചന്മാരും, 3 സിസ്റ്റേഴ്സും അവിടെ പ്രവർത്തിക്കുവാൻ കടന്നുവന്നു. 2014 ജൂൺ മാസം 15 യുവതിയുവാക്കളെ 8 ദിവസം പൂനായിൽ കൊണ്ടുവന്ന് താമസിപ്പിച്ച് പരിശീലനം നൽകുകയും അവർക്ക് മാമോദീസായും വി. കുർബാനയും കൊടുക്കുകയം ചെയ്തു. 2014 ജൂൺ 20 മുതൽ 25 വരെ 14 പാസ്റ്റേഴ്സിനെ ഡൽഹിയിൽ പരിശീലനത്തിൽ പങ്കെടുപ്പിച്ച് ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുവാൻ സുവിശേഷ സംഘാംഗം എന്ന നിലയിൽ എനിക്കു ഇടയായി.

വളരെ ഹൃദയസ്പർശിയായ സംഭവം ഞാൻ ഓർക്കുകയാണ്. എന്റെ മിഷ്യൻ വിസിറ്റിനിടയിൽ ഒരു ദിവസം ഫാ. ദേവസ്യ എന്നോടുപറഞ്ഞു അങ്കിൾ ഒരു മാമോദീസയുണ്ട്. അങ്കിൾ ആണ് തലതൊട്ടപ്പനായി നിൽക്കുക. 24 വയസ്സ് പ്രായമുള്ള പെൺകുട്ടി. അവൾ പറയുന്നത് അവൾക്ക് ശിശുവിനെ ലഭിച്ചത് കർത്താവിന്റെ പ്രത്യേക ഇടപെടൽ കൊണ്ടാണ് എന്നാണ്. അതിനാൽ അവൾ ആ കുഞ്ഞിന് ക്രിസ്റ്റി എന്നു പേരിട്ടു. അവളും കുഞ്ഞും ആണ് മാമോദീസായ്ക്കായി വന്നിരിക്കുന്നത്. അവളുടെ ഭർത്താവ് ഹിന്ദുവാണ്. അമ്മായിയമ്മ ഹിന്ദുവാണ്. കുറെനേരം ഞാൻ ചാപ്പലിൽ കാത്തിരുന്നു. കുറെ കഴിഞ്ഞപ്പോൾ വലിയ ഒരു ബഹളം അമ്മായിയമ്മയും മരുമകളും തമ്മിലാണ്. അമ്മ പറയുന്നു നീ മാത്രം മാമോദീസ മുങ്ങിയാൽ മതി. അവൾ പറഞ്ഞ വാക്കുകൾ എന്നെ അമ്പരപ്പിച്ചു. ഞാനും കുഞ്ഞും ഇന്നു മാമോദീസാ സ്വീകരിച്ചില്ലെങ്കിൽ നിങ്ങളുടെ വില്ലേജിലേക്ക് ഞാൻ തിരികെയില്ല. അവസാനം അമ്മ സമ്മതിച്ചു. ഞാൻ ആ മാമോദീസായിൽ സാക്ഷിയാണ്. മാമോദീസായുടെ മദ്ധ്യേ ഞാൻ ആ അമ്മയേയും കുഞ്ഞിനേയും ശ്രദ്ധിക്കുകയായിരുന്നു. കർത്താവിന്റെ സ്പർശം തൊട്ടറിഞ്ഞ നിമിഷങ്ങൾ.

ഫാ. വർഗ്ഗീസ് വാലിക്കോടത്ത് അവിടെ മിഷൻ സുപ്പീരിയർ ആയി ചെന്നശേഷമാണ് സുവിശേഷ സംഘത്തിന്റെ അംഗമായി മുംബൈയിൽ നിന്നുള്ള മിസിസ് റോസമ്മ രാജനും ഞാനും ഒന്നിച്ചു ഒറിസാ മിഷനിൽ പോയത്. ഇതും വലിയ അനുഗ്രഹമായിരുന്നു. ഫാ. വർഗ്ഗീസ് വാലിക്കോടത്ത് പിന്നീട് 2-ാം ബാച്ചിൽ കൈവയ്പ്പ് സ്വീകരിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് അവിടെ മൂന്നു കോൺവെന്റുകളും സ്ഥാപിതമായത്. 10 വില്ലേജുകളിലായി 800-ൽ പരം ആളുകൾ മലങ്കര മക്കൾ ആയിത്തീർന്നു. മലങ്കര സുറിയാനി കത്തോലിക്കരെ, പ്രത്യേകമായി ബാഹ്യകേരളത്തിലുള്ള മലങ്കര മക്കളെ അമ്പരപ്പിച്ച പ്രഖ്യാപനമായിരുന്നു 2015 മാർച്ച് 26-ാം തീയതി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർ പാപ്പാ നടത്തിയത്. രണ്ടു രൂപതകളിലായി 28 സ്റ്റേറ്റിനെ വേർതിരിച്ച് ഡൽഹി-ഗുഡ്ഗാവ് രൂപതയും കഡ്കി-പൂനാ എക്സാർക്കേറ്റും പ്രാബല്യത്തിൽ വന്നു. അപ്രകാരം ഇന്ത്യ മുഴുവൻ സുവിശേഷം പ്രഘോഷിക്കുവാൻ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അവകാശം ലഭിച്ചു. ഗുഡ്കാവ് രൂപതയിൽപ്പെട്ട ഒറീസാ മിഷൻ സന്ദർശിക്കുവാൻ ഗുഡ്ഗാവ് രൂപതയുടെ അദ്ധ്യക്ഷൻ അഭിവന്ദ്യ ബർണബാസ് പിതാവ് 2015 മെയ് 12-ാം തീയതി തിരഞ്ഞെടുത്തപ്പോൾ സുവിശേഷസംഘാംഗമായ എന്നേയും ആ സന്ദർശനത്തിൽ ഉൾപ്പെടുത്തിയത് എനിക്കു ഏറെ സന്തോഷം നൽകി. അവിടെ ലഭിച്ച സ്വീകരണങ്ങളും ഒറിസ അധികാരപരിധിയിൽ അധികാരത്തോടെ സന്ദർശനം നടത്തിയ പിതാവിന്റെ സമീപനവും സുവിശേഷസംഘാംഗമായ എന്നെ വളരെ ആകർഷിച്ചു. ഇപ്പോൾ ഒറീസയിൽ 4 അച്ചന്മാരും 7 കന്യസ്ത്രീകളും 3 മഠങ്ങളും 18 വില്ലേജുകളിലായി പ്രവർത്തനങ്ങൾ നടത്തുന്നു. ഇനിയും പല ജില്ലകളിലും കടക്കുവാനുണ്ട്. നമക്കു പ്രാർത്ഥിക്കാം. ഇതോടൊപ്പം തന്നെ Br. Haggai യുടെ നേതൃത്വത്തിൽ പഞ്ചാബിൽ നടക്കുന്ന മിഷനേയും നമുക്കു ഓർത്തു പ്രാർത്ഥിക്കാം. കഴിഞ്ഞ ദിവസങ്ങളിൽ അഭിവന്ദ്യ ബർണബാസ് പിതാവ് നോർത്ത് ഈസ്റ്റ് സ്റ്റേറ്റിൽ നമുക്കു മിഷൻ തുടങ്ങാൻ സാധ്യതകൾ ഉണ്ടെന്ന് അറിയിച്ചു. സുവിശേഷ സംഘാംഗങ്ങൾ ഒന്നുചേർന്ന് മിഷൻ ശുശ്രൂഷയെ ശക്തിപ്പെടുത്താം. സ്വർഗ്ഗരാജ്യം എന്ന നിധിവാങ്ങുവാൻ ഉള്ളതെല്ലാം കൊടുത്ത് പഴയതും പുതിയതും പുറത്തെടുക്കുന്ന ഗൃഹനാഥനാകുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

*(ചുങ്കപ്പാറ .. 12-ാം പേജിൽ നിന്നും തുടർച്ച)*

സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ചുങ്കപ്പാറ ഇടവകയിൽ ആണ് എന്നതിലും ഇടവകയ്ക്ക് അഭിമാനത്തിന് വകയുണ്ട്. ഇടവക വികാരി ഫാ. ജോസഫ് മലയാറ്റിൽ അച്ചന്റെ അനുമതിയോടും നിർദ്ദേശത്തോടും, അംഗീകാരത്തോടും കൂടെ 2013 മാർച്ച് മാസത്തിൽ 7 പേർ സുവിശേഷ സംഘത്തിന്റെ ആദ്ധ്യാത്മീക ജീവിത ശൈലിയിൽ ജീവിച്ചുകൊള്ളാമെന്ന് വാഗ്ദാനം നടത്തി ഇടവകതല സുവിശേഷസംഘം രൂപം കൊണ്ടു. ആഴമായ പ്രാർത്ഥനയിലൂടെയും പരിത്യാഗ പ്രവർത്തിയിലൂടെയും ഇടവകതല സുവിശേഷസംഘം ഇന്നും സജീവമായിത്തന്നെ പ്രവർത്തിക്കുന്നു. 7 പേരിൽ തുടങ്ങിയ സുവിശേഷസംഘത്തിൽ നിലവിൽ 14 അംഗങ്ങൾ ഉണ്ട്. എല്ലാ വ്യാഴാഴ്ച ദിവസങ്ങളിലും 6.30 pm മുതൽ 8.30 pm വരെ വി. ദേവാലയത്തിലോ മുൻകൂട്ടി നിശ്ചയിച്ച ഭവനങ്ങളിലോ സുവിശേഷസംഘ അംഗങ്ങൾ ഒന്നിച്ചു കൂടുകയും തിരികത്തിച്ച് വി. ബൈബിൾ പ്രതിഷ്ടിച്ച് രണ്ടോ മൂന്നോ ഗാനങ്ങൾ ആലപിച്ച് വി. വേദപുസ്തകം വായിച്ച് സന്ധ്യാപ്രാർത്ഥനയും സുവിശേഷസംഘത്തിന് വേണ്ടിയുള്ള പ്രാർത്ഥനയും നടത്തുന്നു. വി.വേദപുസ്തകത്തിൽ വായിച്ച ഭാഗത്തേക്കുറിച്ച് അല്പം വിശദീകരിച്ചതിന് ശേഷം സുവിശേഷസംഘത്തെക്കുറിച്ച് പറയുന്നു. അതിനു ശേഷം വാചിക പ്രാർത്ഥനക്കായി എല്ലാവരും തയ്യാറാകുന്നു. സംഘത്തിലെ എല്ലാവരും പ്രത്യേകം പ്രത്യേകം നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

സുവിശേഷ സംഘത്തിന്റെ പ്രാർത്ഥന വഴിയായി അനേകർക്ക് ആശ്വാസവും രോഗസൗഖ്യവും ലഭിക്കുന്നുണ്ട്. ശ്വാസകോശ സംബന്ധമായ കാൻസർ സുവിശേഷ സംഘത്തിന്റെ പ്രാർത്ഥനവഴി സുഖപ്പെട്ടതായി ഒരു അകത്തോലിക്ക യുവാവ് കുടുബസമേതം വന്ന് വികാരി അച്ചന്റെ സാന്നിദ്ധ്യത്തിൽ സുവിശേഷസംഘത്തിന്റെ പ്രാർത്ഥനയിൽ ദേവാലയത്തിൽ വന്ന് സാക്ഷ്യം പറഞ്ഞു. വർഷങ്ങളായി കുട്ടികൾ ഇല്ലാത്ത ദമ്പതികൾക്ക് വേണ്ടി പ്രാർത്ഥിച്ചപ്പോൾ അവർക്ക് കുട്ടിയെ ലഭിച്ചു. അങ്ങനെ പല അത്ഭുതങ്ങൾക്കും ഞങ്ങളുടെ കൂട്ടായ്മ സാക്ഷികളാണ്. ഇന്നും അനേകർക്ക് വേണ്ടി കണ്ണീരോടുകൂടിയുള്ള പ്രാർത്ഥന തുടരുന്നു. തൻഫലമായി അനേകർ ഇടവക സുവിശേഷസംഘത്തോടെ പ്രാർത്ഥനാസഹായം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇടവക ദേവാലയത്തിന്റെ നിർമ്മിതിയുടെ എല്ലാ തടസ്സങ്ങളും മാറ്റി നിശ്ചിത സമയത്തു ദേവാലയം പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പ്രാർത്ഥനാ ദൗത്യം ഇടവക സുവിശേഷസംഘത്തെ ഏൽപ്പിക്കുകയും ആദൗത്യം ചെയിൻ പ്രയറായി ഓരോ മണിക്കൂർ എല്ലാ അംഗങ്ങളും ഭവനത്തിലിരുന്നും, ദേവാലയത്തിൽ വന്നും പ്രാർത്ഥിച്ചതിന്റെ ഫലമായി എല്ലാ തടസ്സങ്ങളും മാറ്റി നിശ്ചിത സമയത്തുതന്നെ അതിമനോഹരമായ ദേവാലയം കുദാശ ചെയ്യുവാൻ സാധിച്ചു എന്നത് പ്രാർത്ഥനയുടെ വലിയ ഉത്തരം തന്നേ ആണ്.

ഇടവക തലത്തിൽ സുവിശേഷസംഘത്തിൽ പ്രവർത്തിക്കുവാൻ ദൈവം വിളിച്ച് വേർതിരിച്ചവർ ആഴമായ ആദ്ധ്യാത്മീകതയിൽ ജീവിക്കാനും, അത് മറ്റുള്ളവരുമായി പങ്കുവയ്ക്കാനും ദൈവത്താൽ വിളിക്കപ്പെട്ടവരാണ്. വചനാധിഷ്ടിതവും, കൗദാശികവുമായ സഭാത്മക ജീവിതത്തിലുടെ യേശുവുമായുള്ള ആഴമായ വ്യക്തിബന്ധത്തിലും, പ്രാർത്ഥനാനുഭവത്തിലും, വളർന്ന് ക്രിസ്തീയ സാക്ഷ്യത്തിന്റെയും പ്രേഷിത തീഷ്ണതയുടെതുമായ ജീവിതം നയിക്കാൻ സുവിശേഷസംഘ അംഗങ്ങൾ കടപ്പെട്ടവരാണ്.

ഇടവക ജനങ്ങൾ മുഴുവനും സുവിശേഷ സംഘത്തിൽ അംഗങ്ങളായി ജീവിത നവീകരണം പ്രാപിക്കുവാൻ സർവ്വശക്തനായ ദൈവം ഏവരേയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



ഒറീസാ മിഷനിൽ സിസ്റ്ററിന്റെ നേതൃത്വത്തിൽ കുട്ടികളെ പഠിപ്പിക്കുന്നു



ഹൈദ്രബാദ് മേഖല സുവിശേഷസംഘാംഗങ്ങൾ 1-ാം ബാച്ച് പരിശീലനത്തിൽ



# അഞ്ചൽ ഇടവക സുവിശേഷ സംഘം

**ബാബു ജോർജ്ജ്**
സഭാതല സുവിശേഷ സംഘാംഗം

പരിശുദ്ധ ദൈവമാതാവിന്റെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും മാദ്ധ്യസ്ഥതയിൽ അക്ഷരാർത്ഥത്തിൽ അഞ്ചൽ പട്ടണത്തിന്റെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന സെന്റ് മേരീസ് സീറോ മലങ്കര കത്തോലിക്ക ദേവാലയത്തിൽ സുവിശേഷ സംഘത്തിന്റെ പ്രവർത്തനങ്ങൾ ദൈവാനുഗ്രഹത്താൽ നടന്നുവരുന്നു.

2013 ജൂൺ 16-ാം തീയതി വിശുദ്ധ കുർബാന അർപ്പണത്തിനു ശേഷം ബഹുമാനപ്പെട്ട വികാരി റവ. ഫാ. ഡോ. വർഗ്ഗീസ് നടുതലയുടെ നേതൃത്വത്തിൽ സെന്റ് ജോൺസ് വില്ലയിൽ ശ്രീ. മനോജ് കോ-ഓർഡിനേറ്ററായും 25 പേർക്ക് സ്വയം പ്രേരിതരായി 2013 ജൂലൈ 7-ാം തീയതി അത്യുന്നത കർദ്ദിനാൾ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്ക ബാവയുടെ തൃക്കരങ്ങളിൽ നിന്നും ആശീർവാദത്തോടുകൂടി ഇടവകസംഘാംഗങ്ങൾ ബൈബിൾ ഏറ്റുവാങ്ങി. തുടർന്ന് എല്ലാ ചൊവ്വാഴ്ച ദിവസങ്ങളിലും വികാരി അച്ചന്റെ നേതൃത്വത്തിൽ രാവിലെ 10.30 മുതൽ 1 മണി വരെയും ജപമാല, കുർബാനയുടെ ആരാധന, പാട്ട് ബൈബിൾ വായന, വചന പ്രഘോഷണം പള്ളിയുടെ മുന്നിൽ സ്ഥാപിച്ചിട്ടുള്ള പ്രാർത്ഥനാ നിയോഗങ്ങൾ എന്ന പെട്ടിയിൽ നിന്നും ലഭിക്കുന്ന പ്രാർത്ഥനാ വിഷയങ്ങളുടെ മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തുന്നു. അങ്ങനെ മൂന്നു മാസം പ്രാർത്ഥിച്ചൊരുങ്ങി ശക്തി ആർജ്ജിച്ച് 250 കുടുംബങ്ങളുള്ള ഈ ദേവാലയത്തിൽ 8 പ്രാർത്ഥനാ കൂട്ടായ്മകളായി തിരിച്ചിരിക്കുന്നതിനാൽ സുവിശേഷ സംഘാംഗങ്ങളെ 8 ഗ്രൂപ്പായി തിരിച്ച് ഭവന സന്ദർശനം നടത്തി. കുടുംബാംഗങ്ങളുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിച്ച് വികാരി അച്ചനെ ഏൽപ്പിക്കുകയും ഏതെങ്കിലും ഭവനങ്ങളിൽ കിടപ്പുരോഗികൾ, മദ്യപാനാസക്തിയുള്ളവർ, കുടുംബകലഹം, സ്ഥിരമായി പള്ളിയിൽ വരാത്തവർ മുതലായ വിവരങ്ങൾ രഹസ്യമായി ശേഖരിച്ച് വികാരി അച്ചനെ അറിയിക്കുകയും കർശനമായും സമയം കണ്ടെത്തി അച്ചൻ ആ ഭവനം സന്ദർശിച്ച് വ്യക്തികളുമായി നേരിൽ കണ്ട് പരിഹാരം കാണുന്നു.

മരണം, മറ്റു പ്രാർത്ഥനാ സഹായം ആവശ്യമാകുന്ന സമയങ്ങൾ, സുവിശേഷ സംഘത്തിന്റെ പ്രാർത്ഥനാ സമയങ്ങൾ മുതലായവ കോ-ഓർഡിനേറ്റർ മെസേജ് മുഖേന അംഗങ്ങളെ യഥാസമയം അറിയിക്കുന്നു. ചൊവ്വാഴ്ചതോറുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലമായി കാൻസർ രോഗികൾ, 2 കിഡ്നി നഷ്ടപ്പെട്ടവർ, തളർന്നു പോയവർ, മക്കളില്ലാത്ത ദമ്പതികൾ, വിവാഹ തടസ്സമുള്ളവർ, പഠനം മുതലായ അനവധിയായ വിഷയങ്ങൾക്ക് നാനാ ജാതി മതസ്ഥർക്കും ദൈവകൃപയാൽ രോഗസൗഖ്യവും വിടുതലുമായി അനുഗ്രഹം പ്രാപിക്കുന്നു. ഇടവകയിൽ നിന്നും സഭ, രൂപത, ജില്ല, ഇടവക എന്നീ തലങ്ങളിൽ സുവിശേഷ സംഘാംഗങ്ങൾ പ്രവർത്തന നിരതരാണ്. തിരുവനന്തപുരം മേജർ അതിരൂപതയുടെ ഭവന സന്ദർശനത്തിൽ വിവിധ പ്രദേശങ്ങളിൽ സുവിശേഷ സംഘാംഗങ്ങൾ സമർപ്പണത്തോടുകൂടി പങ്കാളികളാകുന്നു. ഇടവകയിൽ നടക്കുന്ന മരണത്തെക്കുറിച്ച് അറിഞ്ഞാലുടൻ ആ ഭവനത്തിൽ പോകുകയും അവരെ ആശ്വസിപ്പിക്കുകയും ബൈബിൾ വായനയും, പാട്ടും, പ്രാർത്ഥനയും കൊണ്ട് ശവസംസ്കാര ശുശ്രൂഷകൾ തീരുന്നതുവരെയും സുവിശേഷ സംഘാംഗങ്ങൾ നിറസാന്നിദ്ധ്യമായി നിലകൊള്ളുന്നു. ആശുപത്രികളിലും ഭവനങ്ങളിലും രോഗിയായി കഴിയുന്നവരെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ഈ ദേവാലയത്തിൽ വച്ചു നടത്തപ്പെടുന്ന എല്ലാ കാര്യങ്ങളിലും നിസ്വാർത്ഥമായ സേവനം ചെയ്തുകൊണ്ടിരിക്കുന്ന വികാരി അച്ചനെയും സുവിശേഷ സംഘാംഗങ്ങളെയും ദൈവം ധാരാളമായി അനുഗ്രഹിക്കുന്നതിനും ദൈവമാതാവിന്റെയും ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെയും നമ്മുടെ കാവൽ പിതാവായ തോമാശ്ലീഹായുടേയും മാദ്ധ്യസ്ഥവും പ്രാർത്ഥനയും സഭയ്ക്കു മുഴുവനുവേണ്ടിയും സഭാമക്കൾക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.



തിരുവല്ല അതിരൂപതാ കട്ടപ്പന മേഖല സുവിശേഷസംഘാംഗങ്ങൾ 2-ാം ബാച്ച് പരിശീലനത്തിൽ



# ഫ്രാൻസിസ് മാർപാപ്പ സംസാരിക്കുന്നു

### ദൈവത്തിന്റെ കരുണയെപ്പറ്റി പാപ്പ പറയുന്നു

“ദൈവത്തോട് മാപ്പു ചോദിക്കാൻ ഭയക്കരുത്. ദൈവം ഒരിക്കലും ക്ഷമിച്ച് മടുക്കുന്നില്ല. ദൈവം കരുണയുടെ പൂർണ്ണതയാണ്”.

### സഭയിൽ കരുണയുടെ മുഖം വരുന്നതിനെപ്പറ്റി പാപ്പ പറയുന്നു

“സഭ കരുണയുടെയും പ്രത്യാശയുടെയും ഇരിപ്പിടമാണ്. സഭയിൽ എല്ലാവരും സ്വീകരിക്കപ്പെടുന്നു, സ്നേഹിക്കപ്പെടുന്നു, ക്ഷമിക്കപ്പെടുന്നു”.

### 2014ൽ വേൾഡ് ഇക്കണോമിക് ഫോറത്തിൽ പാപ്പ പറഞ്ഞു

“മാനവരാശി സമ്പത്തിനാൽ ഭരിക്കപ്പെടുകയല്ല. സമ്പത്തിനാൽ ശുശ്രൂഷിക്കപ്പെടുന്നു എന്ന് നാം ഉറപ്പാക്കണം”.

### കരുണയുടെ വർഷം പ്രഖ്യാപിച്ചുകൊണ്ട് പാപ്പ പറഞ്ഞു

“നമ്മിൽ ഒരു പുതുജീവൻ വീണ്ടും ഉണർത്തുന്നതും ഭാവിയെ പ്രത്യാശയോടെ നോക്കാൻ ധൈര്യം തരുന്നതും കരുണയാണ്”.

### സുവിശേഷത്തിന്റെ ആനന്ദത്തിൽ പാപ്പ പറയുന്നു

“മുറിയുടെ സുരക്ഷിതത്ത്വത്തിൽ അടച്ചിരുന്ന് രോഗാതുരമാകുന്ന ഒരുസഭയല്ല, തെരുവിൽ ശുശ്രൂഷചെയ്ത് മുറിവേൽക്കുകയും, മുഷിയുകയും ചെയ്യുന്ന ഒരു സഭയാണ് ഞാൻ ആഗ്രഹിക്കുന്നത്”.

“നമ്മെ രക്ഷിക്കുന്ന സ്നേഹം തന്നെയാണ് ദൈവത്തോട് പ്രതികരിക്കാനും നമ്മിൽ നിന്ന് പുറത്തേക്കിറങ്ങി മറ്റുള്ളവരുടെ നന്മ അന്വേഷിക്കാനുമാണ് നാം എല്ലാറ്റിലുമുപരി പരിശ്രമിക്കേണ്ടത്”.

### 2013 ലെ ലോകയുവജനസംഗമത്തിൽ പാപ്പ പറഞ്ഞു

“കുപ്പായവും ശിരോവസ്ത്രവുമില്ലാതെ, ജീൻസും ടെന്നീസ് ഷൂസുമിട്ട വിശുദ്ധരെ സഭയ്ക്ക് വേണം. ഈ കാലഘട്ടത്തിന് യോജിച്ച ആത്മീയതയുള്ള 21-ാം നൂറ്റാണ്ടിലെ വിശുദ്ധരെ സഭയ്ക്ക് വേണം. പാവങ്ങളെ സഹായിക്കാൻ സന്നദ്ധരായ്, സമൂഹത്തിൽ നല്ല മാറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന വിശുദ്ധരെ സഭയ്ക്ക് വേണം”.

### വിശ്വാസത്തിന്റെ വെളിച്ചത്തിൽ പാപ്പ എഴുതി

“നമ്മുടെ സംസ്ക്കാരത്തിന് ദൈവത്തിന്റെ തൊട്ടറിയാവുന്ന സാന്നിധ്യത്തിന്റെയും ദൈവത്തിന്റെ പ്രവർത്തികളുടെയും ബോധം നഷ്ടപ്പെട്ടിരിക്കുന്നു”.

### 2014 ഒക്ടോബർ 8 ന് സെന്റ് പീറ്റേഴ്സ് സ്കൊയറിൽ

“ദൈവത്തിന്റെ പേരിൽ ആരെയും വെറുക്കരുത്. ദൈവത്തിന്റെ പേരിൽ ഒരു യുദ്ധവും ചെയ്യരുത്”.

### 2013 ൽ ഒരു അമേരിക്കൻ മാസികയ്ക്ക് നൽകിയ അഭിമുഖത്തിൽ പാപ്പ പറഞ്ഞു

“വാതിൽ തുറന്നിട്ട് വിശ്വാസികളെ സ്വീകരിക്കുന്ന സഭയ്ക്കു പകരം, പുതിയ വഴികൾ കണ്ടുപിടിക്കുന്നതാകണം സഭ. സഭയിൽ നിന്ന് വിട്ടുപോവരെയും നിസംഗതാമനോഭാവമുള്ളവരെയും കൂടെ ചേർത്ത് നിർത്താൻ പുതിയ വഴികൾ നാം കണ്ടെത്തണം”.

### 2013 ഒക്ടോബർ 26 ന് സെന്റ് പീറ്റേഴ്സ് സ്കൊയറിൽ പാപ്പ പറഞ്ഞു

“യഥാർത്ഥ സ്നേഹം സ്നേഹിക്കുന്നതും സ്നേഹിക്കപ്പെടുന്നതുമാണ്. സ്നേഹിക്കുന്നതിനേക്കാൾ ദുഷ്കരമാണ് സ്നേഹിക്കപ്പെടൽ”.



തയ്യാറാക്കിയത് :
**ഡോ. ജോജു ജോൺ**
രൂപതാതല സുവിശേഷസംഘാംഗം,
തിരുവനന്തപുരം മേജർ അതിരൂപത

Printed and Published by Fr. Antony Kakkanatt, for the Syro Malankara Catholic Suvisesha Sangam, Catholicate Centre, Pattom, Trivandrum - 4. For Private Circulation only
For Contact Ph : 9447562877 Email : mcsuviseshasangam@gmail.com. Printed at St. Joseph's Press, Trivandrum-14